

മഹാകവി
കാളിദാസവിരചിതം

# വിക്രമോർവ്വശീയം

മഹാകവി കാളിദാസവിരചിതം

# വിക്രമോർവ്വശീയം

വിവർത്തനം

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

**E-book Published By**
**http://malayalamebooks.wordpress.com/**
**August 2011**

# ഉള്ളടക്കം

ആമുഖം ........ 3
ഒന്നാമങ്കം ........ 7
രണ്ടാമങ്കം ........ 29
മൂന്നാമങ്കം ........ 71
നാലാമങ്കം ........ 103
അഞ്ചാമങ്കം ........ 143

# ആമുഖം

**മഹാകവി കാളിദാസൻ:** ഭാരതീയകവികളിൽ മഹാകവി കാളിദാസനു തുല്യരായി ആരുമില്ല എന്നാണ് പണ്ഡിതമതം. ഇതിനെക്കുറിച്ച് സുപ്രസിദ്ധമായ ഒരു ശ്ലോകം കേട്ടിട്ടുണ്ട്.

**പുരാ കവീനാം ഗണനാപ്രസംഗേ**
**കനിഷ്ഠികാധിഷ്ഠിതകാളിദാസഃ**
**അദ്യാപി തത്തുല്യകവേരഭാവാത്**
**അനാമിക സാർഥവതീ ബഭൂവ**

പണ്ട് ഏതോ ഒരു വിദ്വാൻ സംസ്കൃതകവികളുടെ കണക്കെടുത്തപ്പോൾ ഏറ്റവും മികച്ച കവി എന്ന നിലയിൽ ചെറുവിരൽ കൊണ്ട് ആദ്യം എണ്ണിയത് കാളിദാസനെയാണ്. പിന്നീട് തത്തുല്യനായ മറ്റൊരു കവിയെ ലഭിക്കാഞ്ഞതിനാൽ അനാമികയുടെ – മോതിരവിരലിന്റെ – പേരു സാർത്ഥകമായി. (അനാമിക എന്ന വാക്കിന് പേരില്ലാത്തത് എന്നും അർഥമുണ്ട്. ആ വിരലിൽ എണ്ണാനായി കാളിദാസനു തുല്യനായ ഒരു കവിയുടെ പേര് ഇല്ലാതെ പോയതിനാൽ അനാമിക എന്ന പേരു സാർഥകമായി എന്നു സാരം).

**വിക്രമോർവ്വശീയം:** കാളിദാസകൃതികളിൽ കാവ്യകൃതികളെ അപേക്ഷിച്ച് നാടകങ്ങളാണ് സാമാന്യജനങ്ങളെയും പണ്ഡിതന്മാരെയും അധികമായി ആകർഷിച്ചിട്ടുള്ളത്. "കാവ്യേഷു നാടകം രമ്യം" എന്ന് കവിവചനവുമുണ്ടല്ലോ. കാളിദാസനാടകങ്ങളിൽ ഏറ്റവും ജനപ്രിയമായതും ഏറ്റവും അധികം ഭാഷകളിൽ പരിഭാഷകളുള്ളതും ശാകുന്തളത്തിനാണ്. അതിനുതൊട്ടുപിന്നാലെയാണ് വിക്രമോർവ്വശീയത്തിന്റെ സ്ഥാനം. മഹാരാജാവായ പുരൂരവസ്സും ഉർവ്വശിയെന്ന അപ്സരസ്സും പരസ്പരം പ്രണയബദ്ധരാകുന്നു. കാമുകനിൽ മനസ്സുറപ്പിച്ചിരുന്ന ഉർവ്വശി സ്വർലോകത്തിലെ തന്റെ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുകയും തന്മൂലം ശാപമേറ്റ് ഭൂമിയി!ൽ വരുകയും ചെയ്യുന്നു. പുരൂരവസ്സിന്റെ അഭ്യുദയകാംക്ഷിയായ ദേവേന്ദ്രന്റെ അനുഗ്രഹത്താൽ അവർ ഒന്നിച്ചുചേരുന്നുവെങ്കിലും ഒരു പ്രത്യേക സാഹചര്യത്തിൽ

ഉർവ്വശിക്കു വീണ്ടും പുരൂരവസ്സിനെ വിട്ടുപിരിയേണ്ട സ്ഥിതി സംജാതമാകുന്നു. ദേവേന്ദ്രന്റെ അനുഗ്രഹം മൂലം ഈ പ്രതിസന്ധിയെയും അവർ മറികടക്കുന്നു. ഇതാണ് വിക്രമോർവശീയം നാടകത്തിന്റെ ഇതിവൃത്തം. വിക്രമോർവശീയം എന്ന പേരിന്റെ അർത്ഥം "വിക്രമനായ (ശൂരനായ) പുരൂരവസ്സിന്റെയും ഉർവ്വശിയുടെയും കഥ" എന്നാണ്.

കാളിദാസന്റെ മറ്റു കൃതികളിലെന്നപോലെ പൗരാണികമായ ഒരു കഥയെ എടുത്ത് തന്റെ അനന്യമായ ശൈലിയിൽ അതിനെ മാറ്റി യെഴുതുകയാണ് വിക്രമോർവശീയത്തിലും കവി ചെയ്തിരിക്കുന്നത്. പുരൂരവസ്സിന്റെയും ഉർവ്വശിയുടെയും കഥ ഋഗ്വേദത്തിലും, പിന്നീട് ദേവീ ഭാഗവതം, ശ്രീമദ്ഭാഗവതം തുടങ്ങിയ പുരാണങ്ങളിലും, മഹാഭാരത ത്തിലും കാണപ്പെടുന്നുണ്ട്. എന്നാൽ അവയിൽ ചിത്രീകരിച്ചിരി ക്കുന്നതിൽനിന്നും വ്യത്യസ്തമായി ശുഭപര്യവസായിയായിട്ടാണ് കാളി ദാസൻ ഈ നാടകത്തിനെ രചിച്ചിരിക്കുന്നത്.

**കാളിദാസകൃതികൾ ഇബുക്ക് പ്രോജക്റ്റ്:** മഹാകവി കാളിദാസന്റെ കൃതികൾ മലയാളത്തിൽ അർത്ഥസഹിതം ഡിജിറ്റൈസ് ചെയ്യണമെന്ന് ഈ ബ്ലോഗിന്റെ സന്ദർശകരും, അഭ്യുദയകാംക്ഷികളും പലപ്പോഴും നിർദ്ദേശിച്ചിരുന്നു. 2011 ജൂലായ് 12-ന് കാളിദാസകൃതികളുടെ ഡിജിറ്റൈസേഷൻ പ്രോജക്ടിന് ആരംഭം കുറിച്ചു. കാളിദാസന്റെ കൃതികൾ മുഖ്യമായും ഏഴാണ്. – മൂന്ന് മഹാകാവ്യങ്ങളും, മൂന്നു നാടകങ്ങളും ഒരു ഖണ്ഡകാവ്യവും. അതിൽ മഹാകാവ്യങ്ങ!ൾ താരതമ്യേന വലുതായതിനാൽ തുടക്കത്തിൽ നാടകങ്ങൾ ഡിജിറ്റൈസ് ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ശാകുന്തളം, വിക്രമോർവശീയം, മാളവികാഗ്നിമിത്രം എന്നിവയാണല്ലോ കാളിദാസൻ വിരചിച്ച നാടകങ്ങൾ. അവയിൽ വിക്രമോർവശീയമാണ് ആദ്യമായി ഡിജിറ്റൈസ് ചെയ്തുതുടങ്ങിയത്. അതിന്റെ മാളവികാഗ്നിമിത്രത്തിന്റെയും ടൈപ്പിങ്ങ് രണ്ടാഴ്ചകൾക്കകം മിക്കവാറും പൂർത്തിയായെങ്കിലും സംസ്കൃത ത്തിലും പ്രാകൃതത്തിലുമുള്ള സംഭാഷണങ്ങൾ വളരെ ശ്രദ്ധിച്ചു പരിശോധിക്കേണ്ടിവന്നതിനാൽ പ്രൂഫ് റീഡിങ്ങ് വളരെ മന്ദഗതിയിലാണ് നീങ്ങിയത്. അതുകാരണമാണ് കാളിദാസകൃതികളിലെ ആദ്യത്തെ

ഇബുക്കായ വിക്രമോർവ്വശീയം ഈ ബ്ലോഗിൽ പോസ്റ്റ് ചെയ്യുന്നതിന് ഇത്രയും വൈകിയത്.

**വിക്രമോർവശീയം ഇ-ബുക്ക്:** വിക്രമോർവശീയത്തിന് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ രചിച്ചതും 1927-ൽ പ്രസിദ്ധീകരിക്കപ്പെട്ട തുമായ മലയാളപരിഭാഷയാണ് ഈ സന്ദർഭത്തിൽ ഇബുക്കായി പ്രസിദ്ധീകരിക്കുന്നത്. വിക്രമോർവശീയത്തിന്റെ പരിഭാഷയോടൊപ്പം ഈ കൃതിയുടെ സംസ്കൃതമൂലം മലയാളലിപിയിൽത്തന്നെ നല്കി യിട്ടുണ്ട്. ഭാസന്റെയും ഭവഭൂതിയുടെയും നാടകങ്ങളിലെന്നപോലെ കാളിദാസ നാടകങ്ങളിലും സ്ത്രീകഥാപാത്രങ്ങളുടെയും സേവകന്മാരു ടെയും മറ്റും സംഭാഷണം പ്രാകൃതഭാഷയിലാണ്. അതിന്റെ പരിഭാഷ (സംസ്കൃത ച്ഛായ) അതാതു സ്ഥലത്ത് ബ്രാക്കറ്റിൽ നല്കിയിട്ടുമുണ്ട്. ഇതു കൂടാതെ പ്രാകൃതത്തിലുള്ള നിരവധി ശ്ലോകങ്ങൾ മലയാള പരിഭാഷയിൽ കാണുന്നില്ല. ഇതിൽനിന്നും ഈ ശ്ലോകങ്ങളില്ലാതിരുന്ന ഏതോ ഒരു കൈയെഴുത്തുപ്രതിയെ അടിസ്ഥാനമാക്കിയായിരിക്കാം മലയാളപരിഭാഷ നിർവ്വഹിച്ചിട്ടുള്ളത് എന്നേ ഊഹിക്കുവാൻ നിവൃത്തി യുള്ളൂ.

പ്രാകൃതഭാഷയിലുള്ള ശ്ലോകങ്ങളും സംഭാഷണങ്ങളും കാളി ദാസന്റെ മറ്റു നാടകങ്ങളിലെന്നപോലെ ഈ കൃതിയിൽ ധാരാളമായി ഉള്ളതിനാൽ ഇതിന്റെ ടൈപ്പിങ്ങ് വളരെ ദുഷ്കരമായിരുന്നു. ക്ലേശ കരമായ ഈ കൃത്യം വളരെ ഉത്സാഹപൂർവ്വം നിർവഹിച്ച വിക്രമോർവശീയം ഡിജിറ്റൈസേഷൻ ടീമിലെ എല്ലാ അംഗങ്ങളോടും, ഇതിനായി ഞങ്ങളെ സദാ പ്രോത്സാഹനമേകിയ എല്ലാ സഹൃദയരോടും, വിക്രമോർവശീയം ഇ-ബുക്കിന് സുന്ദരമായ ഒരു കവർചിത്രം ഡിസൈൻ ചെയ്തുനല്കിയ സുഗേഷ് ആചാരിയോടുമുള്ള ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

-പ്രസാധകൻ

# പ്രഥമോ*f*ങ്കഃ

## പ്രസ്താവനാ

**വേദാന്തേഷു യമാഹുരേകപുരുഷം വ്യാപ്യ സ്ഥിതം രോദസീ**
**യസ്മിന്നീശ്വര ഇത്യനന്യവിഷയഃ ശബ്ദോ യഥാർത്ഥാക്ഷരഃ**
**അന്തര്യശ്ച മുമുക്ഷുഭിർന്നിയമിത പ്രാണാദിഭിർമൃഗ്യതേ**
**സ സ്ഥാണുഃ സ്ഥിരഭക്തിയോഗസുലഭോ നിശ്രേയസായാസ്തു വഃ** 1

(നാന്ദ്യന്തേ തതഃ പ്രവിശതി സൂത്രധാരഃ)

സൂത്രധാരഃ: (നേപഥ്യാഭിമുഖമവലോക്യ) മാരിഷ! ഇതസ്താവത്.

പാരിപാർശ്വികഃ: (പ്രവിശ്യ) ഭാവ! അയമസ്മി.

സൂത്രധാരഃ: മാരിഷ! പരിഷദേഷാ പുർവ്വേഷാം കവീനാം ദൃഷ്ട രസപ്രബന്ധാ. അഹമദ്യ കാളിദാസഗ്രഥിതവസ്തുനാ നവേന നാടകേനോപസ്ഥാസ്യേ. തദുച്യതാം പാത്രവർഗ്ഗഃ സ്വേഷു പാഠേഷ്വവഹിതൈർഭവിതവ്യമിതി.

പാരിപാർശ്വികഃ: യഥാജ്ഞാപയതി ഭാവഃ (നിഷ്ക്രാന്തഃ).

സൂത്രധാരഃ: യാവദിദാനീമാര്യമിശ്രാൻ വിജ്ഞാപയാമി (പ്രണിപത്യ).

**പ്രണയിഷു വാ ദാക്ഷിണ്യാദഥവാ സദ്വസ്തുപുരുഷബഹുമാനാത്**
**ശൃണുത ജനാ അവധാനാത് ക്രിയാമിമാം കാളിദാസസ്യ** 2

(നേപഥ്യേ)

അജ്ജാ! പരിത്താഅധ പരിത്താഅധ, ജോ സുരപക്ഖവാദീ, ജസ്സ വാ അംബരഅലേ ഗദീ അത്ഥി (ആര്യാഃ! പരിത്രായധ്വം പരിത്രായധ്വം, യഃ സുരപക്ഷപാതീ, യസ്യ വാംബരതലേ ഗതിരസ്തി.)

# ഒന്നാമങ്കം

## പ്രസ്താവന

**ലോകവ്യാപിയതെന്നു യാതൊരുവനെച്ചൊല്ലുന്നു വേദാന്തവും**
**മാഴ്കാതീശ്വരനെന്ന ശബ്ദമെവനിൽത്താനേ യഥാർത്ഥപ്പെടൂ;**
**ഏകാന്തേ കരണങ്ങൾവെന്നെവനെയുൾത്തേടുന്നു മോക്ഷാർത്ഥിമാ-**
**രേകട്ടേ പ്രിയഭക്തനാശ്ശിവനുടൻനിങ്ങൾക്കു നിഃശ്രേയസം. 1**

(നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു).

സൂത്രധാരൻ: (അണിയറയിലേക്കു നോക്കിയിട്ട്) മാരിഷ, ഇവിട ത്തോളം വരു.

പാരിപാർശ്വികൻ: (വന്നിട്ട്) ഇതാ ഞാൻ.

സൂത്രധാരൻ: മാരിഷ, ഈ സഭക്കാർ പണ്ടുള്ള കവികളുടെ പ്രബന്ധങ്ങളെ വളരെത്തവണ ആടിക്കണ്ടിട്ടുണ്ട്. അതുകൊണ്ട് കാളിദാസകൃതമായ 'വിക്രമോർവ്വശീയം' എന്നൊരു പുതിയ നാടകം ആടുവാൻ നിശ്ചയിച്ചിരിക്കുന്നു. താൻ പോയി ആട്ടക്കാരോട് അവരവരുടെ വേഷങ്ങളിൽ തെറ്റാതെ മനസ്സു വെക്കണമെന്നു പറയൂ.

പാരിപാർശികൻ: സ്വാമിയുടെ കല്പനപോലേ (പോകുന്നു).

സുത്രധാരൻ: എന്നാൽ ഞാൻ ഇപ്പോൾ ഈ സദസ്സിലുള്ള യോഗ്യന്മാരായ ആര്യന്മാരെ നമസ്കരിച്ചു ബോധിപ്പിക്കുന്നു.

**പ്രണയികളാണിവരെന്നൊരു**
**ഘൃണ വെച്ചോ, സാധുചരിതരുചിവാച്ചോ,**
**നനു കാളിദാസകൃതിയിതു**
**ശൃണുത മനംവെച്ചു ഭാഷയാക്കിയത്. 2**

(*അണിയറയിൽ: "ആരാണിതു ഭാഷാന്തരപ്പെടുത്തിയത്?")

സൂത്രധാരഃ: (കർണ്ണം ദത്വാ) അയേ! കിം ന ഖലു മദ്വിജ്ഞാപനാനന്തരമാർത്താനാം കുരരീണാമിവാകാശേ ശബ്ദഃ ശ്രൂയതേ?

**(മത്താനാം കുസുമരസേന ഷട്പദാനാം**
**ശബ്ദോഽയം, പരഭൃതനാദ ഏഷ ധീരഃ**
**ആകാശേ സുരഗണസേവിതേ സമന്താത്**
**കിം നാര്യഃ കളമധുരാക്ഷരം പ്രഗീതാഃ[1])** 3

(വിചിന്ത്യ) ഭവതു ജ്ഞാതം.

**ഊരൂദ്ഭവാ നരസഖസ്യ മുനേഃ സുരസ്ത്രീ**
**കൈലാസനാഥമുപസൃത്യ നിവർത്തമാനാ**
**ബന്ദീകൃതാ വിബുധശത്രുഭിരർദ്ധമാർഗ്ഗേ**
**ക്രന്ദത്യതഃ കരുണമപ്സരസാം ഗണോഽയം** 4

(നിഷ്ക്രാന്തഃ)

(ഇതി പ്രസ്താവനാ)

(തതഃ പ്രവിശന്ത്യപ്സരസഃ)

അപ്സരസഃ: അജ്ജാ! പരിത്താഅധ പരിത്താഅധ, ജോ സുരപക്ഖവാദീ, ജസ്സ വാ അംബരഅലേ ഗദീ അത്ഥി. (ആര്യാഃ! പരിത്രായധ്വം പരിത്രായധ്വം, യഃ സുരപക്ഷപാതീ, യസ്യ വാംബരതലേ ഗതിരസ്തി.)

(തതഃ പ്രവിശത്യപടീക്ഷേപേണ രാജാ, രഥേന സുതശ്ച)

രാജാ: അലമാക്രന്ദിതേന. സൂര്യോപസ്ഥാനനിവൃത്തം പുരൂരവസം മാമേത്യ കഥ്യതാം. കുതോ ഭവത്യഃ പരിത്രാതവ്യാ ഇതി.

രംഭാ: അസുരാവലേവാദോ. (അസുരാവലേപാത്)

രാജാ: കിം പുനരസുരാവലേപേന ഭവതീനാമപരാദ്ധം?

---

[1] ഈ പദ്യം വിവർത്തനം ചെയ്തിട്ടില്ല.

സൂത്രധാരൻ: (കേട്ടിട്ട്)

**(മഞ്ഞൊക്കും മലമങ്കയാളെ മനസാ താൻ വിശ്വസിച്ചേതുമേ**
**ഭഞ്ജിക്കാതെ ഭജിച്ചിടുന്നൊരു കൊടുങ്ങല്ലൂരിളാധീശ്വരൻ**
**കുഞ്ഞിക്കുട്ടനസാദ്ധ്യമാണൊരുവനാലെന്നാലുമീ നാടകം**
**രഞ്ജിക്കും രസമോടു കേരളമതിൽ ഭാഷപ്പെടുത്തീടിനാൻ)**[2] **3**

(അണിയറയിൽ. "ആര്യന്മാരേ, രക്ഷിക്കണേ! രക്ഷിക്കണേ!")

സൂത്രധാരൻ: ഏ!, എന്താണ് അകാരണമായി ആകാശത്തിൽ വിമാനചാരികളുടെ കരുണധ്വനി കേൾക്കുന്നത്? (ആലോചിച്ചിട്ട്) ഓ! മനസ്സിലായി.

**നാരായണാഖ്യമുനിതൻ തുടതന്നിലുണ്ടാ-**
**യോരാസ്സുരാംഗനയെ ദേവവിരോധിലോകം**
**നേരെ ഹരിച്ചിതളകാപതി സേവചെയ്തു**
**പോരുമ്പൊളാളികൾ തദാ കരയുന്നതാണ്** **4**

(പോകുന്നു.)

(പ്രസ്താവന കഴിഞ്ഞു)

(അനന്തരം അപ്സരസ്ത്രീകൾ പ്രവേശിക്കുന്നു.)

അപ്സരസ്ത്രീകൾ: രക്ഷിക്കണേ! രക്ഷിക്കണേ! ദേവകളുടെ കൂറ്റുകാരനും ആകാശത്തിൽ നടക്കാവുന്നവനുമായ ആൾ രക്ഷിക്കണേ!

(അനന്തരം രഥാരൂഢനായി രാജാവും സൂതനും പ്രവേശിക്കുന്നു.)

രാജാവ്: മതി മതി. നിലവിളിക്കണ്ട. ആദിത്യഭഗവാനെ കണ്ടു തൊഴുതു വരുന്ന പുരൂരവസ്സായ എന്റെ അടുക്കൽ വന്ന് എന്തിൽ നിന്നാണ് നിങ്ങളെ രക്ഷിക്കേണ്ടതെന്നു പറഞ്ഞാലും.

രംഭ: അസുരന്മാരുടെ മുഷ്ക്കിൽനിന്ന്.

രാജാവ്: അസുരന്മാരുടെ മുഷ്ക്ക് നിങ്ങൾക്കെന്തു പിഴച്ചു?

[2] ഈ വിവർത്തനവിവരണം മൂലത്തിലില്ല.

രംഭാ: സുണാദു മഹാരാഓ. ജാ തവോവിസേസസംകിദസ്സ സുഉമാരം പഹരണം മഹിന്ദസ്സ, പച്ചാദേസോ രുവഗവ്വിദാഏ സിരിഗോരിയേ, അലങ്കാരോ സഗ്ഗസ്സ, സാ ണോ പിയസഹീ ഉവ്വസീ കുബേരഭവണാദോ ണിവത്തമാണാ കേണവി ദാണവേണ ചിത്തലേഹാദു ദീയാ അദ്ധപഥേ ജ്ജേവ ബന്ദിഗ്ഗാഹം ഗഹീദാ. (ശൃണോതു മഹാരാജഃ യാ തപോ വിശേഷശങ്കിതസ്യ സുകുമാരം പ്രഹരണം മഹേന്ദ്രസ്യ, പ്രത്യാദേശോ രൂപശർവ്വിതയോഃ ശ്രീഗൗര്യോഃ അലംകാരഃ സ്വർഗ്ഗസ്യ, സാ നഃ പ്രിയ സഖ്യുർവ്വശീ കുബേരഭവനാന്നിവർത്ത മാനാ കേനാപി ദാനവേന ചിത്ര ലേഖാദ്വിതീയാ അർദ്ധപഥ ഏവ ബന്ദ്രി ഗ്രാഹം ഗൃഹീതാ.)

രാജാ: അപി ജ്ഞായതേ, കതമേന ദിഗ്വിഭാഗേന ഗതഃ സ ജാല്മ ഇതി?

അപ്സരസഃ: ഈസാണീഏ ദിസാഏ. (ഐശാന്യാ ദിശാ.)

രാജാ: തേന ഹി, മുച്യതാം വിഷാദഃ. യതിഷ്യേ വഃ സഖീ പ്രത്യാനയനായ.

അപ്സരസഃ: സരിസം ഏദം സോമവംസസംഭവസ്സ. (സദൃശമേതത് സോമവംശസംഭവസ്യ)

രാജാ: ക്വ പുനർമാം ഭവത്യഃ പ്രതിപാലയിഷ്യന്തി?

അപ്സരസഃ: ഏദസ്സിം ഹേമകൂടസിഹരേ. (ഏതസ്മിൻ ഹേമകൂട ശിഖരേ)

രാജാ: സൂത! ഐശാനീം ദിശം പ്രതി ചോദയാശ്വാനാശു ഗമനായ.

സൂതഃ: യദാജ്ഞാപയത്യായുഷ്മാൻ (ഇതി യഥോക്തം കരോതി).

രാജാ: (രഥവേഗം രൂപയിത്വാ) സാധു സാധു. അനേന രഥവേഗേന പൂർവ്വപ്രസ്ഥിതം വൈനതേയമപ്യാസാദയേയം, കിം പുനസ്തമപകാരിണം മഘോനഃ മമ –

**അഗ്രേ യാന്തി രഥസ്യ രേണുപദവീം ചൂർണിഭവന്തോ ഘനാ–**
**ശ്ചക്രഭ്രാന്തിരരാന്തരേഷു വിതനോത്യന്യാമിവാരാവലിം**
**ചിത്രാരംഭവിനിശ്ചലം ഹരിശിരസ്യായാമവച്ചാമരം**
**യഷ്ട്യഗ്രേ ച സമം സ്ഥിതോ ദ്വജപടഃ, പ്രാന്തേ ച വേഗാനിലാത്** **4**

രംഭ: മഹാരാജാവു കേട്ടാലും, തപോവിശേഷം കണ്ടു ശങ്കിക്കുന്ന ദേവേന്ദ്രന്മനോഹരമായ ആയുധമായും സൗന്ദര്യംകൊണ്ടു തള്ളിച്ച യുള്ള ശ്രീഭഗവതിയുടെ ഒരു നിന്ദയായും, സ്വർഗ്ഗത്തിന് ഒരലങ്കാര മായും ഞങ്ങളുടെ ഇഷ്ടതോഴിയായും ഇരിക്കുന്ന ഉർവ്വശിയെ ചിത്രലേഖ യോടുകൂടി അളകാപുരിയിൽനിന്നു പോരുംവഴി ഹിരണ്യപുരത്തിൽ താമസിക്കുന്ന കേശി എന്ന അസുരൻ ബലാത്കാരേണ പിടിച്ചു കൊണ്ടുപോയി.

രാജാവ്: ആ വികൃതി ഏതു വഴിക്കാണ് പോയതെന്നു വിവരമുണ്ടോ?

സഹജന്യ: കിഴക്കുവടക്കുകൂടിയാണ്.

രാജാവ്: എന്നാൽ വിഷാദം കളയു. ഞാൻ നിങ്ങളുടെ സഖിയെ തിരിച്ചുകൊണ്ടുവരുവാൻ നോക്കട്ടെ.

സ്ത്രീകൾ: ചന്ദ്രന്റെ പൗത്രനായ അങ്ങയ്ക്ക് ചേരുന്നതുതന്നെ യാണിത്.

രാജാവ്: നിങ്ങൾ പിന്നെ എന്നെ എവിടെ കാത്തുനില്ക്കും?

രംഭ: ഈ ഹേമകൂടത്തിന്റെ കൊടുമുടിയിൽ.

രാജാവ്: സൂത, ഈശാനകോണിലേക്ക് വേഗത്തിൽ കുതിരകളെ ഓടിക്കൂ.

സൂതൻ: തിരുമനസ്സിലെ കല്പനപോലെ (അങ്ങനെ ചെയ്യുന്നു).

രാജാവ്: (രഥവേഗം നടിച്ചിട്ട്) കൊള്ളാം. കൊള്ളാം. ഈ വേഗം കൊണ്ടു മുമ്പിൽ പറക്കുന്ന ഗരുഡനെയും കൂടി പിടിക്കാം. പിന്നെ യാണൊ ആ ദേവദ്രോഹിയെ? എന്റെ –

**അഗ്രത്തിൽ ബത തേർ തകർത്തു പൊടിയായ് മേഘങ്ങൾ പോകുന്നിതാ**
**ചക്രം ചുറ്റുകകൊണ്ടതിന്നില നിറച്ചുണ്ടെന്നു തോന്നുന്നു മേ**
**ഇക്കണ്ടശ്വമുഖത്തു ചിത്രമതുപോലാടാതെ വെൺചാമരം.**
**നിൽക്കുന്നൂ, കൊടിമേൽ വലിഞ്ഞു ജവമായ് കാറ്റിൽ കൊടിക്കൂറയും** 5

(നിഷ്ക്രാന്തോ രഥേന രാജാ സൂതശ്ച.)

സഹജന്യാ: ഹളാ! ഗദോ രാഏസീ. താ അംഹേ, വി ജധാ സംദിട്ഠം പദേസം ഗച്ഛംഹ. (ഹളാ! ഗതോ രാജർഷിഃ തദ്വയമപി യഥാസന്ദിഷ്ടം പ്രദേശം ഗച്ഛാമഃ)

മേനകാ: സഹി! ഏവ്വം കരേംഹ. (സഖി! ഏവം കുർമഃ)

(ഇതി ഹേമകൂടശിഖരേ നാട്യേനാധിരോഹന്തി)

രംഭാ: അവി ണാമ സോ രാഏസീ ഉദ്ധരദി ണോ ഹിഅഅ സല്ലം? (അപി നാമ സ രാജർഷിരുദ്ധരതി നോ ഹൃദയശല്യം).

മേനകാ: സഹി! മാ ദേ സംസഓ ഭോദു. (സഖി! മാ തേ സംശയോ ഭവതു.)

രംഭാ: ണം ദുജ്ജആ ദാണവാ (നനു ദുർജ്ജയാ ദാനവാഃ)

മേനകാ: ഉവട്ഠിദസംപരാഓ മഹിന്ദോ വി മജ്ഝമലോആദോ സബഹു മാണം ആണാവിഅ തം ഏവ്വ വിബുധിജആഅ സേണാമുഹേ ണിഓജേദി (ഉപസ്ഥിതസമ്പരായോ മഹേന്ദ്രോƒപി മധ്യമലോകാത് സബഹുമാനമാനായ്യ തമേവ വിബുധവിജയായ സേനാമുഖേ നിയുങ്ക്തേ.).

രംഭാ: സവ്വഹാ വിഅഈ ഭോദു. (സർവ്വഥാ വിജയീ ഭവതു.)

മേനകാ: (ക്ഷണമാത്രം സ്ഥിത്വാ) ഹളാ! സമസ്സസധ സമസ്സസധ. ഏസ ഉല്ലസിദഹരിണകേദണോ തസ്സ രായേസിണോ സോമദത്തോ രഹോ ദീസദി. ണ ഏസോ അകിദത്ഥോ പഡിണിവത്തി സ്സദി ത്തി തക്കേമി. (സഖ്യഃ! സമാശ്വതിസ സമാശ്വസിത. ഏഷ ഉല്ലസിത ഹരിണകേതനസ്തസ്യ രാജർഷേഃ സോമദത്തോ രഥോ ദൃശ്യതേ. നൈഷോƒകൃതാർത്ഥഃ പ്രതിനിവർത്തിഷ്യത ഇതി തർക്കയാമി).

(നിമിത്തം സൂചയിത്വാവലോകയന്ത്യഃ സ്ഥിതാഃ)

(തതഃ പ്രവിശതി രഥാരൂഢോ രാജാ സൂതശ്ച. ഭയനിമീലതാക്ഷീ ചിത്രലേഖാ ദക്ഷിണഹസ്താവലംബിതാ ഉർവ്വശീ ച.)

ചിത്രലേഖാ: സഹി! സമസ്സസ സമസ്സസ. (സഖി! സമാശ്വസിഹി സമാശ്വ സിഹി.)

രാജാ: സുന്ദരി! സമാശ്വസിഹി

**ഗതം ഭയം ഭീരു! സുരാരിസംഭവം ത്രിലോകരക്ഷീ മഹിമാ ഹി വ്രജിണഃ**
**തദേതദുന്മീലയ ചക്ഷുരായതം നിശാവസാനേ നളിനീവ പങ്കജം. 5**

(രാജാവും സൂതനും പോയി.)

രംഭ: പറഞ്ഞ ദിക്കിലേക്കു നമുക്കു പോവുക.

എല്ലാവരും: അങ്ങനെതന്നെ

(എല്ലാവരും മലമുകളിൽ കയറുന്നു.)

രംഭ: ആ രാജർഷി നമ്മുടെ ഹൃദയശല്യം പറിച്ചുകളയില്ലേ?

മേനക: നിനക്കു സംശയം വേണ്ട. യുദ്ധം അടുക്കുമ്പോൾ ദേവേന്ദ്രൻ ഭൂമിയിലുള്ള രാജാക്കന്മാരിൽവെച്ച് അദ്ദേഹത്തെ കല്പിച്ച് വിജയസേനയുടെ മുമ്പിൽ നിർത്തുക പതിവാണല്ലോ!

സഹജന്യ: (മുമ്പിൽ നോക്കീട്ട്) തോഴിമാരേ, ആശ്വസിക്കുവിൻ. ഇതാ മാനാകുന്ന ഉയർന്ന കൊടി അടയാളത്തോടുകൂടിയ ആ രാജർഷിയുടെ സോമദത്തമായ തേർ കാണുന്നു. അദ്ദേഹം കാര്യം സാധിച്ചല്ലാതെ പിൻതിരിച്ചുവരില്ല. തീർച്ചതന്നെ.

(എല്ലാവരും മേല്പോട്ടു നോക്കുന്നു. അനന്തരം നിലച്ച വേഗത്തോടുകൂടിയ തേരിൽ കയറി രാജാവും സൂതനും, ചിത്രലേഖ താങ്ങിക്കൊണ്ടു ഭയപ്പെട്ടു കണ്ണടച്ച ഉർവ്വശിയും പ്രവേശിക്കുന്നു.)

ചിത്രലേഖ: തോഴി. ആശ്വസിക്കൂ. ആശ്വസിക്കൂ.

**രാജാവ്:** **ഒഴിഞ്ഞു തേ ദൈത്യഭയം ജഗത്ത്രയം**
**വഴിക്കു കാക്കും വലവൈരിവൈഭവാൽ**
**മിഴിക്കുകീ നീണ്ടൊരു കണ്ണു, പൊയ്ക രാ–**
**വൊഴിഞ്ഞിടുമ്പോൾ കമലം കണക്കിനേ** 6

ചിത്രലേഖാ: അമ്മഹേ! കഹം ഉസ്സസിദമേത്തസംഭാവിദജീവിദാ അജ്ജവി ഏസാ സണ്ണം ണ പഡിവജ്ജദി. (അഹോ! കഥമുച്ഛ്വസിതമാത്രസംഭാവിത ജീവിതാ അദ്യാപ്യേഷാ സംജ്ഞാം ന പ്രതിപദ്യതേ.)

രാജാ: ബലവദത്രഭവതീ പരിത്രസ്താ തഥാ ഹി

**മന്ദാരകുസുമദാമ്നാ സുരുരസ്യാഃ സൂച്യതേ ഹൃദയകമ്പഃ**
**മുഹുരുച്ഛ്വസതാ മദ്ധ്യേ പരിണാഹവതോഃ പയോധരയോഃ** 6

ചിത്രലേഖാ: (സകരുണം) ഹളാ ഉവ്വസി! പജ്ജവത്ഥാവേഹി അത്താണം. അണച്ഛരാ വിഅ പഡിഭാസി (സഖി ഉർവ്വശി! പര്യവ സ്ഥാപയാത്മാനം അനപ്സരാ ഇവ പ്രതിഭാസി.)

**രാജാ: മുഞ്ചതി ന താവദസ്യാ ഭയകമ്പഃ കുസുമകോമളം ഹൃദയം**
**സിചയാന്തേന കഥഞ്ചിത് സ്തനമദ്ധ്യോച്ഛ്വസിനാ കഥിതഃ** 7

(ഉർവ്വശി പ്രത്യാഗച്ഛതി)

രാജാ: (സഹർഷം) ചിത്രലേഖേ! ദിഷ്ട്യാ വർദ്ധസേ,
പ്രകൃതിമാപന്നാ തേ പ്രിയസഖീ, പശ്യ –

**ആവിർഭൂതേ ശശിനി തമസാ മുച്യമാനേവ രാത്രിർ**
**നൈശസ്യാർച്ചിർ ഹുതഭുജ ഇവ ച്ഛിന്നഭൂയിഷ്ഠധൂമാ**
**മോഹേനാന്തർവരതനുരിയം ലക്ഷ്യതേ മുക്തകല്പാ**
**ഗംഗാ രോധഃപതനകലുഷാ ഗൃഹ്ണതീവ പ്രസാദം** 8

ചിത്രലേഖാ: സഹി ഉവ്വസി! വീസദ്ധാ ഭവ. പരാഭുദാ ക്ഖു തിദസ പരിപന്ഥിണോ ഹദാസാ. (സഖി ഉർവ്വശി! വിസ്രബ്ധാ ഭവ. പരാഭൂതാഃ ഖലു ത്രിദശപരിപന്ഥിനോ ഹതാശാഃ)

ഉർവ്വശി: (ചക്ഷുഷീ ഉന്മീല്യ) കിം പഹാവദംസിണാ മഹിന്ദേണ അബ്ഭുവപണ്ണംഹി? (കിം പ്രഭാവദർശിനാ മഹേന്ദ്രേണാഭ്യുപപന്നാസ്മി?)

ചിത്രലേഖാ: ണ മഹിന്ദേണ. മഹിന്ദസരിസാണുഭാവേണ ഇമിണാ രായേസിണാ പുരൂരവസേണ. (ന മഹേന്ദ്രേണ. മഹേന്ദ്രസദൃശാനുഭാവേന അനേന രാജർഷിണാ പുരൂരവസാ.)

ചിത്രലേഖ: അയ്യോ, ശ്വാസം മാത്രമേയുള്ളു. ഇവൾക്ക് ഇപ്പോഴും വെളിവു വീഴുന്നില്ലല്ലോ.

രാജാവ്: അല്ലേ, ഇവൾ നന്നേ പേടിച്ചിട്ടുണ്ട്.

**മങ്കകൾമണിയുടെ മനതാ–**
**രിങ്കൽ നിലച്ചില്ല വിറയിതേവരെയും;**
**കാൺക ഹരിചന്ദനം കുളുർ–**
**കൊങ്കയിലിളകുന്നതുണ്ടു പറയുന്നു 7**

ചിത്രലേഖ: തോഴി മനസ്സുറപ്പിക്കൂ. നീ ഒരപ്സരസ്സല്ലെന്നു തോന്നുന്നുവല്ലോ.

(ഉർവ്വശിക്കും തന്റേടം ഉണ്ടാകുന്നു.)

രാജാവ്: അല്ലേ, നിന്റെ സഖിക്കു വെളിവുണ്ടാകുന്നുണ്ട്. നോക്കൂ.

**ചന്ദ്രൻ വന്നിട്ടിരുളതൊഴിയും രാത്രിയെപ്പോലെ രാവിൽ–**
**ച്ചിന്നിപ്പൊങ്ങും പുകമുറിയുമാപ്പാവകജ്വാലപോലെ**
**ഇന്നീ മോഹം കുറവു കുറവായ്ത്തന്നിവി നന്നായി, തീരം**
**ഭിന്നിപ്പിച്ചാക്കലുഷതയൊഴിഞ്ഞേന്തിടും ഗംഗപോലെ 8**

ചിത്രലേഖ: തോഴി, വിശ്വാസത്തോടുകൂടി ഇരിക്കൂ. ആ വികൃതികളായ ശത്രുക്കളെ ഒക്കെ മടക്കി ഓടിച്ചു.

ഉർവ്വശി: (കണ്ണുമിഴിച്ചിട്ട്) ഐശ്വര്യംകൊണ്ട് എല്ലാം കാണുന്നു ദേവേന്ദ്രനോ?

ചിത്രലേഖ: തോഴി, ദേവേന്ദ്രനല്ല, ദേവേന്ദ്രനെപ്പോലെതന്നെ ഐശ്വര്യമുള്ള ഈ പുരൂരവസ്സു രാജർഷിയാണ്.

ഉർവ്വശി: (രാജാനമവലോക്യ ആത്മഗതം) ഉവകിദം ക്ഖു ദാണവേഹിം. (ഉപകൃതം ഖലു ദാനവൈഃ)

രാജാ: (ഉർവ്വശീം വിലോക്യ ആത്മഗതം) സ്ഥാനേ ഖലു നാരായണമൃഷിം വിലോഭയന്ത്യസ്തദൂരുസംഭവാമിമാം ദൃഷ്ട്വാ വ്രീഡിതാഃ സർവ്വാ അപ്സരസ ഇതി. അഥവാ, നേയം തപസ്വിനഃ സൃഷ്ടിർ ഭവിതുമർഹതി കുതഃ

**അസ്യാഃ സർവ്വവിധൗ പ്രജാപതിരഭൂച്ചന്ദ്രോ നു കാന്തിപ്രദഃ**
**ശൃംഗാരൈകരസഃ സ്വയം നു മദനോ, മാസോ നു പുഷ്പാകരഃ**
**വേദാഭ്യാസ ജഡഃ കഥം നു വിഷയവ്യാവൃത്തകൗതൂഹലോ**
**നിർമ്മാതും പ്രഭവേന്മനോഹരമിദം രൂപം പുരാണോ മുനിഃ** 9

ഉർവ്വശി: ഹളാ ചിത്തലേഹേ! സഹീഅണോ കഹിം ക്ഖു ഭവേ? (സഖി ചിത്രലേഖേ! സഖിജനഃ കുത്ര ഖലു ഭവേത്!)

ചിത്രലേഖാ: സഹി! അഭഅപ്പദായീ മഹാരാഓ ജാണാദി (സഖി! അഭയപ്രദായീ മഹാരാജോ ജാനാതി.)

രാജാ: (ഉർവ്വശീം വിലോക്യ) മഹതി വിഷാദേ വർത്തതേ സഖീജനഃ, പശ്യതു ഭവതീ –

**യദൃച്ഛയാ ത്വം സകൃദപ്യവന്ധ്യയോഃ**
**പഥി സ്ഥിതാ സുന്ദരി! യസ്യ നേത്രയോഃ**
**ത്വയാ വിനാ സോഽപി സമുത്സുകോ**
**ഭവേത്സഖീജനസ്തേ കിമുതാർദ്രസൗഹൃദഃ** 10

ഉർവ്വശി: (ആത്മഗതം) അഭിജാതം ക്ഖു സേ വഅണം അഹവാ, ചന്ദാദോ അമിഅം ത്തി കിം അച്ചരിഅം? (അഭിജാതം ഖല്വസ്യ വചനം. അഥവാ, ചന്ദ്രാദമൃതമിതി കിമാശ്ചര്യം). (പ്രകാശം). അദോ ഏവ്വ മേ പേക്ഖിദും തുവരദി ഹിഅഅം (അത ഏവ മേ പ്രേക്ഷിതും ത്വരതേ ഹൃദയം.)

രാജാ: (ഹസ്തേന ദർശയൻ)

**ഏതാഃ സുതനു! മുഖം തേ സഖ്യഃ പശ്യന്തി ഹേമകൂടഗതാഃ**
**ഉത്സുകനയാനാ ലോകാശ്ചന്ദ്രമിവോപപ്ലവാന്മുക്തം.** 11

ചിത്രലേഖാ: ഹളാ! പേക്ഖ (ഹളാ! പ്രേക്ഷസ്വ.)

ഉർവ്വശി: (രാജാവിനെ നോക്കീട്ടു വിചാരം) അസുരനെനിക്ക് ഉപകാരം തന്നെയാണ് ചെയ്തത്.

രാജാവ്: (ഉർവ്വശിയെ നോക്കി വിചാരം) നാരായണമഹർഷി യുടെ തപസ്സിളക്കാൻപോയ അപ്സരസ്ത്രീകളൊക്കെ അദ്ദേഹത്തിന്റെ തുടയിൽ നിന്നുണ്ടായ ഇവളെ കണ്ടിട്ടു നാണിച്ചുപോയി എന്നുള്ളതു ശരിതന്നെ. അഥവാ ഇവളൊരു തപസ്വി സൃഷ്ടിച്ചവളാവാൻ പാടില്ലെന്നും തോന്നു ന്നുണ്ട്.

**ഭംഗ്യാ ഭാസുരഗാത്രിയാകുമിവളെസ്സൃഷ്ടിച്ചവൻ ബ്രഹ്മനോ?**
**ശൃംഗാരി സ്മരനോ? സിതാംശു ഭഗവാൻതാനോ? വസന്താഖ്യനോ?**
**മങ്ങാതോർത്തു മുഷിഞ്ഞിരുന്നുരു കഴിച്ചീഗ്ഗന്ധമില്ലാത്തൊരാ–**
**ച്ചങ്ങാതിക്കിഴവൻ മുനിക്കിവളെ നിർമ്മിപ്പാൻ തനിച്ചാകുമോ? 9**

ഉർവ്വശി: ആ സഖീജനം എവിടെയായിരിക്കും?

ചിത്രലേഖ: അഭയം തന്ന മഹാരാജാവിനറിയാം.

രാജാവ്: (ഉർവ്വശിയെ നോക്കിയിട്ട്) അവർ വലിയ വിഷാദത്തിൽ ഇരിക്കുന്നു അങ്ങു നോക്കൂ:

**ഒരിക്കലെങ്ങാണ്ടയി നിന്നെയങ്ങു ക–**
**ണ്ടിരിക്കിലാക്കണ്ണുടയോനു സുന്ദരി**
**മരിക്കുവോളം പിരിയുമ്പോളിണ്ടലാ–**
**മുരയ്ക്കുവല്ലിഷ്ടസഖീജനത്തിനോ? 10**

ഉർവ്വശി: (വിചാരം) ഇദ്ദേഹത്തിന്റെ വാക്ക് അമൃതുതന്നെ. അല്ലെ ങ്കിൽ, ചന്ദ്രനിൽനിന്ന് അമൃതുണ്ടാകുന്നതിൽ എന്താണത്ഭുതം? (സ്പഷ്ടം) അതുകൊണ്ടുതന്നെയാണ് ആ ജനത്തെ കാണ്മാൻ എന്റെ മനസ്സു പരിഭ്രമിക്കുന്നത്.

രാജാവ്: (കൈകൊണ്ടു ചൂണ്ടിക്കാണിച്ചുകൊണ്ട്)

**ഈ ഹേമകൂടമുകളിൽ സഹചരിമാർ നിൻമുഖത്തെ നോക്കുന്നു**
**ഗ്രഹണം വിട്ടു തെളിഞ്ഞൊരു മഹിതശരച്ചന്ദ്രനെപ്പോലെ 11**

ചിത്രലേഖ: എന്താണ് നോക്കുന്നത്?

ഉർവ്വശി: (രാജാനം സസ്പൃഹം പശ്യന്തീ) സമദുക്ഖോ പിവഇവ്വ മം ണഅണേഹിം (സമദുഃഖഃ പിബതീവ മാം നയനാഭ്യാം)

ചിത്രലേഖാ: (സാകൂതം) അയി! കോ? (അയി! കഃ?)

ഉർവ്വശി: ണം സഹീഅണോ. (നനു സഖീജനഃ)

രംഭാ: (സഹർഷമവലോക്യ) ഹളാ! ചിത്തലേഹാദുദീയം ഉർവ്വസീം ഗേൺഹിഅ വിസാഹാസഹിദോ വിഅ ചന്ദോ സമുവട്ഠി ദോ രാ ഏസി. (ഹളാ! ചിത്തലേഖാദ്വിതീയാമുർവ്വശീം ഗൃഹീത്വാ വിശാഖാസഹിത ഇവ ചന്ദ്രഃ സമുപസ്ഥിതോ രാജർഷിഃ)

മേനകാ: (നിർവ്വർണ്ണ്യ) ഹളാ! ദുവേ വി ണോ ഏത്ഥ പിആ ഉവണ ദാ. ഇഅം പച്ചാണീദാ പിഅസഹീ. അഅം അ അപരിക്ഖദ സരീരോ രാഏസി. (ഹളാ! ദ്വേ അപി നോ$f$ത്ര പ്രിയേ ഉപനതേ. ഇയം പ്രത്യാനീതാ പ്രിയസഖീ. അയം ചാപരിക്ഷത ശരീരോ രാജർഷിഃ)

സഹജന്യാ: സഹി! സുട്ഠു ഭണാസി, ദുജ്ജഅ്വാ ദാണവാ ത്തി. (സഖി! സുഷ്ഠു ഭണസി, ദുർജ്ജയാ, ദാനവാ ഇതി.)

രാജാ: സൂത! ഇദം തച്ഛൈലശിഖരം. അവതാരയ രഥം.

സൂതഃ: യദാജ്ഞാപയത്യായുഷ്മാൻ (ഇതി തഥാ കരോതി).

രാജാ: (ചക്രാദ്ഘാതം രൂപയിത്വാ സ്വഗതം) ഹന്ത! സഫലോ മേ വിഷമാവതാരഃ

**യദയം രഥസംക്ഷോഭാദംസേനാംസോ രഥോപമശ്രോണ്യാഃ**
**സ്പൃഷ്ടഃ സരോമവിക്രിയമങ്കുരിതം മനസിജേനേവ** 12

ഉർവ്വശി: (സവ്രീഡം) ഹളാ! കിം വി പരാദോ ഓസര (ഹളാ! കിമപി പരതോ$f$പസര.)

ചിത്രലേഖാ: (സസ്മിതം) ണാഹം സക്കുണോമി (നാഹം ശക്നോമി)

രംഭാ: ഏത്ഥ പി അആരിണം സംഭാവേംഹ രാഏസിം (അത്ര പ്രിയ കാരിണം സംഭവായാമോ രാജർഷിം.)

(സർവ്വാ ഉപസർപ്പന്തി)

ഉർവ്വശി: (ഉർവ്വശി രാജാവിനെ അഭിലാഷത്തോടു കൂടി നോക്കീട്ട്.) സമ ദുഃഖസുഖമാണിജ്ജനം.

ചിത്രലേഖ: ഏ, ഏത്?

ഉർവ്വശി: സഖീജനം

രംഭ: (സന്തോഷത്തോടുകൂടി) തോഴിമാരേ, ഇതാ ചിത്രലേഖയോടു കൂടിയ ഉർവ്വശിയെയും കൊണ്ടു വിശാഖകളോടുകൂടിയ ചന്ദ്രനെന്ന പോലെ രാജർഷി എത്തിയിരിക്കുന്നു.

മേനക: (നോക്കീട്ട്) നമുക്കു രണ്ടിഷ്ടവും സാധിച്ചു. ഈ ഇഷ്ടയായ തോഴി തിരിയെ വരികയും ചെയ്തു. ആ രാജർഷിക്ക് ഒരു മുറികൂടി പറ്റീട്ടില്ല താനും.

സഹജന്യ: നീ പറഞ്ഞതു ശരിയാണ്. അസുരന്മാരെ ജയിപ്പാൻ വളരെ ദുർഘടമാണല്ലോ.

രാജാവ്: സൂത, ഇതാണു പർവ്വതത്തിന്റെ കൊടുമുടി, തേരിറങ്ങട്ടെ.

സൂതൻ: തിരുമനസ്സിലെ കല്പന പോലെ (പറഞ്ഞപോലെ ചെയ്യുന്നു.)

(ഉർവ്വശി രഥാവതരണക്ഷോഭം നടിച്ചു രാജാവിനെ അവലംബിക്കുന്നു.)

രാജാവ്: ആവൂ, എന്റെ മനുഷ്യജന്മം സഫലമായി.

**തേരിളകീടുകയാൽ മേ തേരൊളികടിയാളു തന്റെ ചുമൽ ചുമലിൽ**
**ഉരസിക്കുളുർമയിർ കോരീ സരസിജവിശിഖൻ മുളച്ച മുള പോലെ 12**

ഉർവ്വശി: (നാണത്തോടുകൂടീട്ട്) തോഴി, കുറച്ചു മുമ്പോട്ടു കയറി നിൽക്കൂ.

ചിത്രലേഖ: (പുഞ്ചിരിയോടുകൂടി) എനിക്കു വയ്യാ.

രംഭ: ഇവിടെവെച്ചു നമുക്കു രാജർഷിയെ സൽക്കരിക്കുക.

(എല്ലാവരും അടുത്തുചെല്ലുന്നു)

രാജാ: സൂത! ഉപശ്ലേഷയ രഥം.

**യാവത് പുനരിയം സുഭ്രൂരുത്സുകാഭിഃ സമുത്സുകാ**
**സഖീഭിർയാതി സമ്പർക്കം ലതാഭിഃ ശ്രീരിവാർത്തവീ** 13

(സൂതോ രഥം സ്ഥാപയതി)

അപ്സരസഃ: ദിട്ഠി ആ മഹാരാഓ വിഅഏണ വട്ഢദി. (ദിഷ്ട്യാ മഹാരാജോ വിജയേന വർദ്ധതേ.)

രാജാ: ഭവത്യശ്ച സഖീസമാഗമേന.

ഉർവ്വശി: (ചിത്രലേഖാദത്തഹസ്താവലംബാ രഥാദവതീര്യ) ഹളാ! ഏധ. പീഡിദം മം പരിസ്സജഹ. ണ ക്ഖു മേ ആസീ ആസാ. ജഹാ ഭൂഓ വി സഹിഅണം പേക്ഖിസ്സം ത്തി. (ഹളാ! ഏത. പീഡിതം മാം പരിഷ്വജധ്വം. ന ഖലു മേ ആസീദാശാ യഥാ ഭൂയോ$f$പി സഖീ ജനം പ്രേക്ഷിഷ്യ ഇതി.)

(സഖ്യഃ പരിഷ്വജന്തേ.)

രംഭാ: (സാശംസം) സവ്വഹാ കപ്പസദം മഹാരാഓ പുഹവിംപാല അന്തോ ഹോദു. (സർവ്വഥാ കല്പശതം മഹാരാജഃ പൃഥിവീം പാലയൻ ഭവതു)

സൂതഃ: ആയുഷ്മൻ, പൂർവ്വസ്യാം ദിശി മഹതാ രഥവേഗേ-നോപദർശിതഃ ശബ്ദഃ.

**അയം ച ഗഗനാത് കോ$f$പി തപ്തചാമീകരാംഗദഃ**
**അവരോഹതി ശൈലാഗ്രം തഡിത്വാനിവ തോയദഃ** 14

അപ്സരസഃ: (പശ്യന്ത്യഃ) അമ്മോ! ചിത്തരഥോ (അഹോ! ചിത്ര രഥഃ)

(തതഃ പ്രവിശതി ചിത്രരഥഃ)

ചിത്രരഥഃ: (രാജാനം ദൃഷ്ട്വാ സബഹുമാനം) ദിഷ്ട്യാ മഹേന്ദ്രോപ കാരപര്യാപ്തേന വിക്രമമഹിമ്നാ വർദ്ധതേ ഭവാൻ.

രാജാ: അയേ! ഗന്ധർവ്വരാജഃ! (രഥാദവതീര്യ) സ്വാഗതം പ്രിയ സുഹൃദേ. (പരസ്പരം ഹസ്തൗ സ്പൃശതഃ)

രാജാവ്: സൂത, തേരു നിർത്തൂ.

**ചേരട്ടേ കൊതിയോടാശയേറും തോഴികളോടിവൾ**
**പരാതൃതുശ്രീലതകൾ ചേരുന്നോരുകണക്കിനെ** 13

സൂതൻ: ഏറാൻ (അങ്ങനെ ചെയ്യുന്നു.)

അപ്സരസ്സുകൾ: മഹാരാജാവു ജയം കൊണ്ടു വളരുന്നു.

രാജാവ്: നിങ്ങൾ സഖീസമാഗമം കൊണ്ടും.

ഉർവ്വശി: (ചിത്രലേഖയുടെ കൈ പിടിച്ച് തേരിൽനിന്നിറങ്ങീട്ട്)

തോഴിമാരേ, നന്നായൊന്നാലിംഗനം ചെയ്വിൻ. തോഴിമാരെ ഇനി കാണാമെന്നുള്ള ആശപോലും എനിക്കുണ്ടായിരുന്നില്ല.

(എല്ലാവരും ആലിംഗനം ചെയ്യുന്നു.)

രംഭ: എങ്ങനെയെങ്കിലും മഹാരാജാവിനു വളരെക്കാലം ഭൂമിയെ രക്ഷിപ്പാൻ സംഗതിവരട്ടെ.

സൂതൻ: തിരുമനസ്സുകൊണ്ട് കിഴക്കേപ്പുറത്തു തേരോടിക്കുന്ന ശബ്ദം കേൾപ്പാനുണ്ട്.

**പൊന്നിൻ തോൾവളയിട്ടാരോ**
**മന്ദം മാനത്തിൽനിന്നിതാ**
**കുന്നിന്മേൽ വന്നിറങ്ങുന്നു**
**മിന്നൽക്കാറുകണക്കിനെ** 14

അപ്സരസ്സുകൾ: ഹെയ്, ചിത്രരഥൻ.

(അനന്തരം ചിത്രരഥൻ പ്രവേശിക്കുന്നു.)

ചിത്രരഥൻ: (രാജാവിനെ നോക്കീട്ട്) ദേവന്ദ്രനുപകാരം ചെയ്വാൻ തക്ക വിക്രമമഹിമാവു കൊണ്ട് അങ്ങ് വളരുന്നു.

രാജാവ്: ഏ, ഗന്ധർവ്വരാജാവോ? പ്രിയസ്നേഹിതനായിക്കൊണ്ടു സ്വാഗതം. (രണ്ടുപേരും തേരിൽനിന്നിറങ്ങി തമ്മിൽ കൈപിടിക്കുന്നു.)

ചിത്രരഥഃ: വയസ്യ! കേശിനാ ഹൃതാമുർവ്വശീം നാരദാദുപശ്രുത്യ പ്രത്യാഹരണാർഥമസ്യാഃ ശതക്രതുനാ ഗന്ധർവ്വസേനാ സമാദിഷ്ടാ. തതോ വയമന്തരാ ചാരണേഭ്യസ്ത്വദീയം ജയോദാഹരണം ശ്രുത്വാ ത്വാമിഹസ്ഥമുപാഗതാഃ. സ ഭവാനിമാം പുരസ്കൃത്യ സഹാസ്മാഭിർ മഘവന്തം ദ്രഷ്ടുമർഹതി, മഹത് ഖലു തത്ര ഭവതോ മഘോനഃ പ്രിയമനുഷ്ഠിതം ഭവതാ. പശ്യ –

**പുരാ നാരായണേനേയമതിസൃഷ്ടാ മരുത്വതേ**
**ദൈത്യഹസ്താദപാച്ഛിദ്യ സുഹൃദാ സംപ്രതി ത്വയാ** 15

രാജാ: സഖേ! മൈവം –

**നനു വജ്രിണ ഏവ വീര്യമേതദ്വിജയന്തോ ദ്വിഷതോ യദസ്യ പക്ഷ്യാഃ**
**വസുധാധരകന്ദരാദ്വിസർപ്പീ പ്രതിശബ്ദോƒപി ഹരേർഹിനസ്തി നാഗാൻ** 16

ചിത്രരഥഃ: യുക്തമേതത്. അനുത്സേകഃ ഖലു വിക്രമാലങ്കാരഃ.

രാജാ: സഖേ, നായമവസരോ മമ ശതക്രതും ദ്രഷ്ടും. അതസ്ത്വമേവാത്ര ഭവതീം പ്രഭോരന്തികം പ്രാപയ.

ചിത്രരഥഃ: യഥാ ഭവാൻ മന്യതേ. ഇത ഇതോ ഭവത്യഃ.

(അപ്സരസഃ പ്രസ്ഥിതാഃ)

ഉർവ്വശി: (ജനാന്തികം) ഹളാ ചിത്തലേഹേ! ഉവആരിണം രാഏസിം ണ സക്കുണോമി ആമന്തേദും. താ തുമം ഏവ്വ മേ മുഹം ഹോഹി.(ഹളാ ചിത്രലേഖേ! ഉപകാരിണം രാജർഷിം ന ശക്നോമ്യാമന്ത്രയിതും. തത് ത്വമേവ മേ മുഖം ഭവ).

ചിത്രലേഖാ: (രാജാനമുപേത്യ) മഹാരാജ! ഉർവ്വസീ വിണ്ണവേദി 'മഹാരാഏണ അബ്ഭണുണ്ണാദാ ഇച്ഛാമി പിഅസഹിം വിഅ മഹാരാഅസ്സ കിത്തിം സുരലോഅം ണേദും' (മഹാരാജ! ഉർവശീ വിജ്ഞാപയതി 'മഹാരാജേനാഭ്യനുജ്ഞാതേച്ഛാമി പ്രിയസഖീമിവ മഹാരാജസ്യ കീർത്തിം സുരലോകം നേതും.')

രാജാ: ഗമ്യതാം പുനർദർശനായ.

(സർവ്വാഃ സഗന്ധർവ്വാ ആകാശോത്പതനം രൂപയന്തി)

ചിത്രരഥൻ: തോഴരേ, ഉർവ്വശിയെ കേശി പിടിച്ചുകൊണ്ടുപോയി എന്ന് നാരദൻ പറഞ്ഞുകേട്ട് അദ്ദേഹത്തെ തിരിച്ചുകൊണ്ടു വരുവാൻ വേണ്ടി ഇന്ദ്രൻ ഗന്ധർവ്വസൈന്യത്തെ കൽപിച്ചയച്ചു, പിന്നെ ഞങ്ങൾ അങ്ങയുടെ വിജയവർത്തമാനം ചാരണന്മാർ പറഞ്ഞു കേട്ട് ഇവിടേയ്ക്ക് അങ്ങേക്കാണ്മാൻ പുറപ്പെട്ടതാണ്. ഇനി അങ്ങ് ഇദ്ദേഹത്തെയും മുന്നിലാക്കിക്കൊണ്ട് ഞങ്ങളൊരുമിച്ച് ഇന്ദ്രനെക്കാണേണ്ടതാണ്. ഇന്ദ്രന് വലിയൊരിഷ്ടമാണല്ലോ അങ്ങീ ചെയ്തത്.

**പണ്ടാ നാരായണൻ നൽകി ക്കൊണ്ടാനിവളെയിന്ദ്രനായ്;**
**അണ്ടർവൈരിയെ വെന്നിഷ്ടംകൊണ്ടൊരങ്ങുന്നുമങ്ങനെ 15**

രാജാവ്: ഏയ്, തോഴരേ, അങ്ങനെയല്ല.
**അതുമിന്ദ്രനെഴുന്ന വീര്യമല്ലേ ബത തൽഭൃത്യരരാതിയെജ്ജയിച്ചാൽ,**
**ക്ഷിതിഭൃൽഗുഹ പെറ്റ സിംഹനാദപ്രതിശബ്ദം ഗജപീഡ ചെയ്വതില്ലേ? 16**

ചിത്രരഥൻ: വേണ്ടതുതന്നെയാണിത്. ഗർവ്വില്ലാതിരിക്കുന്നത് വിക്രമത്തിനൊരലങ്കാരമാണല്ലോ.

രാജാവ്: തോഴരേ, ഇപ്പോൾ ഇന്ദ്രനെക്കാണ്മാൻ ഇടയില്ലല്ലോ. അതു കൊണ്ട് അങ്ങു തന്നെ ഇദ്ദേഹത്തെ സ്വാമിയുടെ അടുക്കൽകൊണ്ടാക്കൂ.

ചിത്രരഥൻ: അങ്ങയുടെ ഇഷ്ടം പോലെ.

(അപ്സരസ്സുകൾ പുറപ്പെടുന്നു.)

ഉർവ്വശി: (സ്വകാര്യമായിട്ട്) തോഴി ചിത്രലേഖേ, ഉപകാരംചെയ്ത രാജർഷിയോട് യാത്രപറവാൻ എനിക്കു വയ്യ. നീ എന്റെ പേർക്കു പറയൂ.

ചിത്രലേഖ: (രാജാവിന്റെ അടുക്കൽ ചെന്നിട്ട്) 'മഹാരാജാവിന്റെ അനുവാദത്തോടുകൂടി അങ്ങയുടെ കീർത്തിയെപ്പോലെ തന്നെയും സ്വർഗ്ഗത്തിലേക്കു കൊണ്ടുപോവാൻ ഞാനാഗ്രഹിക്കുന്നു' എന്ന് ഉർവ്വശി അറിയിക്കുന്നു.

രാജാവ്: എന്നാൽ പോവാം. പിന്നെക്കാണാം.

(ചിത്രരഥനോടുകൂടി അപ്സരസ്സുകൾ ആകാശയാനത്തെ നടിക്കുന്നു.)

ഉർവ്വശി: (ഉത്പതനഭംഗം രൂപയിത്വാ) അമ്മോ! ലദാവിഡവേ ഏസാ ഏആവലീ വൈഅഅന്തിആ മേ ലഗ്ഗാ. (അഹോ! ലതാ വിടപ ഏഷൈകാവലീ വൈജയന്തികാ മേ ലഗ്നാ) (സവ്യാജം പരിവൃത്യ രാജാനം പശ്യന്തീ) സഹി ചിത്തലേഹേ! മോ ആവേഹിദാവണം (സഖി ചിത്രലേഖേ! മോചയ താവദേനാം.)

ചിത്രലേഖാ: (വിലോക്യ വിഹസ്യ ച) ആം ദിഢം ക്ഖു ലഗ്ഗാ സാ. അസക്കാ മോആവിദും (ആം ദൃഢം ഖലു ലഗ്നാ സാ; അശക്യാ മോചയിതും).

ഉർവ്വശി: അലം പഡിഹാസേണ. മോ ആവേഹി ദാവണം. (അലം പരിഹാസേന. മോചയ താവദേനാം.)

ചിത്രലേഖാ: ആം. ദുമ്മോആ വിഅ മേ പഡിഹാദി. ഹോദു, ജദിസ്സം ദാവ. (ആം. ദുർമോചേവ മേ പ്രതിഭാതി. ഭവതു, യതിഷ്യേ താവത്.)

ഉർവ്വശി: (സ്മിതം കൃത്വാ) പിഅസഹി! സുമരേഹി ദാവ ഏദം അത്തണോ വഅണം (പ്രിയസഖി! സ്മര താവദേതദാത്മനോ വചനം.)

(ചിത്രലേഖാ നാട്യേന മോചയതി)

രാജാ: (സ്വഗതം)

**പ്രിയമാചരിതം ലതേ! ത്വയാ മേ ഗമനേƒസ്യാഃ ക്ഷണവിഘ്നമാചരന്ത്യാ**
**യദിയം പുനരപ്യപാംഗനേത്രാ പരിവൃത്താർദ്ധമുഖീ മയാദ്യ ദൃഷ്ടാ** 17

സൂതഃ: ആയുഷ്മൻ!

**അദഃ സുരേന്ദ്രസ്യ കൃതാപരാധാൻ**
**പ്രക്ഷിപ്യ ദൈത്യാൻ ലവണാംബുരാശൗ**
**വായവ്യമസ്ത്രം ശരധിം പുനസ്തേ**
**മഹോരഗഃ ശ്വഭ്രമിവ പ്രവിഷ്ടം** 18

രാജാ: തേന ഹ്യുപശ്ലേഷയ രഥം. യാവദാരോഹാമി.

(സൂതസ്തഥാ കരോതി. രാജാ നാട്യേന രഥമാരോഹതി.)

ഉർവ്വശി: (സസ്പൃഹം രാജാനമവലോകയന്തീ) അവി ണാമ പുണോവി ഉഅആരിണം ഏദം, പേക്ഖിസ്സം? (അപി നാമ പുനരപ്യുപകാരിണ- മേതം പ്രേക്ഷിഷ്യേ?)

ഉർവ്വശി: (പൊങ്ങുന്നതിന് തടവു നടിച്ചിട്ട്) അയ്യോ! എന്റെ മുത്തുമാല ഈ ലതാശാഖയിന്മേൽ പിണഞ്ഞുപോയി. (കപടമായി തിരിഞ്ഞ് രാജാവിനെ നോക്കിയിട്ട്) ചിത്രലേഖേ, ഇതൊന്നു വിടുവിക്കൂ.

ചിത്രലേഖ: നല്ലവണ്ണം പിണഞ്ഞിട്ടുണ്ടല്ലോ. വിടുവിപ്പാൻ വയ്യെ ന്നാണെനിക്കു തോന്നുന്നത്. ആട്ടെ, ഇപ്പോളിതു വിടുവിക്കാം.

ഉർവ്വശി: (ചിരിച്ചുകൊണ്ട്) തോഴീ, നിന്റെ ഈ വാക്കു മറക്ക രുതേ.

(ചിത്രലേഖ വിടുവിക്കുന്നു.)

രാജാവ്: (സ്വഗതം)

**ഹിതമായ്, മമ വള്ളി നീയിവൾക്കീ –**
**ഗ്ഗതിവിഘ്നം ചെറുതൊന്നു ചെയ്ത കാര്യം**
**അതുകൊണ്ടിവളാനനം ചെരിച്ച –**
**ച്ചതിയാൽ നോക്കുവതിങ്ങു കണ്ടു ഞാനും 17**

സൂതൻ: മഹാരാജാവേ,

**വൃത്രാരിയിൽത്തെറ്റുകൾ ചെയ്ത ദുഷ്ട–**
**ദൈത്യാളിയെത്താൻ കടൽതന്നിലാക്കി**
**ചിത്രം ഭവൽ തൂണിയിലേറി വായ–**
**വ്യാസ്ത്രം പരം പാമ്പളയിൽക്കണക്കേ 18**

രാജാവ്: തേരടുപ്പിക്കൂ. കയറട്ടെ.

സൂതൻ: അങ്ങനെതന്നെ (അങ്ങനെ ചെയ്യുന്നു.)

(രാജാവ് തേരിൽ കയറുന്നു.)

ഉർവ്വശി: (സ്പൃഹയോടുകൂടി രാജാവിനെ നോക്കി വിചാരം) ഉപകാരം ചെയ്ത ഈ രാജർഷിയെ ഇനി കാണാൻ കഴിയുമോ?

(ഇതി സഗന്ധർവ്വാ സഹ സഖീഭിർനിഷ്ക്രാന്താ.)

രാജാ: (ഉർവ്വശീവർത്മോന്മുഖഃ) അഹോ! ദുർല്ലഭാഭിലാഷീ മദനഃ

**ഏഷാ മനോ മേ പ്രസഭം ശരീരാത്**
**പിതുഃ പദം മധ്യമമുത്പതന്തീ**
**സുരാംഗനാ കർഷതി ഖണ്ഡിതാഗ്രാത്**
**സൂത്രം മൃണാളാദിവ രാജഹംസീ** 19

(നിഷ്ക്രാന്തൗ)

**(ഇതി പ്രഥമോങ്കഃ)**

(ദീർഘശ്വാസമിട്ടു സഖിമാരോടുകൂടി പോയി.)

രാജാവ്: (ഉർവ്വശി പോയ വഴിക്കു നോക്കീട്ട്) കിട്ടാത്ത വിഷയത്തിൽ ത്തന്നെയാണെന്റെ മനോരാജ്യം)

**കാലേ മനം മേ ഗഗനപ്രദേശ –**
**ത്താലേ ഗമിപ്പോരിവൾ മെയ്യിൽനിന്നും**
**ചാലേ വലിക്കുന്നു മൃണാളഖണ്ഡ–**
**നൂലേറ്റമന്നപ്പിടയെന്നപോലെ** 19

(എല്ലാവരും പോകുന്നു.)

**(ഒന്നാമങ്കം കഴിഞ്ഞു)**

# ദ്വിതീയോ ƒങ്കഃ

(തതഃ പ്രവിശതി വിദൂഷകഃ)

വിദൂഷകഃ: ഹീ ഹീ ഭോ! ണിമന്തണിഓ പരമണ്ണേണ വിഅരാ അരഹസ്സേണ ഫുട്ടമാണോ ണ സക്കുണോമി ജണാഇണ്ണേ അത്തണോ ജീഹം ധാരിദും. താ ജാവ സോ രാആ ധമ്മാസണ ഗദോ ഇദോ ആഅച്ഛഇ, ദാവ ഇമസ്സിം വിരളജണസംവാദേ ദേവച്ഛന്ദഅപ്പാ സാദേ ആരുഹിഅ ചിട്ഠസം. (ഹീ ഹീ ഭോഃ! നിമന്ത്രണികഃ പരമാന്നേനേവ രാജരഹസ്യേന സ്ഫുടൻ ന ശക്നോമി ജനാകീർണ്ണേ ആത്മനോ ജിഹ്വാം ധാരയിതും. തദ്യാവത്സ രാജാ ധർമ്മാസനഗത ഇത ആയാതി, താവദേതസ്മിൻ വിരള ജനസമ്പാതേ ദേവച്ഛന്ദകപ്രാസാദ ആരുഹ്യ സ്ഥാസ്യാമി.) (പരിക്രമ്യോപവിശ്യ പാണിഭ്യാം മുഖം പിധായ സ്ഥിതഃ)

(തതഃ പ്രവിശതി ചേടീ)

ചേടീ: ആണത്തംഹി ദേവീഏ കാസിരാആദുഹിദാഏ, ജധാ 'ഹഞ്ജേ ണിഉണിഏ! ജദോ പഹുദി ഭ അവദോ സുജ്ജസ്സഉഅത്ഥാണം കദുഅ പഡിണി ഉത്തോ മഹാരാഓ, തദോ പഹുദി സുണ്ണ ഹിഅഓ വിഅ ലക്ഖീഅദി. താ തുമം വിദാവ പിഅവഅസ്സാദോ അജ്ജമാണവആദോ ജാണാഹി സേ ഉക്കണ്ഠാകാലണം,' ത്തി. താ കഹം സോ ബം ഹബന്ധു അദിസംധാദവ്വോ? അഹവാ, തണഗ്ഗലഗ്ഗം വിഅ അവസ്സാഅസലിലം ണതസ്സിം രാഅരഹസ്സം ചിരം ചിട്ഠദിത്തി തക്കേമി. താ ജാവ ണം അണ്ണേസാമി. (ആജ്ഞപ്താസ്മി ദേവ്യോ കാശിരാജദുഹിത്രാ യഥാ 'ഹഞ്ജേ നിപുണികേ! യതഃപ്രഭൃതി ഭഗവതഃ സൂര്യസ്യോപസ്ഥാനം കൃത്വാ പ്രതിനിവൃത്തോ മഹാരാജസ്തതഃപ്രഭൃതി ശൂന്യ ഹൃദയ ഇവ ലക്ഷ്യതേ. തത് ത്വമപി താവത് പ്രിയവയസ്യാദ് ആര്യമാണവകാദ് ജാനീഹ്യസ്യോത്കണ്ഠാകാരണ'മിതി. തത് കഥം സ ബ്രഹ്മബന്ധുരതിസന്ധാ–തവ്യഃ? അഥവാ, തൃണാഗ്രലഗ്നമിവാവശ്യായ സലിലം ന തസ്മിൻ രാജ രഹസ്യം ചിരം തിഷ്ഠതീതി തർക്കയാമി. തദ്യാവദേനം അന്വേഷയാമി.) (പരിക്രമ്യാവലോക്യ ച.) അമ്മോ! ആലേക്ഖ വാണരോ വിഅ ണിഹുദോ അജ്ജമാണവഓ ചിട്ഠദി. താ ജാവണം ഉവസപ്പാമി. (അഹോ! ആലേഖ്യ വാനര ഇവ നിഭൃത ആര്യമാണവകസ്തിഷ്ഠതി. തദ്യാവദേനമുപസർപ്പാമി) (ഉപസൃത്യ) അജ്ജ! വന്ദാമി. (ആര്യ! വന്ദേ!)

# രണ്ടാമങ്കം

(അനന്തരം വിദൂഷകൻ പ്രവേശിക്കുന്നു)

വിദൂഷകൻ: ഭക്ഷണത്തിനുള്ള കാഴ്ച കിട്ടിയാലത്തെപ്പോലെ ഈ രാജാവിന്റെ രഹസ്യം കിട്ടിയതും വെച്ചുംകൊണ്ട് നാവിനെ ഒതുക്കിപ്പിടിക്കാൻ ഞരുക്കം തന്നെ. അതുകൊണ്ട് തോഴർ കാര്യ വിചാരം കഴിഞ്ഞ് എണീറ്റുവരുന്നതുവരെ അധികം ജനസഞ്ചാര മില്ലാത്ത ഈ വിമാനച്ഛന്ദത്തിന്റെ അടുക്കൽ നിൽക്കുകതന്നെ. (ചുറ്റിനടന്നു കൈകൊണ്ടു വാ പൊത്തി, ഇരിക്കുന്നു.)

(ചേടി പ്രവേശിക്കുന്നു.)

ചേടി: 'എടീ! നിപുണികേ! ആദിത്യഭഗവാനെക്കണ്ടു തൊഴാൻ പോയി വന്നതുമുതൽ ആര്യപുത്രനെന്തോ ഒരു വിചാരമുള്ളതു പോലെ തോന്നുന്നു. അതുകൊണ്ടു നീ ആ ഇഷ്ടനായ മാണവക ബ്രാഹ്മണന്റെ അടുക്കൽ ചെന്ന് ഈ ഉത്കണ്ഠയുടെ കാരണ മെന്താണെന്ന് അറിഞ്ഞു വാ,' എന്നു തമ്പുരാട്ടി കാശിരാജപുത്രി എന്നോടു കൽപിച്ചിട്ടുണ്ടല്ലോ. എന്നാൽ എങ്ങനെയാണ് ആ കള്ള ബ്രാഹ്മണനോട് ഈ കാര്യം ചോദിക്കേണ്ടത്? എന്നാൽ പുല്ലിന്റെ തലയ്ക്കലുള്ള മഞ്ഞുംതുള്ളി പോലെ രാജരഹസ്യം ആ വിദ്വാന്റെ ഉള്ളിൽ വളരെനേരം നിൽക്കില്ല. അതുകൊണ്ട്, ആ വിദ്വാൻ എവിടെയാണെന്നു നോക്കട്ടെ. (ചുറ്റിനടന്നു നോക്കീട്ട്) ആ! ഇതാ അയാളൊരു ചിത്രത്തിലെ കുരങ്ങനെപ്പോലെ മിണ്ടാതെ ഒളിച്ചു നിൽക്കുന്നു. അതുകൊണ്ട്, അടുത്തു ചെല്ലുകതന്നെ. (ചെന്നിട്ട്) സ്വാമി, ഞാനിതാ വന്ദിക്കുന്നു.

വിദൂഷകഃ: സോത്ഥി ഭോദീഏ (സ്വസ്തി ഭവത്യൈ.) (ആത്മഗതം) ഏദം ദുട്ഠ ചേടിഅം പേക്ഖിഅ തം രാഅരഹസ്സം ഹിഅഅം ഭിന്ദിഅ ണിക്കമദി വിഅ. (ഏതാം ദുഷ്ടചേടികാം പ്രേക്ഷ്യ തദ്രാജരഹസ്യം ഹൃദയം ഭിത്ത്വാ നിഷ്ക്രാമതീവ.) (പ്രകാശം) ഭോദി ണിഉണിഏ! സംഗീദവാവാരം ഉജ്ത്ധിഅ കഹിം പത്ഥിദാസി? (ഭവതി നിപുണികേ! സംഗീതവ്യാപാരമുജ്ത്ധിത്വാ കുത്ര പ്രസ്ഥിതാസി?)

ചേടീ: ദേവീഏ വഅണേണ അജ്ജം ഏവ്വ പേക്ഖിദും (ദേവ്യാ വചനേനാര്യമേവ പ്രേക്ഷിതും)

വിദൂഷകഃ: കിം തത്തഭോദീ ആണവേദി? (കിം തത്ര ഭവത്യാജ്ഞാപയതി?)

ചേടീ: ദേവീ ഭണാദി, ജധാ "അജ്ജസ്സ മമ ഉഅരി അദക്ഖിണ്ണം. ണ മം അണുഇദവേഅണാദുക്ഖിദം അവലോഅദി"ത്തി. (ദേവീ ഭണതി, യഥാ ആര്യസ്യ മമോപരി അദാക്ഷിണ്യം. ന മാമനുചിതവേദനാദുഃഖിതാമവ ലോകയതീതി)

വിദൂഷകഃ: ണിഉണിഏ! കിം വാ പിഅവഅസ്സേണ തത്തഭോദിഏ പഡിഊലം കിംപി സമാചരിദം? (നിപുണികേ! കിം വാ പ്രിയവയസ്യേന തത്രഭവത്യാഃ പ്രതികൂലം കിമപി സമാചരിതം?)

ചേടീ: ജണ്ണിമിത്തം ഉണ ഭട്ടാ ഉക്കണ്ഠിദോ, താഏ ഇത്ഥിആഏ ണാമേണ ഭട്ടിണാ ദേവി ആലവിദാ. (യന്നിമിത്തം പുനർഭർത്താ ഉത്കണ്ഠിതഃ തസ്യാഃ സ്ത്രിയാ നാമ്നാ ഭർത്രാ ദേവി ആലപിതാ).

വിദൂഷകഃ: (സ്വഗതം) കഹം സഅംഏവ്വ തത്തഭോദാ രഹസ്സഭേദോ കിദോ? കിം ദാണീം അഹം ബംഹണോ ജീഹം രക്ഖിദും സമത്ഥോംഹി? (കഥം സ്വയമേവ തത്രഭവതാ വയസ്യേന രഹസ്യഭേദഃ കൃതഃ കിമദാനീമഹം ബ്രാഹ്മണോ ജിഹ്വാം രക്ഷിതും സമർത്ഥോഽസ്മി? (പ്രകാശം) കിം തത്തഭോദാ ഉവ്വസീണാമധേ ഏണ ആമന്തിദാ? (കിം തത്രഭവതാ ഉർവ്വശീ നാമധേയേനാമന്ത്രിതാ?)

ചേടീ: അജ്ജ! കാ സാ ഉവ്വസീ? (ആര്യ! കാ സാ ഉർവ്വശീ?)

വിദൂഷകഃ: അത്ഥി ഉവ്വസിത്തി അച്ഛരാ. താഏ ദംസണേണ ഉമ്മാദിദോ ണ കേവലം തം ആആസേദി; മം വി ബംഹണം അസിദവ്വവിമുഹം ദിഢം പീഡേദി. (അസ്ത്യുർവ്വശീത്യപ്സരാഃ. തസ്യാ ദർശനേനോന്മാദിതോ, ന കേവലം താമയാസയതി: മാമപി ബ്രാഹ്മണമശിതവ്യവിമുഖം ദൃഢം പീഡയതി.)

വിദൂഷകൻ: നിനക്കു നല്ലതുവരട്ടെ. (വിചാരം) ഈ ചേട്ട പ്പെണ്ണിനെ കണ്ടപ്പോൾ ആ രാജരഹസ്യം എന്റെ ഹൃദയത്തെ പിളർന്നു പുറത്തുചാടാൻ പോകുന്നപോലെ തോന്നുന്നു. (സ്പഷ്ടം) പാട്ടൊക്കെ മതിയാക്കി എങ്ങോട്ടാണു പുറപ്പെട്ടത്?

ചേടി: തമ്പുരാട്ടി കല്പിച്ചിട്ട് അങ്ങേക്കാണാൻ.

വിദൂഷകൻ: എന്താണ് അവിടുന്നു കൽപ്പിക്കുന്നത്?

ചേടി: തമ്പുരാട്ടി കല്പിച്ചു: 'അങ്ങ് എന്റെ കൂറ്റുകാരനാണ്. ഈ വ്യസനിച്ചു കിടക്കുന്ന എന്നെ വിട്ട് ഒരിക്കലും പിരിഞ്ഞുപോകു ന്നില്ലല്ലോ'

വിദൂഷകൻ: തോഴര് അവിടേയ്ക്കു വിരോധമായിട്ട് എന്താണു ചെയ്തത്?

ചേടി: ഏതൊരുത്തിയെക്കുറിച്ചാണു തമ്പുരാന് എല്ലായ്പോഴും വിചാരം? തമ്പുരാട്ടിയെ അവിടുന്നു ആ പേർ വിളിച്ചു.

വിദൂഷകൻ: (വിചാരം) അല്ല, അവിടുന്നു തന്നെ ഗൂഢമൊക്കെ പുറത്താക്കിയോ? ഇനി ഞാനെന്തിനാണു നാവടച്ചുകെട്ടി ബുദ്ധി മുട്ടുന്നത്? (സ്പഷ്ടം) അവിടുന്നു 'ഉർവ്വശി' എന്നു വിളിച്ചുവോ? ആ അപ്സരസ്ത്രീയെ കണ്ടിട്ടു കമ്പംപിടിച്ചിട്ടു തോഴർ ദേവിയെ മാത്രമല്ല വ്യസനിപ്പിക്കുന്നത്. നേരമ്പോക്കിലൊന്നും മനസ്സില്ലാതെ യായിട്ട് എന്നെയും വ്യസനിപ്പിക്കുന്നുണ്ട്.

ചേടീ: (സ്വഗതം) ഉപ്പാദിദോ മഏ ഭേദോ ഭട്ടിണോ രഹസ്സ ദുഗ്ഗസ്സ.(ഉത്പാദിതോ മയാ ഭേദോ ഭർത്തൂ രഹസ്യദുർഗസ്യ). (പ്രകാശം) അജ്ജ! കിം ദാവ ദേവീഏ ണിവേദേമി? (ആര്യ! കിം താവദ്ദേവ്യൈ നിവേദയാമി?)

വിദൂഷകഃ: ണിഉണിഏ! വിണ്ണാവേഹി കാസിരാഅദുഹിദരം 'ജദാമി ദാവ ഇമാഏ മിഅത്ൺഹിആഏ വസസ്സം ണിവത്താവേദും. തദോ ദേവിഏ മുഹകമലം പേക്ഖിസ്സം'ത്തി. (നിപുണികേ! വിജ്ഞാപയ കാശിരാജദുഹിതരം 'യതേ താവദേതസ്യാ മൃഗതൃഷ്ണികായാ വയസ്യം നിവർത്തയിതും. തതോ ദേവ്യാ മുഖകമലം പ്രേക്ഷിഷ്യേ' ഇതി.)

ചേടീ: ജം അജ്ജോ ആണവേദി. (യദാര്യ ആജ്ഞാപയതി)

(ഇതി നിഷ്ക്രാന്താ)

(നേപത്ഥ്യേ വൈതാളികഃ)

ജയതു ജയതു ദേവഃ

**ആലോകാന്താത് പ്രതിഹതതമോവൃത്തിരാസാം പ്രജാനാം**
**തുല്യോദ്യോഗസ്തവ ച സവിതുശ്ചാധികാരോ മതോ നഃ**
**തിഷ്ഠത്യേകഃ ക്ഷണമധിപതിർജ്യോതിഷാം വ്യോമമധ്യേ**
**ഷഷ്ഠേ കാലേ ത്വമപി ലഭസേ ദേവ! വിശ്രാന്തിമഹ്നഃ** 1

വിദൂഷകഃ: (കർണ്ണം ദത്വാ) ഏസോ ഉണ പിഅവഅസ്സോ ധമ്മാസണ സമുത്ഥിദോ ഇദോ ഏവ്വ അഅച്ഛദി. താ ജാവ പാസപഡിവത്തീ ഹോമി. (ഏഷ പുനഃ പ്രിയവയസ്യോ ധർമ്മാസനസമുത്ഥിത ഇത ഏവാഗച്ഛതി തദ്യാവത് പാർശ്വപരിവർത്തീ ഭവാമി).

(നിഷ്ക്രാന്തഃ)

ഇതി പ്രവേശകഃ

ചേടി: (വിചാരം) ഉപായം കൊണ്ട് തിരുമനസ്സിലെ ഗൂഢകാര്യമാകുന്ന കോട്ട ഞാൻ പൊളിച്ചു. (സ്പഷ്ടം) ആട്ടെ, തമ്പുരാട്ടിയോടു ഞാനെന്താണ് അറിയിക്കേണ്ടത്?

വിദൂഷകൻ: നിപുണികേ! 'ഞാൻ ഈ മൃഗതൃഷ്ണയിൽ നിന്നു തോഴരെ മാറ്റികൊണ്ടുവരുവാൻ നോക്കട്ടെ. അതിന്റെശേഷം ഞാൻ ദേവിയുടെ മുഖം കാണാൻ വരാം.' എന്നു ദേവിയെ ഉണർത്തിച്ചോളൂ.

ചേടി: അങ്ങയുടെ കല്പനപോലെ;

(അണിയറയിൽ വൈതാളികൻ)

മഹാരാജാവ് സർവ്വോൽക്കർഷേണ വർത്തിച്ചാലും!

**ലോകലോകംവരെയുരുതമസ്സിജ്ജഗത്തിന്നൊഴിപ്പാ–**
**നാകുംവണ്ണം വിലസുമിനനും ജോലിയങ്ങേയ്ക്കുമൊപ്പം;**
**ആകാശത്തിൻ നടുവിലധുനാ ഭാനു നിൽക്കുന്നിതാറാം**
**ഭാഗത്തിങ്കൽ ഭുവനപതിയാമങ്ങുമാത്മേച്ഛപോലെ. 1**

വിദൂഷകൻ: (കേട്ടിട്ട്) തോഴർ കാര്യവിചാരം കഴിച്ചിങ്ങോട്ടു വരുന്നുണ്ട്. എന്നാലവിടുത്തെ അടുക്കൽ ചെന്നു കൂടട്ടെ.

(രണ്ടാളും പോകുന്നു. )

(പ്രവേശകം കഴിഞ്ഞു.)

(തതഃ പ്രവിശത്യുത്കണ്ഠിതോ രാജാ വിദൂഷകശ്ച.)

രാജാ: **ആദർശനാത് പ്രവിഷ്ടാ സാ മേ സുരലോകസുന്ദരീഹൃദയം**
**ബാണേന മകരകേതോഃ കൃതമാർഗ്ഗമവന്ധ്യപാതേന** **2**

വിദൂഷകഃ: (ആത്മഗതം) സപീഡാ ക്ഖു ജാദാ തത്തഭോദീ കാസിരാഅദുഹിദാ (സപീഡാ ഖലു ജാതാ തത്രഭവതി കാശിരാജ ദുഹിതാ).

രാജാ: (നിരീക്ഷ്യ) അപി രക്ഷ്യതേ ഭവതാ രഹസ്യനിക്ഷേപഃ?

വിദൂഷകഃ: (ആത്മഗതം) ഹദ്ധീ ഹദ്ധീ! വഞ്ചിദോംഹി ദുട്ഠദാ! സീ എണിഉണിആഏ അണ്ണധാ കധം ഏവ്വം പുച്ഛദി വ അസ്സോ? (ഹാ ധിക്! ഹാ ധിക്! വഞ്ചിതോ$f$സ്മി ദുഷ്ടദാസ്യാ നിപുണികയാ. അന്യഥാ കഥമേവം പൃച്ഛതി വയസ്യഃ?)

രാജാ: കിം ഭവാംസ്തൂഷ്ണീമാസ്തേ?

വിദൂഷകഃ: ഭോ! ഏവ്വം മഏ ജീഹാ സംജന്തിദാ, ജേണ ഭവദോ വിണത്ഥി! പദിവഅണം. (ഭോഃ! ഏവം മയാ ജിഹ്വാ സംയന്ത്രിതാ, യേന ഭവതോ$f$പി നാസ്തി പ്രതിവചനം.)

രാജാ: യുക്തം, അഥ കേനേദാനീമാത്മാനം വിനോദയാമി?

വിദൂഷകഃ: ഭോ! മഹാണസം ഗച്ഛംഹ (ഭോഃ! മഹാനസം ഗച്ഛാവഃ)

രാജാ: കിം തത്ര?

വിദൂഷക: തഹിം പഞ്ചവിഹസ്സ അബ്ഭവഹാരസ്സ ഉവണദ സംഭാരസ്സ ജോഅണം പേക്ഖമാണേഹിം സക്കം ഉക്കണ്ഠം വീണോദേദും. (തത്ര പഞ്ചവിധസ്യാഭ്യവഹാരസ്യോപനതസംഭാരസ്യ യോജനാം പ്രേക്ഷ-മാണാഭ്യാം ശക്യമുത്കണ്ഠാം വിനോദയിതും.)

രാജാ: തത്രേപ്സിതസംനിധാനാത് ഭവാൻ രംസ്യതേ. മയാ ഖലു ദുർല്ലഭപ്രാർത്ഥനഃ കഥമാത്മാ വിനോദയിതവ്യഃ?

(അനന്തരം ഉൽകണ്ഠയോടുകൂടി രാജാവും വിദൂഷകനും പ്രവേശിക്കുന്നു. )

രാജാവ്: **കണ്ടപ്പോളാ വാനോർ**
**വണ്ടാർകുഴലാൾ പിഴച്ചുപോകാതെ**
**കൊണ്ടോരലർശരശരവഴി**
**കൊണ്ടെൻ കരളിൽകടന്നു കുടികൊണ്ടാൾ.** **2**

വിദൂഷകൻ: (വിചാരം) ആ പാവമായ കാശിരാജപുത്രിക്കു ഉപദ്രവം തന്നെയായി തീർന്നുവല്ലോ!

രാജാവ്: ആ രഹസ്യമാകുന്ന നിധി സൂക്ഷിച്ചു തന്നെ വരുന്നില്ലേ?

വിദൂഷകൻ: (വിചാരം) ആ പുലയാടിമകളെന്നെ ചതിച്ചു. അല്ലെങ്കിൽ തോഴരെന്നോടിങ്ങനെ ചോദിയ്ക്കുമോ (മിണ്ടാതിരിക്കുന്നു.)

രാജാവ്: എന്താണു അങ്ങൊന്നും മിണ്ടാതിരിക്കുന്നത്?

വിദൂഷകൻ: തോഴരോടുകൂടി ഉടനെ മറുപടി പറയാതിരിക്കത്തക്ക വിധത്തിൽ ഞാനെന്റെ നാവിനെ തടഞ്ഞിരിക്കുന്നു.

രാജാവ്: കൊള്ളാം! ഇനി ഉന്മനസ്സായ ആത്മാവിനെ എവിടെ വെച്ചാണു വിനോദിപ്പിക്കേണ്ടത്?

വിദൂഷകൻ: മടപ്പിള്ളിയിലേയ്ക്കു തന്നെ പോവുക.

രാജാവ്: അവിടെയെന്താ?

വിദൂഷകൻ: അവിടെ വിശേഷങ്ങളായി അഞ്ചുവിധത്തിലുള്ള ഭക്ഷണസാധങ്ങളുണ്ട്. മോദകം, ശർക്കര, പപ്പടം മുതലായവയെക്കൊണ്ട് ആത്മാവിനെ വിനോദിപ്പിക്കാമല്ലൊ.!

രാജാവ്: താൻ ആഗ്രഹിക്കുന്നതെല്ലാം ഉള്ളതിനാൽ അവിടെ തനിയ്ക്കു രസിക്കാം. എന്നാൽ കിട്ടാത്ത വസ്തുവിനെ ആഗ്രഹിക്കുന്ന ആത്മാവിനെ ഞാനെങ്ങിനെയാണു വിനോദിപ്പിക്കേണ്ടത്?.

വിദൂഷകഃ: ണം ഭവം വി തത്തഭോദീ ഏ ഉവ്വസീഏ ദംസണ പഹംഗദോ

(നനു ഭവാനപി തത്രഭവത്യാ ഉർവ്വശ്യാ ദർശനപഥം ഗതഃ)

രാജാ: തതഃ കിം?

വിദൂഷകഃ: ണ ക്ഖു ദേ ദുല്ലഹ ത്തി തക്കേമി (ന ഖലു തേ ദുർല്ലഭേതി തർകയാമി.)

രാജാ: പക്ഷപാതേ ƒ യമവധാര്യതാം.

വിദൂഷകഃ: ഏവ്വം മന്തഅന്തേണ മേ വഡ്ഢിദം കോദൂഹലം. കിം തത്തഭോദീ ഉവ്വസീ അദ്ദുദീആ രൂവേണ? അഹം വിഅ വിരൂവദാഏ. (ഏവം മന്ത്രയതാ മമ വർദ്ധിതം കൗതുഹലം. കിം തത്രഭവത്യുർവ്വശ്യദ്വിതീയാ രൂപേണ? അഹമിവ വിരൂപതയാ.)

രാജാ: മാണവക! പ്രത്യവയവമശക്യവർണ്ണനാം താമവേഹി. തേന ഹി സമാസതഃ ശ്രൂയതാം.

വിദൂഷകഃ: ഭോ! അവഹിദോമ്മി. (ഭോ! അവഹിതോ ƒ സ്മി)

**രാജാ: ആഭരണസ്യാഭരണം പ്രസാധനവിധേഃ പ്രസാധനവിശേഷഃ**
**ഉപമാനസ്യാപി സഖേ! പ്രത്യുപമാനം, വപുസ്തസ്യാഃ** 3

വിദൂഷകഃ: അദോ ക്ഖു ഭവദാ ദിവ്വരസാഹിലാസിണാ ചാദഅവ്വദം ഗഹീദം. താ ദാവ തുമം കഹിം പത്ഥിദോ? (അതഃ ഖലു ഭവതാ ദിവ്യരസാഭിലാഷിണാ ചാതകവ്രതം ഗൃഹീതം. തത്താവത് ത്വം കുത്ര പ്രസ്ഥിതഃ?)

രാജാ: വിവിക്താദൃതേ നാന്യദുത്സുകസ്യ ശരണമസ്തി. തദ്ഭവാൻ പ്രമദവനമാർഗ്ഗമാദേശയതു.

വിദൂഷകഃ: (ആത്മഗതം) കാ ഗദീ? (കാ ഗതിഃ?). (പ്രകാശം) ഇദോ ഇദോ ഭവം. (ഇത ഇതോ ഭവാൻ!)

(ഇതി പരിക്രാമതഃ)

വിദൂഷകൻ: തത്രഭവതി ഉർവ്വശി അങ്ങയെ കാണുക ഉണ്ടായില്ലേ?

രാജാവ്: അതുകൊണ്ടെന്താണ്?

വിദൂഷകൻ: എന്നാൽ അവൾ ദുർലഭയല്ലെന്നാണു ഞാൻ വാദിക്കുന്നത്.

രാജാവ്: അന്യചിന്ത കൂടാതെ അതിനെത്തന്നെ വിചാരിച്ചുകൊണ്ടിരുന്നാൽ കൂടി നമുക്കു അറിവാൻ പാടില്ലാത്തതാകുന്നു അവളുടെ രൂപലാവണ്യം.

വിദൂഷകൻ: അങ്ങനെയാ! എന്നാൽ അവളെക്കാണ്മാൻ ആഗ്രഹം തോന്നുന്നുണ്ട്. തത്രഭവതി ഉർവ്വശിയുടെ സൗന്ദര്യംകൊണ്ടു ഞാനും താണുപോകണമെന്നുണ്ടോ?

രാജാവ്: ഞാൻ അവളുടെ അവയവങ്ങളെ പ്രത്യേകമായി വർണ്ണിക്കുക ഉണ്ടായില്ലല്ലൊ. അതുകൊണ്ട് സംക്ഷേപമായി വർണ്ണിക്കുന്നതു കേൾക്കുക.

വിദൂഷകൻ: ഇതാ ഞാൻ സശ്രദ്ധനായിരിക്കുന്നു.

രാജാവ്: തോഴരേ!

**ആഭരണത്തിനുനല്ലോരാഭരണം തൊടുകുറിക്കു കുറി പിന്നെ**
**ഉപമാനത്തിനു നൽപ്രത്യുപമാനവുമാണെടോ തദീയാംഗം 3**

വിദൂഷകൻ: അതെണെന്നാൽ തോഴർ ദിവ്യരസമാഗ്രഹിച്ചുകൊണ്ട് വേഴാമ്പലിന്റെ വ്രതത്തെ അനുഷ്ഠിക്കുന്നത്.

രാജാവ്: വിജനപ്രദേശമല്ലാതെ സമുത്സുകമായ എന്റെ മനസ്സിനു മറ്റൊരു ശരണമില്ല.! അതുകൊണ്ട് താൻ ഉപവനത്തിലേയ്ക്കുള്ള വഴി കാണിക്കൂ.

വിദൂഷകൻ: (വിചാരം) മറ്റെന്തു ഗതിയാണുള്ളത്? (പ്രകാശം) തോഴരെ, ഇതിലെ ഇതിലെ.

(രണ്ടുപേരും ചുറ്റി നടന്നിട്ട്)

വിദൂഷകഃ: ഏദേണ പമദവണണോദിദേണ വിഅ പച്ചുഗ്ഗദോ ഭവം ആഅന്തുഓ ദക്ഖിണമാരുദേണ. (ഏതേന പ്രമദവനനോദിതേനേവ പ്രത്യുത്ഗതോ ഭവാനാഗന്തുകോ ദക്ഷിണമാരുതേന.)

രാജാ: (വിലോക്യ) ഉപപന്നം വിശേഷണമസ്യ വായോഃ അയം ഹി

**നിഷിഞ്ചൻ മാധവീമേതാം ലതാം കൗന്ദീം ച ലാസയൻ**
**സ്നേഹദാക്ഷിണ്യയോര്യോഗാത് കാമീവ പ്രതിഭാതി മേ 4**

വിദൂഷകഃ: ഈരിസോ ഏവ്വ ദേ അഹിണിവേസോ. (ഈദൃശ്യ ഏവ തേ*f*ഭിനിവേശഃ!) (ഇതി പരിക്രാമൻ) ഏദം പമദവണം. പവിസദു ഭവം.(ഏതത് പ്രമദവനം, പ്രവിശതു ഭവാൻ)

രാജാ: വയസ്യ, പ്രവിശാഗ്രതഃ

(ഉഭൗ പ്രവേശം നാടയതഃ)

(അഗ്രതോ വിലോക്യ) വയസ്യ! ന മയാ സാധു സമർത്ഥിതമാപത് പ്രതികാരഃ കില മമോദ്യാനപ്രവേശ ഇതി.

വിദൂഷകഃ: കഹം വിഅ? (കഥമിവ?)

**രാജാ: ഇദമസുലഭവസ്തുപ്രാർത്ഥനാദുർന്നിവാരം**
**പ്രഥമമപി മനോ മേ പഞ്ചബാണഃ ക്ഷിണോതി**
**കിമുത മലയവാതോന്മൂലിതാപാണ്ഡുപത്രൈ-**
**രുപവനസഹകാരൈർദർശിതേഷ്വങ്കൂരേഷു. 5**

വിദൂഷകഃ: അലം പരിദേവിദേണ. അഇരേണ ഇട്ഠസമ്പാദണേ ണ അണംഗോ എവ്വ ദേ സഹാഓ ഭവിസ്സദി. (അലം പരിദേവിതേന. അചിരേണേഷ്ടസമ്പാദനേനാനംഗ ഏവ തേ സഹായോ ഭവിഷ്യതി.)

രാജാ: പ്രതിഗൃഹീതം ബ്രാഹ്മണവചനം.

(ഇതി പരിക്രാമതഃ)

ഇതാ ഈ ഉദ്യാനത്തിൽനിന്നു പുറപ്പെടുന്ന ദക്ഷിണമാരുതൻ അങ്ങയെ എതിരേൽക്കുന്നു.

രാജാവ്: ഈ മാരുതനു ഒരു വിശേഷമുള്ളത് ശരിതന്നെയാണ്. ഇവനാകട്ടെ:

**ഇന്നഹോ സ്നേഹദാക്ഷിണ്യാൽ കുന്ദവള്ളി നനച്ചിതാ**
**നന്നായാടിക്കയാൽ കാമിയെന്നു തോന്നുന്നതുണ്ടുമേ** **4**

വിദൂഷകൻ: ഇവിടുത്തെ വിചാരവും ഇതുപോലെതന്നെയാവട്ടെ. ഇതാ ഉദ്യാനദ്വാരം. തോഴർ കടന്നാലും.

രാജാവ്: താൻ മുൻപിൽ കടക്കൂ.

(രണ്ടുപേരും കടക്കുന്നു.)

തോഴരേ, ഉദ്യാനപ്രവേശം താപശാന്തിയ്ക്കു നന്നെന്നു ഞാൻ വിചാരിച്ചത് അത്ര ശരിയായില്ല.

**ഇപ്പോൾ ഞാൻ താപശാന്തിയ്ക്കാ**
**യിപ്പൂങ്കാവിൽ നടപ്പതും;**
**കീഴ്പോട്ടൊഴുക്കിൽ പോകുന്നോൻ**
**മേൽപോട്ടായ് നീന്തുകെന്നതായ്**

വിദൂഷകൻ: എങ്ങനെയാണത്?

**രാജാവ്: പരമസുലഭകാമം നിർത്തിയാൽ നിന്നിടാത്തെൻ**
**കരളലർശരനാദ്യംതന്നെ മർദ്ദിച്ചിടുന്നു.;**
**ചെറുപവനനിളക്കും പാണ്ഡുപത്രങ്ങളൊക്കു-**
**ന്നൊരു പലപല ചൂതം മൊട്ടുകാട്ടുമ്പൊളെന്തോ** **5**

വിദൂഷകൻ: ആവലാതി പറഞ്ഞതു മതി. താമസം കൂടാതെ കാമ ദേവൻ ഇഷ്ടസിദ്ധിയെ വരുത്തി അങ്ങേക്കു സഹായനായിത്തന്നെ തീരും.

രാജാവ്: ബ്രാഹ്മണവചനത്തെത്തന്നെ വിശ്വസിച്ചുകൊള്ളുന്നു.

(രണ്ടാളും ചുറ്റിനടക്കുന്നു.)

വിദൂഷികഃ: പേക്ഖദു ഭവം വസന്താവദാരസൂഅഅം അഹിരാമ ത്തണം പമദവണസ്യ. (പ്രേക്ഷതാം ഭവാൻ വസന്താവതാരസൂചകമഭി രാമത്വം പ്രമദവനസ്യ).

രാജാ: നനു പ്രതിപാദപമേവാവലോകയാമി അത്ര ഹി

**അഗ്രേ സ്ത്രീനഖപാടലം കുരവകം ശ്യാമം ദ്വയോർഭാഗയോ**
**രക്താശോകമുപോഢരാഗസുഭഗം ഭേദോന്മുഖം തിഷ്ഠതി**
**ഈഷദ്ബദ്ധരജഃകണാഗ്രകപിശാ ചൂതേ നവാ മഞ്ജരീ**
**മുഗ്ദ്ധത്വസ്യ ച യൗവനസ്യ ച സഖേ! മദ്ധ്യേ മധുശ്രീഃസ്ഥിതാ 6**

വിദൂഷകഃ: ഭോ! ഏസോ ക്ഖു മണിസിലാപട്ടഅ സണാഹോ അദി മുത്തലദാമണ്ഡവോ ഭമരസംഘട്ടപഡിദേഹിം കുസുമേഹിം സഅംവിഅ കിദോവആരോ ഭവന്തം പഡിച്ഛദി. താ അണുഗേൺഹീഅദു ദാവ ഏസോ. (ഭോഃ! ഏഷ ഖലു മണിശിലാപട്ടക സനാഥോ ƒതിമുക്ത ലതാമണ്ഡപോ ഭ്രമരസംഘട്ടപതിതൈഃ കുസുമൈഃ സ്വയമിവ കൃതോപ-ചാരോ ഭവന്തം പ്രതീച്ഛതി, തദനുഗൃഹ്യതാം താവദേഷഃ)

രാജാ: യഥാ ഭവതേ രോചതേ.

(പരിക്രമ്യോപവിശതഃ)

വിദൂഷകഃ: ദാണീം ഇഹ സുഹാസിണോ ഭവം ലളിദലദാവിലോഹി അമാണണഅണോ ഉവ്വസീഗദം ഉക്കണ്ഠം വീണോദേദു. (ഇദാനിമിഹ സുഖാസീനോ ഭവാംല്ലളിതലതാവിലോഭ്യമാനനയന ഉർവ്വശീഗതാമുക്ത കണ്ഠാം വിനോദയതു.)

രാജാ: (നിഃശ്വസ്യ)

**മമ കുസുമിതാസ്വപി സഖേ! നോപവനലതാസു നമ്രവിടപാസു**
**ചക്ഷുർബധ്നാതി ധൃതിം തദ്രുപാലോകദുർല്ലളിതം**
**തദുപായശ്ചിന്ത്യതാം, യഥാ സഫലപ്രാർത്ഥനോ ഭവേയം. 7**

വിദൂഷകഃ: (വിഹസ്യ) ഭോ! അഹല്ലാകാമുഅസ്സ മഹിന്ദസ്സ വജ്ജോ സചിവോ, ഉവ്വസീപജ്ജുച്ഛ്ഗു അസ്സ അ ഭവദോ അഹം. ദുവേവി ഏത്ഥ ഉമ്മത്തആ. (ഭോഃ! അഹല്യാകാമുകസ്യ മഹേന്ദ്രസ്യ വജ്രഃ സചിവഃ ഉർവ്വശീപര്യുത്സുകസ്യ ച ഭവതോƒഹം. ദ്വാവപ്യത്രോന്മത്തൗ)

വിദൂഷകൻ: വസന്താവതാരത്തെ സൂചിപ്പിക്കുന്നതായ ഉദ്യാനത്തിന്റെ രമണീയതയെ തോഴർ കണ്ടാലും.

രാജാവ്: വൃക്ഷങ്ങൾ തോറും വെവ്വേറെ ഞാനതു കാണുന്നുണ്ടല്ലോ. ഇവിടെയാകട്ടെ!

**മുമ്പിൽ ശ്രീനഖരക്തമാം കുരവക-**
**പ്പൂപാർശ്വഭാഗം കറു-**
**ത്തമ്പിൽ ശോണമശോകമൊട്ടു വിടരാൻ**
**ഭാവിച്ചു നിൽക്കുന്നതേ;**
**ചെമ്പിച്ചോരു പരാഗമിട്ടു ചെറുതേ-**
**ന്മാവിൽ മലർക്കൊത്തുമു**
**ണ്ടമ്പോ യൗവനമൗഢ്യമതിൽ നിൽ-**
**പ്പുണ്ടീ മധുശ്രീയെടോ!** 6

വിദൂഷകൻ: തോഴരെ, കണ്ണാടിത്തിണ്ണയുള്ള ഈ ലതാമണ്ഡപം വണ്ടുകളുടെ കോലാഹലംകൊണ്ടു കൊഴിഞ്ഞ പൂക്കളെക്കൊണ്ടു മുടിവിരിച്ചു തന്നാൽത്തന്നെ ഇവിടത്തെ വരവു കാത്തു നിൽക്കുന്നു. അതുകൊണ്ടിതിനെ അനുഗ്രഹിച്ചാലും.

രാജാവ്: തന്റെ ഇഷ്ടംപോലെ (ഇരിക്കുന്നു).

വിദൂഷകൻ: എന്നാൽ തോഴരിവിടെ സുഖമായിരുന്ന് മനോഹര ലതകളിൽ തൃക്കണ്ണു മയക്കികൊണ്ട് ഉർവ്വശിയിലുള്ള ഉത്കണ്ഠയെ വിനോദിപ്പിച്ചാലും.

**രാജാവ്: അവിരളമണിമലരണിയുന്നവനലതകളിലുറച്ചിടുന്നില്ല**
**അവളുടെ രൂപം കണ്ടിട്ടവശത തേടുന്ന ദൃഷ്ടിയൊട്ടും മേ** 7

അതുകൊണ്ട് എന്റെ മനോരഥസിദ്ധിയ്ക്കുവേണ്ട ഉപായം താൻ തന്നെ ആലോചിക്കൂ.

വിദൂഷകൻ:(ചിരിച്ചുകൊണ്ട്) അഹല്യയെ കാമിച്ച ഇന്ദ്രന്റെ വൈദ്യനും, ഉർവ്വശിയെ കാമിച്ച ഇവിടുത്തെ ഞാനും ഒരുപോലെ ഭ്രാന്തന്മാരായി.

രാജാ: മാ മൈവം. അതിസ്നേഹഃ ഖലു കാര്യദർശീ, തദുപായ-ശ്ചിന്ത്യതാം.

വിദൂഷകഃ: ഏസോ ചിന്തേമി. മാ ഉണ പരിദേവിദേണ മമ സമാധിം ഭിന്ധി.(ഏഷ ചിന്തയാമി, മാ പുനഃ പരിദേവിതേന മമ സമാധിം ഭിന്ധി) (ഇതി ചിന്താം നാടയതി)

രാജാ: (നിമിത്തം സൂചയിത്വാ സ്വഗതം)

**ന സുലഭാ സകലേന്ദുമുഖീ ച സാ**
**കിമപി ചേദമനംഗവിചേഷ്ടിതം**
**അഭിമുഖീഷ്വിവ കാംക്ഷിതസിദ്ധിഷു**
**വ്രജതി നിർവ്വൃതിമേകപദേ മനഃ** 8

(ഇതി ജാതാശസ്തിഷ്ഠതി)

(തതഃ പ്രവിശത്യാകാശയാനേനോർവ്വശീ ചിത്രലേഖാ ച)

ചിത്രലേഖാ: ഹളാ! കഹിം ദാണിം അണിദ്ദിട്ഠകാലണം ഗച്ഛീ അദി? (ഹളാ! ക്വേദാനീമനിർദ്ദിഷ്ടകരണം ഗമ്യതേ?)

ഉർവ്വശി: (മദനവേദനാമഭിനീയ സലജ്ജം) സഹി! തദാ ഹേമഊഡ സിഹരേ ലദാവിഡവേണ ഖണവിഗ്ഘിദാ ആസഗമണം മം ഓഹസിഅ കിം ദാണിം പുച്ഛസി? കഹിം ഗച്ഛീഅദി? ത്തി. (സഖി! തദാ ഹേമകൂട ശിഖരേ ലതാവിടപേന ക്ഷണവിഘ്നിതാകാശഗമനാം മാമുപഹസ്യ കിമിദാനീം പൃച്ഛസി? ക്വ ഗമ്യതേ? ഇതി)

ചിത്രലേഖാ: കിം ണു ക്ഖു തസ്സ രാഏസിണോ പുരൂരവസ്സ സആസം പത്ഥിദാസി? (കിം നു ഖലു തസ്യ രാജർഷേഃ പുരൂരവസഃ സകാശം പ്രസ്ഥിതാസി).

ഉർവ്വശി: അഹ ഇം. അഅം മേ അവഹത്ഥിദലജ്ജോ വവസാഓ. (അഥ കിം അയം മേƒപഹസ്തിതലജ്ജോ വ്യവസായഃ)

ചിത്രലേഖ: കോ ഉണ സഹീഏ തഹിം പൂഢമം പേസിദോ? (കഃ പുനഃ സഖ്യാ തത്ര പ്രഥമം പ്രേഷിതഃ?)

ഉർവ്വശി: ണം ഹിഅഅം (നനു ഹൃദയം)

രാജാവ്: താൻ ആലോചിക്കുന്നില്ലല്ലൊ.

വിദൂഷകൻ: (ആലോചനയെ നടിക്കുന്നു.) ഇതാ ഞാൻ ആലോചിക്കുന്നു. ഇടയ്ക്ക് ആവലാതി പറഞ്ഞു സമാധിഭംഗം ചെയ്യരുതേ.

രാജാവ്: (നിമിത്തം സൂചിപ്പിച്ചിട്ട് വിചാരം)

**മതിമുഖീമണി ദുർല്ലഭ തന്നെയെ**
**ന്തിതു മനോഹരചേഷ്ടിതമിത്തരം;**
**ബത മനോരഥസിദ്ധി വരുംവിധം**
**മതി കുളുർത്തു തെളിഞ്ഞു വരുന്നു മേ 8**

(അനന്തരം വിമാനത്തിൽ കയറി ഉർവ്വശിയും ചിത്രലേയും പ്രവേശിക്കുന്നു.)

ചിത്രലേഖ: തോഴി ഉർവ്വശീ, കാര്യമൊന്നും പറയാതെ എങ്ങോട്ടാണു പുറപ്പാട്?

ഉർവ്വശി: (കാമപാരവശ്യത്തെ നടിച്ചു ലജ്ജയോടുകൂടി) ഹേമകൂട ശിഖരത്തിൽ വെച്ച് പുടവ ലതകളുടെ ഇടയിൽ പിണഞ്ഞത് വിടുവിപ്പാൻ പറഞ്ഞപ്പോൾ എന്നെ പരിഹസിച്ചിട്ട് ഇപ്പോൾ കാര്യമൊന്നും പറയാതെ എങ്ങോട്ടാണ് പുറപ്പാടെന്നു നീ എന്താണു ചോദിക്കുന്നത്?

ചിത്രലേഖ: ആ പുരൂരവസ്സുരാജർഷിയുടെ സമീപത്തിലേയ്ക്കു പുറപ്പെട്ടിരിക്കുകയാണല്ലേ?

ഉർവ്വശി: അതേ, അങ്ങിനെതന്നെയാണു ഈ നാണം വിട്ടിട്ടുള്ള എന്റെ ഉത്സാഹം.

ചിത്രലേഖ: തോഴി, അങ്ങോട്ട് ആരെയാണു മുൻപിൽ പറഞ്ഞയച്ചിരിക്കുന്നത്?

ഉർവ്വശി: ഹൃദയത്തെതന്നെ.

ചിത്രലേഖ: തഹ വി സഅം ഏവ്വ സാഹു സംപധാരി അദു ദാവ (തഥാപി സ്വയമേവ സാധു സമ്പ്രധാര്യതാം താവത്).

ഉർവ്വശി: സഹി! മഅണോ ക്ഖു മം ണിഓഏദി. കിം ഏത്ഥ സംപധാരീ അദി? (സഖി! മദനഃ ഖലു മാം നിയോജയതി. കിമത്ര സമ്പ്ര ധാര്യതേ?)

ചിത്രലേഖ: അദോ വരം ണത്ഥി മേ വഅണം. (അതഃ പരം നാസ്തി മേ വചനം)

ഉർവ്വശി: തേണ ഹി ആദിസീഅദു മഗ്ഗോ, ജേണ തഹിം ഗച്ഛന്തീ ണം അന്തരാഓ ണ ഭവേ. (തേന ഹ്യാദിശ്യതാം മാർഗ്ഗോ, യേന തത്ര ഗച്ഛന്ത്യോരന്തരായോ ന ഭവേത്)

ചിത്രലേഖ: സഹി! വീസദ്ധാ ഹോഹി, ണം ഭഅവദാ ദേവഗുരുണാ അവരാഇദം ണാമ സിഹാബന്ധണവിജ്ജം ഉവദിസന്തേണ തിദസ പഡിവക്ഖസ്സ അലംഘണിജ്ജാകദംഹ. (സഖി! വിസ്രബ്ധാ ഭവ. നനു ഭഗവതാ ദേവഗുരുണാ അപരാജിതാം നാമ ശിഖാബന്ധനവിദ്യാമുപ ദിശതാ ത്രിദശപ്രതിപക്ഷസ്യാലംഘനീയേ കൃതേ സ്വഃ).

ഉർവ്വശി: (സലജ്ജം) അഹോ! വിസുമരിദം മേഹിഅഅം (അഹോ! വിസ്മൃതം മേ ഹൃദയം).

(ഉഭേ ഭ്രമണം രൂപയതഃ)

ചിത്രലേഖ: സഹി! പേക്ഖ പേക്ഖ, ഏദം ഭഅവദിഏ ഭാഇഊ രഹീഏ ജമുണാസംഗമവിസേസപാവണേസു സലിലേസു അത്താണഅം ഓലോ അംതസ്സ വിഅ പഇട്ഠാണസ്സ സിഹാഭരണഭൂദം തസ്സ രാഏസ്സിണോ ഭവണം ഉവട്ഠിദംഹ. (സഖി! പ്രേക്ഷസ്വ, പ്രേക്ഷസ്വ. ഏതത് ഭാഗവത്യാ ഭാഗീരഥ്യാ യമുനാസംഗമവിശേഷപാവനേഷു സലിലേഷ്വാത്മാനമവ ലോകയത ഇവ പ്രതിഷ്ഠാനസ്യ ശിഖാഭരണഭൂതം തസ്യ രാജർഷേർ ഭവനമുപസ്ഥിതേ സ്വഃ)

ഉർവ്വശീ: (സസ്പൃഹമവലോക്യ) ണം വത്തവ്വം, ഠാണന്തരഗദോ സഗ്ഗോ ത്തി. (നനു വക്തവ്യം, സ്ഥാനാന്തരഗതഃ സ്വർഗ്ഗ ഇതി.) (വിമൃശ്യ) സഹി! കഹിംണു ക്ഖു സോ ആവണ്ണാണുകമ്പീഭവേ? (സഖി! ക്വ നു ഖലു സ ആപന്നാനുകമ്പീ ഭവേത്?)

ചിത്രലേഖ: ആട്ടെ, കൊള്ളാം നിശ്ചയം. എന്നാൽ ആരാണു നിന്നെ അങ്ങോട്ടു കൽപ്പിച്ചയക്കുന്നത്?

ഉർവ്വശി: കാമദേവൻ.

ചിത്രലേ: ഇനി എനിക്കൊന്നും ചോദിപ്പാനില്ല.

ഉർവ്വശി: എന്നാൽ ഇഷ്ടതോഴി തടവുകൂടാതെ അവിടെ എത്തുന്നതിനുള്ള വഴി കാണിച്ചുതരൂ.

ചിത്രലേ: തോഴി, വിശ്വാസത്തോടുകൂടി ഇരിക്കൂ. ദേവഗുരുവായ ഭഗവാൻ ബൃഹസ്പതി നമുക്കു അപരാജിത എന്നു പേരായ ശിരോലങ്കാരവിദ്യ ഉപദേശിച്ചു തന്നിട്ടുള്ളതുകൊണ്ട് അസുര ന്മാർക്കു കൂടി നമ്മെ ഉപദ്രവിപ്പാൻ അസാദ്ധ്യമായിട്ടുണ്ടല്ലോ.

ഉർവ്വശി: (ലജ്ജയോടുകൂടി) തോഴി, എല്ലാം ഓർമ്മവന്നു.

ചിത്രലേഖ: തോഴി, നോക്കൂ, നോക്കൂ. കാളിന്ദീസംഗമംകൊണ്ടു അധികം വിശുദ്ധയായ ഗംഗയുടെ ജലത്തിൽ തന്റെ പ്രതിബിംബം നോക്കിനിൽക്കുന്നതുപോലെയുള്ള പ്രതിഷ്ഠാനനഗരത്തിന്റെ ശിരോമണി യായ ആ മഹർഷിയുടെ ഭവനം സമീപിച്ചിരിക്കുന്നു.

ഉർവ്വശി: (ആഗ്രഹത്തോടുകൂടി നോക്കിയിട്ട്) വേറെ ഒരു സ്വർഗ്ഗമെന്നു തന്നെപറയണം തോഴി! ദീനാനുകമ്പിയായ അദ്ദേഹം എവിടെയായിരിക്കും?

ചിത്രലേഖാ: ഹളാ! ഏദസ്സിം ണന്ദണവണേക്കദേസേ വിഅ പമദവണേ അവദരിഅ ജാണിസ്സാമോ (ഹളാ! ഏതസ്മിന്നന്ദനവനൈകദേശ ഇവ പ്രദമവനേ*f*വതീര്യ ജ്ഞാസ്യാവഃ)

(ഉഭേ അവതരതഃ)

(രാജാനാം ദൃഷ്ട്വാ സഹർഷം) സഹി! ഏസോ ക്ഖു പഢമോദിദോ വിഅ ചന്ദോ കോമുദിം വിഅ തുമം പഡിച്ഛദി. (സഖി! ഏഷ ഖലു പ്രഥമോദിത ഇവ ചന്ദ്രഃ കൗമുദീമിവ ത്വാം പ്രതീച്ഛതി.)

ഉർവ്വശി: (വിലോക്യ) ഹളാ! ദാണിം പഢമദംസണാദോ സവിസേസം പിഅദംസണോ മഹാരാഓ പഡിഹാദി (ഹളാ! ഇദാനിം പ്രഥമദർശനാത് സവിശേഷം പ്രിയദർശനോ മഹാരാജഃ പ്രതിഭാതി).

ചിത്രലേഖാ: ജുജ്ജദി താ ഏഹി. ഉവസപ്പംഹ (യുജ്യതേ, തദേഹി. ഉപസർപ്പാവഃ).

ഉർവ്വശി: ണ ദാവ ഉവസപ്പിസ്സം. തിരക്ഖരിണീപഡിച്ഛണ്ണാ പാസ ഗദാസേ ഭവിഅ സുണിസ്സം ദാവ, പാസവത്തിണാ വഅസ്സേണ സഹ വിഅണേ കിം മന്തഅന്തോ ചിട്ഠദിത്തി. (ന താവദുപസർപ്പിഷ്യേ. തിരസ്കരിണീപ്രതിച്ഛന്നാ പാർശ്വഗതാസ്യ ഭൂത്വ ശ്രോഷ്യാമി താവത്. പാർശ്വവർത്തിനാ വയസ്യേന സഹ വിജനേ കിം മന്ത്രയമാണ-സ്തിഷ്ഠതീതി).

ചിത്രലേഖാ: ജം ദേ രോഅദി. (യത്തേ രോചതേ).

(ഉഭേ യഥോക്തമനുതിഷ്ഠതഃ)

വിദൂഷകഃ: ഭോ! ചിന്തിദോ മഏ ദുല്ലഹപ്പണഇണിസമാഅമോവാഓ. (ഭോഃ! ചിന്തിതോ മയാ ദുർല്ലഭപ്രണയിനീസമാഗമോപായഃ) (രാജാ തുഷ്ണീമാസ്തേ).

ഉർവ്വശി: (സേർഷ്യം) കാ ണു ക്ഖു ധണ്ണാ ഇത്ഥിആ? ജാ ഇമിണാ പത്ഥിഅമാണാ അത്താണഅം കിദത്ഥേഇ. (കാ നു ഖലു ധന്യാ സ്ത്രീ? യാ അനേന പ്രാർത്ഥ്യമാനാത്മാനം കൃതാർത്ഥയതി).

ചിത്രലേഖാ: കിം ഉണ മാണുസ്സഅം വിഡംബീഅദി? (കിം പുനർ മാനുഷ്യം വിഡംബ്യതേ?)

ചിത്രലേഖ: ഈ നന്ദനോദ്യാനം പോലെയുള്ള ഉപവനത്തിൽ ഇറങ്ങി അന്വേഷിച്ചറിയുകതന്നെ.

(രണ്ടാളും ഇറങ്ങുന്നു.)

(രാജാവിനെ കണ്ടിട്ടു) തോഴി, ഇതാ ഉദിച്ചുവരുന്ന ചന്ദ്രനെ പ്പോലെയുള്ള ഇദ്ദേഹം ചന്ദ്രികയെ എന്നപോലെ നിന്നെ കാത്തു നിൽക്കുന്നു.

ഉർവ്വശി: തോഴീ, മുമ്പെ കണ്ടപ്പോഴത്തെക്കാളും അധികം പ്രിയ ദർശനനായിരിക്കുന്നു ഇദ്ദേഹം എന്നാണ് എനിക്കു തോന്നുന്നത്.

ചിത്രലേഖ: ശരിയാണ്.

ഉർവ്വശി: തിരസ്കരണികൊണ്ട് മറഞ്ഞ് ഇദ്ദേഹത്തിന്റെ സമീപ ത്തു ചെന്ന് അടുത്തുനിൽക്കുന്ന വയസ്യനോട് ഈ വിജനസ്ഥല ത്തിൽവെച്ച് എന്തോ പറഞ്ഞുകൊണ്ടിരിക്കുന്നതിനെ കേൾക്കുക തന്നെ (അങ്ങനെ ചെയ്യുന്നു.).

വിദൂഷകൻ: ദുർലഭയായ അവളായി ചേരുന്നതിനും ഒരുപായം ആലോചിച്ചു.

(രാജാവ് മിണ്ടാതിരിക്കുന്നു.)

ഉർവ്വശി: ഇദ്ദേഹം പ്രാർത്ഥിക്കകൊണ്ട് കൃതാർത്ഥയായ ആ പെണ്ണേതാണ്?

ചിത്രലേഖ: എന്താണീ മനുഷ്യരുടെ മട്ടെടുക്കുന്നത്?

ഉർവ്വശി: സഹി! ഭീആമി സഹസാ പഭാവാദോ വിണ്ണാദും. (സഖി! ബിഭേമി സഹസാ പ്രഭാവാദ് വിജ്ഞാതും).

വിദൂഷകഃ: ഭോ! ണം ഭണാമി ചിന്തിദോ മഏ ഉവാഓത്തി. (ഭോഃ! നനു ഭണാമി, ചിന്തിതോ മയാ ഉപായ ഇതി).

രാജാ: തേന ഹി കഥ്യതാം.

വിദൂഷകഃ: സവിണഅസമാഅമആരിണിം ണിദ്ദം സേവദു ഭവം. അഹവാ തത്തഭോദീഏ ഉവ്വസീഏ പഡികിദിം ആളിഹിഅ ഓലോഅന്തോ ചിട്ഠദു. (സ്വപ്നസമാഗമകാരിണീം നിദ്രാം സേവതാം ഭവാൻ. അഥവാ, തത്രഭവത്യാ ഉർവ്വശ്യാഃ പ്രതികൃതിമാലിഖ്യാവലോകയം-സ്തിഷ്ഠതു.)

ഉർവ്വശി: (സഹർഷമാത്മഗതം). ഹീണസത്ത ഹിഅഅ! സമസ്സസ, സമസ്സസ. (ഹീനസത്ത്വഹൃദയ! സമാശ്വസിഹി സമാശ്വസിഹി).

രാജാ: ഉഭയമപ്യനുപപന്നം. പശ്യ-

**ഹൃദയമിഷുഭിഃ കാമസ്യാന്തഃ സശല്യമിദം സദാ**
**കഥമുപലഭേ നിദ്രാം സ്വപ്നേ സമാഗമകാരിണീം.**
**ന ച സുവദനാമാലേഖ്യേƒപി പ്രിയാമസമാപ്യ താം**
**മമ നയനയോരുത്ബാഷ്പത്വം സഖേ! ന ഭവിഷ്യതി** 9

ഉർവ്വശി: സഹി! സുദം. ണ ഉണ പജ്ജത്തം ഹിഅഅസ്സ. (സഖി! ശ്രുതം ന പുനഃ പര്യാപ്തം ഹൃദയസ്യ.)

വിദൂഷകഃ: ഏത്തിഓ ഏവ്വ മേ മദിവിഹഓ, (ഏതാവാനേവ മേ മതിവിഭവഃ).

രാജാ: (നിഃശ്വസ്യ)

**നിതാന്തകഠിനാം രുജം മമ ന വേദസാ മാനസീം**
**പ്രഭാവവിദിതാനുരാഗമവമന്യതേവാപി മാം**
**അലബ്ധഫലനീരസം മമ വിധായ തസ്മിൻ ജനേ**
**സമാഗമമനോരഥം, ഭവതു പഞ്ചബാണഃ കൃതീ** 10

ചിത്രലേഖാ: സഹി! സുദം തുഏ (സഖി! ശ്രുതം ത്വയാ)

ഉർവ്വശി: വേഗത്തിൽ പ്രഭാവംകൊണ്ട് വിചാരിച്ചറിവാനെനിക്കു വയ്യാ.

വിദൂഷകൻ: ഇതാ ഞാൻ പറയുന്നു. കൂടിച്ചേരുവാൻ വഴികണ്ടു എന്ന്.

രാജാവ്: എന്നാൽ പറയൂ.

വിദൂഷകൻ: സ്വപ്നത്തിൽ കൂട്ടിച്ചേർക്കുന്ന നിദ്രാഭഗവതിയെ സേവിക്കൂ. അല്ലെങ്കിൽ തത്രഭവതി ഉർവ്വശിയുടെ രൂപമെഴുതിയതു നോക്കിക്കൊണ്ടിരിക്കൂ.

ഉർവ്വശി: (വിചാരം) ധൈര്യമില്ലാത്ത മനസ്സേ! ആശ്വസിക്കൂ, ആശ്വസിക്കൂ.

രാജാവ്: ഇതു രണ്ടും പറ്റില്ല.

**അലർശരശരം കൊണ്ടെന്നുള്ളം സശല്യമതാകയാ**
**ലലസമിഴിയെ സ്വപ്നം കാട്ടുന്ന നിദ്ര വരില്ല മേ;**
**ജലജമുഖിയെച്ചിത്രേ നോക്കിക്കഴിഞ്ഞീടുവോളമി-**
**ജ്ജലമയി സഖേ! കണ്ണിൽച്ചാടാതിരിക്കുകയില്ലഹോ** 9

ചിത്രലേഖ: നീ കേട്ടില്ലേ?

ഉർവ്വശി: ഉവ്വ് കേട്ടു. എന്നാൽ മനസ്സിനു തൃപ്തിയായില്ല.

വിദൂഷകൻ: ഇത്രയ്ക്കേ എനിക്കു ബുദ്ധിശക്തിയുള്ളൂ.

രാജാവ്: (ദീർഘനിശ്വാസത്തോടുകൂടി)

**പെരുത്തൊരഴലുണ്ടെനിക്കറിവതില്ലതാത്തന്വിയാ-**
**ളറിഞ്ഞു വിഭവത്തിനാലപഹസിക്കയെന്നും വരാം;**
**ദുരാപ്തഫലമാകയാൽ വിരസമായെനിക്കേറ്റമാ-**
**സ്സുരാംഗനയിലാശ ചേർത്തഥ ഞെളിഞ്ഞിടട്ടേ സുരൻ.** 10

ചിത്രലേഖ: നീ കേട്ടില്ലേ?

ഉർവ്വശി: ഹദ്ധി ഹദ്ധി! മം ഏവ്വം അവഗച്ഛദി. (ഹാ ധിക് ഹാ ധിക്!) മാമേവമവഗച്ഛതി). (സഖീമവലോക്യ) സഹി! അസമർത്ഥം ഹി അഗ്ഗദോ ഭവിഅ സേ പഡിവാണസ്സ. താ പഹാവണിമ്മിദേണ ഭുജ്ജവത്തേണ സംപാദിദഉത്തരാ ഹോദും ഇച്ഛാമി. (സഖി! അസമർത്ഥാസ്മ്യഗ്രതോ ഭൂത്വാസ്യ പ്രതിവചനസ്യ തത് പ്രഭാവനിർമിതേന ഭൂർജ്ജപത്രേണ സമ്പാദിതോത്തരാ ഭവിതുമിച്ഛാമി.)

ചിത്രലേഖാ: ഹളാ! അണുമദം മേ. (ഹളാ! അനുമതം മേ).

(ഉർവ്വശീ നാട്യേന സസംഭ്രമമഭിലിഖ്യാന്തരാ ക്ഷിപതി)

വിദൂഷകഃ: (ദൃഷ്ട്വാ സസംഭ്രമം) അവിഹാ അവിഹാ! ഭോ! കിം ണു ക്ഖു ഏദം? ഭുഅംഗണിമ്മോഅം കിം മം ഖാദിദും ണിവ ഡിദം? (അവിധാ അവിധാ! ഭോഃ! കിം നു ഖലു ഏതത്? ഭുജംഗ നിർമ്മോകഃ കിം മാം ഖാദിതും നിപതിതഃ?)

രാജാ: (വിഭാവ്യ വിഹസ്യ ച) വയസ്യ! നായം ഭുജംഗനിർമ്മോകഃ. ഭൂർജ്ജപത്രഗതോ*ƒ*യമക്ഷരവിന്യാസഃ.

വിദൂഷകഃ: ണം അദിട്ഠാഏ ഉവ്വസീഏ ഭവദോ പരിദേവിദം സുണിഅ സമാണാണുരാഅസുഅആഇം അക്ഖരാഇം വിസജ്ജി ആഇം ഹോന്തി. (നനു അദൃഷ്ടയോർവ്വശ്യാ ഭവതഃ പരിദേവിതം ശ്രുത്വാ സമാനാനുരാഗ സൂചകാന്യക്ഷരാണി വിസൃഷ്ടാനി ഭവന്തി.)

രാജാ: നാസ്ത്യഗതിർമനോരഥാനാം. (ഗൃഹീത്വാനുവാച്യ ച സഹർഷം) സഖേ! പ്രസന്നസ്തേ തർക്കഃ.

വിദൂഷകഃ ഹീ ഹീ ഭോ! കിം ബംഹണവഅണാണി അണ്ണധാ ഹോന്തി? ദാണിം പസീദദു ഭവം, ജം ഏത്ഥ ലിഹിദം തം സുണി ദും ഇച്ഛാമി. (ഹീ ഹീ ഭോഃ! കിം ബ്രാഹ്മണവചനാന്യന്യഥാ ഭവന്തി? തദിദാനീം പ്രസീദതു ഭവാൻ. യദത്ര ലിഖിതം തത് ശ്രോതുമിച്ഛാമി.)

ഉർവ്വശീ: സാഹു അജ്ജ! ണാഅരിഓസി (സാധു ആര്യ! നാഗരികോ*ƒ* സി).

രാജാ: വയസ്യ! ശ്രൂയതാം

വിദൂഷകഃ അവഹിദോംഹി. (അവഹിതോ*ƒ*സ്മി.)

ഉർവ്വശി: കഷ്ടം! കഷ്ടം! എന്നെയും മഹാരാജാവിങ്ങനെയാണ് മനസ്സിലാക്കിയിരിക്കുന്നത്? ഇതിനുത്തരം നേരിട്ടുപറവാനെനിക്കു സാമർത്ഥ്യമില്ലതാനും. അതിനാൽ പ്രഭാവംകൊണ്ട് ഭൂർജ്ജപത്രത്തിൽ ഒരെഴുത്തുണ്ടാക്കി അദ്ദേഹത്തിന്റെ മുമ്പിലിടുവാനാണ് ഞാൻ വിചാരിക്കുന്നത്.

ചിത്രലേഖ: അതെനിക്കു ബോധിച്ചു.

(ഉർവ്വശി പരിഭ്രമത്തോടെ അങ്ങനെ ചെയ്യുന്നു.)

വിദൂഷകൻ: (സംഭ്രമത്തോടുകൂടി) അയ്യോ! അയ്യോ! എന്താണിത്? പാമ്പിന്റെ ഉറപോലെ ഏതാണ്ടൊന്നു നേരിട്ടു വരുന്നു.

രാജാവ്: ഇതു പാമ്പിന്റെ ഉറയല്ല. ഭൂർജ്ജപത്രത്തിലെഴുതിയ ഒരെഴുത്താണിത്.

വിദൂഷകൻ: എന്നാൽ തത്രഭവതി ഉർവ്വശി ഇവിടുത്തെ ആവലാതി കേട്ടിട്ടു രാഗസൂചകമായ എഴുത്തയച്ചതായിരിക്കും.

രാജാവ്: മനോരഥത്തിനു പോവാൻ വയ്യാത്ത വഴിയില്ലല്ലോ. (വാങ്ങി വായിച്ചിട്ട്) തന്റെ ഊഹം ശരിയായിരിക്കുന്നു.

വിദൂഷകൻ: ഇനി ഇവിടുന്ന് ഈ എഴുത്തു കല്പിച്ചു വായിച്ചു കേട്ടാൽകൊള്ളാം.

ഉർവ്വശി: ആര്യ അങ്ങു നാഗരികൻ തന്നെ.

രാജാവ്: തോഴരേ കേൾക്കൂ.

വിദൂഷകൻ: ഇതാ ഞാൻസശ്രദ്ധനായിരിക്കുന്നു.

രാജാ: (വാചയതി)

**സാമിഅ സംഭാവിഅ ജഹ അഹം തുഏ്ഏ അണുമിആ**
**തഹ അണുരത്തസ്യ ജഇ ണാമ തുഹ ഉവരി**
**കിം മേ ലളിഅപാരിജാഅസഅണിജ്ജമ്മി ഹോന്തി**
**ണന്ദണവണവാദാ വി അച്ചുൺഹആ സരീരഏ** 11

**(സ്വാമിൻ! സംഭാവിത യഥാഹം ത്വയാ അനുമിതാ**
**തഥാനുരക്തസ്യ യദി നാമ തവോപരി**
**കിം മേ ലളിതപാരിജയതശയനീയേ ഭവന്തി**
**നന്ദനവനവാതാ അപ്യത്യുഷ്ണകഃ ശരീരകേ)**

ഉർവ്വശി: കിം ണു ക്ഖു സംപദം ഭണിസ്സദി? (കിം നു ഖലു സാമ്പ്രതം ഭണിഷ്യതി?)

ചിത്രലേഖാ: ണം ഭണിദം ഏവ്വ മിളാണകമലണാളാഅമാണേ ഹിം അംഗേഹിം (നനു ഭണിതമേവ മ്ലാനകമലനാളായമാനൈരംഗൈഃ)

വിദൂഷകഃ: ദിട്ഠിആ മഏ ബുഭുക്ഖിദേണ സോത്ഥിവാഅണം വിഅ ഉവലദ്ധം ഭവദാ ഉക്കണ്ഠിദേണ സമാസാസണം. (ദിഷ്ട്യാ മയാ ബുഭുക്ഷിതേന സ്വസ്തിവാചനമിവോപലബ്ധം ഭവതോത്കുണ്ഠിതേന സമാശ്വാസനം.)

രാജാ: സമാശ്വാസനമിതി കിമുച്യതേ?

**തുല്യാനുരാഗപിശുനം ലളിതാർത്ഥബന്ധം**
**പത്രേ നിവേശിതമുദാഹരണം പ്രിയായാഃ**
**ഉത്പക്ഷ്മണാ മമ സഖേ! മദിരേക്ഷണായാ**
**സ്തസ്യാഃ സമാഗതമിവാനനമാനനേന** 12

ഉർവ്വശി: ഏത്ഥ ണോ സമവിഭാആ പീദീ. (അത്രാവയോഃ സമവിഭാഗാ പ്രീതിഃ).

രാജാ: വയസ്യ! അംഗുലിസ്വേദേന ദുഷ്യേരന്നക്ഷരാണി. ധാര്യതാമയം മമ പ്രിയായാഃ സ്വഹസ്തലേഖഃ.

രാജാവ്: (വായിക്കുന്നു)

**അങ്ങനെ നിരുപിക്കരുതേയങ്ങീ നിർഭാഗ്യയാം ഞാ-**
**നങ്ങനെയനുരാഗിച്ചിടുമങ്ങയിലേവമാണെങ്കിൽ**
**ചിന്നിച്ചിതറിന മടുമലർതന്നിലുരുണ്ടീടുമെന്നുടലിൽ**
**നന്ദനവനമണമണികുളുർതെന്നൽ ചൂടുമട്ടു തട്ടീടുമോ? 11**

ഉർവ്വശി: ഇപ്പോളെന്താണാവോ പറവാൻ ഭാവിക്കുന്നത്?

ചിത്രലേഖ: താമരവലയംപോലെ വിളർത്ത ശരീരംകൊണ്ട് ഇദ്ദേഹം പറഞ്ഞുകഴിഞ്ഞുവല്ലോ.

വിദൂഷകൻ: ആവൂ, വിശന്നിരിക്കുന്ന എനിക്കു സദ്യക്ഷണം കിട്ടുന്നതുപോലെ ഇവിടേക്കും ഇങ്ങനെ ഒരു ആശ്വാസനകാരണം കിട്ടിയല്ലോ.

രാജാവ്: ആശ്വാസനം എന്നെന്തിനു പറയുന്നു?

**ഒപ്പം സ്വരാഗമറിയിച്ചു നവാർത്ഥഭംഗി**
**യുൾപ്പെട്ട മൽപ്രിയ കുറിച്ചൊരു ചാരുപത്രം**
**ഉൾപക്ഷ്മമായ് മമ മുഖത്തൊടു തന്മുഖം ചേർ-**
**ന്നിപ്പോളിണങ്ങിയതുപോലെ സഖേ, വിളങ്ങി 12**

ഉർവ്വശി: ഇതിൽ നമുക്കു രണ്ടുപേർക്കും ഒരു പോലെയാണ് സന്തോഷം.

രാജാവ്: തോഴരേ, എന്റെ കൈയിന്മേലുള്ള വിയർപ്പുകൊണ്ട് അക്ഷരം മാഞ്ഞുപോയേക്കാം. അതുകൊണ്ടു പ്രിയയുടെ എഴുത്തു താൻ പിടിച്ചുകൊള്ളൂ.

വിദൂഷകഃ: (ഗൃഹീത്വാ) കിം ദാണിം തത്താഭോദീ ഉവ്വസി ഭവദോമണോ രഹാണം കുസുമം ദംസിഅ ഫലേ വിസംവദദി? (കിമിദാനീം തത്ര ഭവത്യുർവ്വശി ഭവതോ മനോരഥാനാം കുസുമം ദർശയിത്വാ ഫലേ വിസംവദതി?)

ഉർവ്വശീ: സഹി! ജാവ ഉവഗമണകാദരം ഹിഅഅം പജ്ജവർത്ഥാവേമി, ദാവ തുമം സേ അത്താണം ദംസിഅ ജം മേ ഖമം, തം ഭണാഹി, (സഖീ! യാവദുപഗമനകാതരം ഹൃദയം പര്യവസ്ഥാപയാമി, താവത് ത്വമസ്യാത്മാനം ദർശയിത്വാ യന്മമ ക്ഷമം, തത് ഭണ.)

ചിത്രലേഖാ: തഹ, (തിരസ്കരിണീമപനീയ രാജാനമുപേത്യ) ജേദു ജേദു മഹാരാഓ! (തഥാ. ജയതു ജയതു മഹാരാജഃ!)

രാജാ: (ദൃഷ്ട്വാ സഹർഷം) സ്വാഗതം ഭവത്യൈ. (പാർശ്വമവലോക്യ). ഭദ്രേ!

**ന തഥാ നന്ദയസി മാം സഖ്യാ വിരഹിതാ തയാ**
**സംഗമേ ദൃഷ്ടപൂർവ്വേവ യമുനാ ഗംഗയാ വിനാ** 13

ചിത്രലേഖാ: ണം പഢമം മേഹരാഈ ദിസദി, പച്ഛാ വിജ്ജുലദാ. (നനു പ്രഥമം മേഘരാജിർദൃശ്യതേ, പശ്ചാദ്വിദ്യുല്ലതാ).

വിദൂഷകഃ: (അപവാര്യ) കഹം ണ ഏസാ ഉർവ്വസീ? താഏ തത്തഹോദീഏ അഹിമദാ സഹഅരീ? (കഥം നൈഷോർവ്വശീ? തസ്യാസ്തത്രഭവത്യാ അഭിമതാ സഹചരീ?)

രാജാ: ഏതദാസനമാസ്യതാം.

ചിത്രലേഖാ: ഉവ്വസീ മഹാരാഅം സിരസാ പണമിഅ വിണ്ണവേദി. (ഉർവ്വശീ മഹാരാജം ശിരസാ പ്രണമ്യ വിജ്ഞാപയതി.)

രാജാ: കിമാജ്ഞാപയതി?

ചിത്രലേഖാ: 'തസ്സിം സുരാരിസംഭവേ ദുജ്ജാദേ മഹാരാഓ ഏവ്വ സരണം ആസി. സാ അഹം സമ്പദം തുഹ ദംസണ സഉത്ഥേണ മഅണേണ ബലിഅം ബാഹിഅമാണാ ഭൂഓവി മഹാരാഏണ അണുകമ്പണീഅത്തി (തസ്മിൻ സുരാരിസംഭവേ ദുർജാതേ മഹാരാജ ഏവ ശരണമാസീത്. സാഹം സാമ്പ്രതം തവ ദർശന സദുത്ഥേന മദനേന ബലവത് ബാധ്യമാനാ ഭൂയോ$f$പി മഹാരാജേനാനുകമ്പനീയാ' ഇതി).

വിദൂഷകൻ: അങ്ങനെതന്നെ (വാങ്ങിച്ചിട്ട്) തോഴരേ, ഇവിടുത്തെ മനോരഥത്തിനു പൂക്കാണിച്ചിട്ട് തത്രഭവതി ഉർവ്വശി ഫലത്തിനു താമസിപ്പിക്കുന്നതെന്താണ്?

ഉർവ്വശി: തോഴീ, ഞാൻ ചെല്ലുവാൻ പരിഭ്രമം കളഞ്ഞ് മനസ്സുറപ്പിക്കട്ടെ. നീ ഇദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷമായി ചെന്ന് എനിക്കു വേണ്ടതുപോലെ പറയു.

ചിത്രലേഖ: അങ്ങനെതന്നെ. (തിരസ്കരണിയെ കളഞ്ഞു രാജാവിന്റെ സമീപത്തു ചെന്നിട്ട്) മഹാരാജാവു സർവ്വോൽക്കർഷേണ വർത്തിച്ചാലും.

രാജാവ്: (സംഭ്രമത്തോടും സന്തോഷത്തോടുംകൂടി) അങ്ങേക്കു സ്വാഗതം.

**എന്നിലാ നന്ദിചേർക്കുന്നില്ലിന്നാത്തോഴിയൊഴിഞ്ഞ നീ**
**നന്നായിഗ്ഗംഗയായ് ചേരുമ്മുന്നം കാളിന്ദിപോലെടോ 13**

ചിത്രലേഖ: മുമ്പിൽ മേഘമാലയെ കാണും. പിന്നെയല്ലേ മിന്നൽ?

വിദൂഷകൻ: (വിചാരം) അല്ലാ, ഇത് ഉർവ്വശിയല്ലേ? തത്രഭവതിയുടെ ഇഷ്ടതോഴിയായിരിക്കണം.

രാജാവ്: ഈ ആസനത്തിൽ ഇരിക്കൂ.

ചിത്രലേഖ: (ഇരുന്നിട്ട്) ഉർവ്വശി മഹാരാജാവിനെ നമസ്കരിച്ച് ഉണർത്തിക്കുന്നു.

രാജാവ്: എന്താണു കല്പിക്കുന്നത്.

ചിത്രലേഖ: "എനിക്ക് അസുരനിൽ നിന്നുണ്ടായ ആപത്തിൽ മഹാരാജാവുതന്നേ ശരണമുണ്ടായുള്ളൂ. ആ അങ്ങയെ കാണുക കൊണ്ടുണ്ടായ കാമത്താൽ ഏറ്റവും പീഡിതയായിരിക്കുന്നതിനാൽ ഇനിയും അങ്ങുതന്നെ എന്നിൽ കരുണ ചെയ്യണം"' എന്ന്.

രാജാ: അയി ഭദ്രമുഖി!

**പര്യുത്സുകാം കഥയസി പ്രിയദർശനം താ**
**മാർത്തം ന പശ്യസി പുരൂരവസം തദർത്ഥേ**
**സാധാരണോ$f$യമുഭയോഃ പ്രണയോ യതസ്വ**
**തപ്തേന തപ്തമയസാ ഘടനായ യോഗ്യം 14**

ചിത്രലേഖാ: (ഉർവ്വശീമുപേത്യ) സഹി! ഏഹി. തുവത്തോ വിണിദ്ദഅദരം മഅണം പേക്ഖിഅ പിഅഅമസ്സ ദേ ദൂദിമ് ഹി സംവുത്താ. (സഖി! ഏഹി. ത്വത്തോ$f$പി നിർദയതരം മദനം പ്രേക്ഷ്യ പ്രിയതമസ്യ തേ ദുത്യസ്മി സംവൃത്താ.)

ഉർവ്വശി: (തിരസ്കരിണീമപനീയ) അയി അണവത്ഥിദേ! ലഹു അം തുഏഉജ്ഝിദംഹി. (അയി അനവസ്ഥിതേ! ലഘു ത്വയോജ്ഝിതാസ്മി.)

ചിത്രലേഖാ: (സസ്മിതം) സഹി! ഇദോ മുഹുത്താദോ ജാണിസ്സം, കാ കംഉജ്ഝിസ്സദിത്തി. ആആരം ദാവ പഡിവജ്ജ. (സഖി! ഇതോ മൂഹൂർത്താത് ജ്ഞാസ്യാമി. കാ കാമുജ്ഝിഷ്യതീതി. ആചാരം താവത് പ്രതിപദ്യസ്വ).

ഉർവ്വശി: (സസാധ്വസാ രാജാനമുപേത്യ പ്രണമ്യ ച സവ്രീഡം) ജേദു ജേദു മഹാരാഓ! (ജയതു ജയതു മഹാരാജഃ!)

രാജാ: (സഹർഷം) സുന്ദരി!

**മയാ നാമ ജിതം യസ്യ ത്വയായം സമുദീര്യതേ**
**ജയശബ്ദഃ സഹസ്രാക്ഷാദഗതഃ പുരുഷാന്തരം 15**

(ഹസ്തേ ഗൃഹീത്വൈനാമുപവേശയതി).

വിദൂഷകഃ: ഭോദി! രണ്ണോ പിഅവഅസ്സോ ബ്രഹ്മണോ കിം ണ വന്ദീഅദി? ( ഭവതി! രാജ്ഞഃ പ്രിയവയസ്യോ ബ്രാഹ്മണഃ കിം ന വന്ദ്യതേ?)

(ഉർവ്വശീ സസ്മിതം പ്രണമതി)

വിദൂഷകഃ: സോത്ഥി ഭോദീഏ (സ്വസ്തി ഭവത്യൈ.)

(നേപഥ്യേ ദേവദൂതഃ)

ചിത്രലേഖ! ത്വരയ ത്വരയോർവ്വശീം.

**മുനിനാ ഭരതേന യഃ പ്രയോഗോ ഭവതീഷ്വഷ്ടരസാശ്രയോ നിയുക്തഃ**
**ലളിതാഭിനയം തമദ്യഭർത്താ മരുതാം ദ്രഷ്ടുമനാഃ സലോകപാലഃ 16**

(സർവ്വേ കർണ്ണം ദദതി. ഉർവ്വശീ വിഷാദം രൂപയതി).

രാജാവ്: അല്ലേ സുമുഖി!

**കൊണ്ടാടിയസ്സുമുഖിതന്നഴൽ ചൊല്ലിടും നീ**
**കണ്ടീലയോ തദുദിതാർത്തി പുരൂരവസ്സിൽ?**
**രണ്ടാളിലും പ്രണയമൊപ്പമുരുക്കുരുക്കി-**
**ക്കൊണ്ടാണിണക്കുവ,തതിൻവിധമിങ്ങനംഗൻ. 14**

ചിത്രലേഖ: (ഉർവ്വശിയുടെ അടുക്കൽചെന്നിട്ട്) തോഴി, മന്മഥനാൽ നിന്നെക്കാളധികം നിർദ്ദയമായി പീഡിതനായിരിക്കുന്നതു കണ്ടിട്ട് ഞാൻ നിന്റെ പ്രിയതമന്റെ ദൂതിയായിത്തീർന്നിരിക്കുന്നു. അതിനാൽ അങ്ങോട്ടു പോവുക.

ഉർവ്വശി: (സാദ്ധ്വസത്തോടുകൂടി) വ്യവസ്ഥയില്ലാത്തവളേ, നീ എന്നെ ഉപേക്ഷിച്ചുവല്ലേ?

ചിത്രലേഖ: (പുഞ്ചിരിയോടുകൂടി) ആരാരെയാണ് ഉപേക്ഷിക്കുന്നത് എന്നു താമസിയാതെ അറിയാറാവും. ആട്ടെ, ആകൃതിയെ കാണിക്കുക തന്നെ.

ഉർവ്വശി: (തിരസ്കരണി കളഞ്ഞ് അടുത്തു ചെന്നു ലജ്ജയോടുകൂടി) മഹാരാജാവ് ജയിച്ചാലും!

രാജാവ്: സുന്ദരി!

**ഓഹോ! പാരം ജയിച്ചേൻ ഞാൻ സ്നേഹാൽ നിന്റെ ജയേ രണം**
**മഹേന്ദ്രനെന്നിയേ മറ്റു മഹാനേൽക്കാത്തതേൽക്കയാൽ 15**

(കൈപിടിച്ച് ആസനത്തിൽ ഇരുത്തുന്നു.)

വിദൂഷകൻ: മഹാരാജാവിന്റെ ഇഷ്ടനായ ബ്രാഹ്മണനെ വന്ദിക്കാതെ എന്തിരിപ്പാണിത്?

(ഉർവ്വശി ചിരിച്ചുകൊണ്ടു നമസ്കരിക്കുന്നു).

വിദൂഷകൻ: മംഗളം ഭവിക്കട്ടെ.

(അണിയറിയിൽ ദേവദൂതൻ)

ചിത്രലേഖേ ഉർവ്വശിയെ വേഗം പുറപ്പെടിക്കൂ!

**ഭരതൻ മുനി നിങ്ങളെപ്പഠിപ്പിച്ചൊരു നല്ലഷ്ടരസാഢ്യനാട്യമെല്ലാം,**
**സരസം ക്രമമായ് നടിച്ചുകാണ്മാൻ ഹരി ലോകേശരൊടൊത്തു കാത്തിടുന്നു 16**

(എല്ലാവരും കേൾക്കുന്നു. ഉർവ്വശി വിഷാദം നടിക്കുന്നു).

ചിത്രലേഖാ: സുദം പിഅസഹീഏ ദേവദൂതസ്യ വഅണം? താ അണുമാണിഅദു മഹാരാഓ. (ശ്രുതം പ്രിയസഖ്യാ ദേവദൂതസ്യ വചനം?) തദനുമാന്യതാം മഹാരാജഃ)

ഉർവ്വശി: ണസ്ഥി മേ വാആ (നാസ്തി മേ വാചാ).

ചിത്രലേഖാ: മഹാരാഅ! ഉവ്വസീ വിണ്ണവേദി 'പരവസോ അഅം ജണോ താ മഹാരാഏണ അബ്ഭണുണ്ണാദാ ഇച്ഛാമി ദേവേസു അണ വരദ്ധം അത്താണാഅം കാദും'ത്തി. (മഹാരാജ! ഉർവ്വശീ വിജ്ഞാപയതി 'പരവശോ$f$യം ജനഃ തന്മഹാരജേനാഭ്യനുജ്ഞാതാ ഇച്ഛാമി ദേവേഷന-പരാദ്ധമാത്മാനം കർത്തും' ഇതി.)

രാജാ: (കഥംകഥമപി വാചം വ്യവസ്ഥാപ്യ) നാസ്മി ഭവത്യോരീശ്വര നിയോഗപ്രത്യർത്ഥീ. സ്മർത്തവ്യസ്ത്വയം ജനഃ)

(ഉർവ്വശി വിയോഗദുഃഖം രൂപയിത്വാ രാജാനം പശ്യന്തീ സഹസഖ്യാ നിഷ്ക്രാന്താ).

രാജാ: (നിഃശ്വസ്യ) സഖേ! വൈയർത്ഥ്യമിവ മേ ചക്ഷുഷോഃ സംപ്രതി.

വിദൂഷകഃ: (പത്രം ദർശയിതുകാമഃ) ണം ഏദം (ഇതി അർദ്ധോക്തേ സ വിഷാദാമാത്മഗതം) ഹദ്ധി ഹദ്ധി! ഉവ്വസീദംസണവിംഹിദേണ മഏ തം ഉജ്ജവത്തഅം പബ്ഭട്ടം വി ഹത്ഥാദോ പമാദേണ ണ വിണ്ണാദം (നനു ഏതത്, ഹാ ധിക്, ഹാ ധിക്, ഉർവ്വശീദർശനവിസ്മിതേന മയാ തത് ഭൂർജ്ജപത്രം പ്രഭ്രഷ്ടമപി ഹസ്താത്. പ്രമാദേന ന വിജ്ഞാതം).

രാജാ: ഭദ്ര! കിമസി വക്തുകാമ ഇവ.

വിദൂഷകഃ: ഏവ്വം വത്തുകാമോംഹി 'ദിഢം ക്ഖു തുഇ ബദ്ധഭാവാ ഉവ്വസീ ണ സാ ഇദോഗദം അണുരാഅം സിഢിലേദി' ത്തി. (ഏവം വക്തുകാമോ$f$സ്മി ' ദൃഢം ഖലു ത്വയി ബദ്ധഭാവാ ഉർവ്വശീ. ന സാ ഇതോഗതമനുരാഗം ശിഥിലയതി' ഇതി).

രാജാ: മമാപ്യേതദാംശംസി മനഃ തയാ ഖലു പ്രസ്ഥാനേ,

**അനീശയാ ശരീരസ്യ സ്വവശം ഹൃദയം മയി**
**സ്തനകമ്പക്രിയാലക്ഷ്യൈർന്യസ്തം നിഃശ്വസിതൈരിവ.** **17**

ചിത്രലേഖ: ദേവദൂതന്റെ വാക്കു കേട്ടില്ലേ? ഇതു മഹാരാജാവിനെ അറിയിക്കൂ.

ഉർവ്വശി: (ദീർഘശ്വാസമിട്ടിട്ട്) എനിക്കു പറവാൻ ശക്തിയില്ല.

ചിത്രലേഖ: മഹാരാജാവേ, ഉർവ്വശി അറിയിക്കുന്നു, 'ഞാൻ പരതന്ത്രയാണ്. അങ്ങയുടെ അനുമതിയുണ്ടെങ്കിൽ ദേവേന്ദ്രന്ന് അനപരാധിനിയായിരുന്നാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ട്' എന്ന്.

രാജാവ്: (തൊണ്ട വിറച്ചു പ്രയാസപ്പെട്ട്) ഞാൻ നിങ്ങളുടെ സ്വാമി കല്പിക്കുന്നതിനെ വിരോധിക്കുന്നവനല്ല. എന്നാൽ ഈയുള്ളവനെ ഓർമ്മയുണ്ടായിരിക്കണേ.

(ഉർവശി വിയോഗദുഃഖത്തെ നടിച്ചു രാജാവിനെ നോക്കിക്കൊണ്ടു ചിത്രലേഖയോടുകൂടി പോകുന്നു.)

(ദീർഘശ്വാസത്തോടുകൂടി) തോഴരേ, കണ്ണു വെറുതെയാണെന്നു തോന്നുന്നു ഇപ്പോൾ.

വിദൂഷകൻ: എന്നാൽ ഭൂർജ്ജ (എന്നു പകുതി പറഞ്ഞിട്ടു വിചാരം) അയ്യോ കഷ്ടം! ഉർവ്വശിയെ കണ്ട് അത്ഭുതപ്പെട്ട് എന്റെ കൈയിൽനിന്നു ഭുർജ്ജപത്രം പോയതു ഞാനറിഞ്ഞില്ലല്ലോ.

രാജാവ്: തോഴരേ, താനെന്താണു പറയുവാൻ ഭാവിച്ചത്?

വിദൂഷകൻ: ഇവിടുന്നു പരിഭവിക്കേണ്ട. ഉർവ്വശിക്ക് ഇവിടുത്തെ പേരിൽ നന്നെ അനുരാഗമുണ്ട്. ഇവിടുന്നിപ്പോൾ പോയതുകൊണ്ട് ആ അനുരാഗം കുറഞ്ഞുപോകുന്നതല്ല.

രാജാവ്: ഇത് എന്റെ ഉള്ളിലും ഉള്ളതാണ്. അവൾ ഇവിടുന്നു പുറപ്പെട്ടപ്പോൾ

**കോലും സ്വാതന്ത്ര്യമങ്ങില്ലെന്നാലുമെന്നിൽ മനസ്സിനെ**
**മുല തുള്ളുന്ന നിശ്വാസബലാൽ വെച്ചെന്നു തോന്നിടും** **17**

വിദുഷകഃ (സ്വഗതം) വേവദി മേ ഹിഅഅം. ഇമം വേലം അത്ത ഭവദാ തസ്സ ഭുജ്ജവത്തസ്സ ണാമ ഗേൺഹിദവ്വം ത്തി. (വേപതേ മേ ഹൃദയം ഇമാം വേലാമത്രഭവതാ തസ്യ ഭൂർജ്ജപത്രസ്യ നാമ ഗ്രഹീതവ്യമിതി).

രാജാ: വയസ്യ! കേനേദാനീം ദൃഷ്ടിം വിലോഭയാമി? (സ്മൃത്വാ) ആഃ! ഉപനയതു ഭവാൻ ഭൂർജ്ജപത്രം.

വിദൂഷകഃ (സർവ്വതോ ദൃഷ്ട്വാ വിഷാദം നാടയതി) ഹന്ത! ണ ദിസ്സദി. ഭോ! ദിവ്വം ക്ഖു തം ഭുജ്ജവത്തം ഗദം ഉവ്വസീഏ മഗ്ഗേണ. (ഹന്ത! ന ദൃശ്യതേ. ഭോഃ! ദിവ്യം ഖലു തത് ഭൂർജ്ജപത്രം ഗതമുർവ്വശ്യാ മാർഗ്ഗേണ.)

രാജാ: (സാസൂയം) അഹോ! സർവ്വത്ര പ്രമാദീ വൈധേയഃ നനു വിചിനോതു ഭവാൻ.

വിദൂഷകഃ: (ഉത്ഥായ) ണം ഇദോ ഭവേ. ഇഹ വാ ഭവേ. ഇഹ വാ ഭവേ (നനു ഇതോ ഭവേത്. ഇഹ വാ ഭവേത്, ഇഹ വാ ഭവേത്.)

(ഇതി വിചേതവ്യം നാടയതി)

(തതഃ പ്രവിശതി സപരിവാരാ കാശിരാജപുത്രി ദേവീ ചേടീ ച)

ദേവീ: ഹംജേ ണിഉണിഏ! സച്ചം തുഏ ഭണിദം. 'ഇദം ലദാ ഗേഹം പവിസന്തോ അജ്ജമാണവ! അസഹാഓ അജ്ജഉത്തോദിട്ഠോ'ത്തി? (ഹഞ്ജേ നിപുണികേ! സത്യം ത്വയാ ഭണിതം. ഇമം ലതാഗൃഹം പ്രവിശന്നാര്യമാണവകസഹായ ആര്യപുത്രോ ദൃഷ്ട' ഇതി?)

നിപുണികാ: കിം അണ്ണഹാ ഭട്ടിണീ മഏ കദാവി വിണ്ണാവിദപുവ്വാ? (കിമന്യഥാ ഭട്ടിനീ മയാ കദാപി വിജ്ഞാപിതപൂർവ്വാ?)

ദേവീ: തേണ ഹി ലദാവിഡവന്തരിദാ സുണിസ്സം ദാവ സേ വീസദ്ധാ മന്തിദാണി, ജം തുഏ കഹിദം തം സച്ചം ണ വത്തി. (തേന ഹി ലതാ വിടപാന്തരിതാ ശ്രോഷ്യാമി താവദസ്യ വിസ്രബ്ധാ മന്ത്രിതാനി യത്ത്വയാ കഥിതം. തത്സത്യം ന വേതി.)

നിപുണികാ: ജം ഭട്ടിണിഏ രുച്ചദി. (യത് ഭട്ടിന്യൈ രോചതേ).

ദേവീ: (പരിക്രമ്യ പുരസ്താദവലോക്യ ച) ഹഞ്ജേ ണിഉണിഏ! കിം ണു ക്ഖു ഏദം ജിണ്ണചിഅരം വിഅ ഇദോമുഹം ദക്ഖിണമാരുദേണ ആണിഅദി? (ഹഞ്ജേ നിപുണികേ! കിം നു ഖലേതത് ജീർണ്ണ ചീവരമിവേതോമുഖം ദക്ഷിണമാരുതേനാനീയതേ?)

വിദൂഷകൻ: ഇദ്ദേഹമെങ്ങാനും ഭൂർജ്ജപത്രത്തിന്റെ കഥ പറഞ്ഞെങ്കിലോ എന്നു വിചാരിച്ച് എന്റെ മനസ്സ് ഞെടുങ്ങുന്നു.

രാജാവ്: തോഴരേ, ഇപ്പോൾ ഉന്മനസായിരിക്കുന്ന ആത്മാവിനെ എന്തുകൊണ്ടു വിനോദിപ്പിക്കേണ്ടൂ? (വിചാരിച്ചിട്ട്) ആ ഭൂർജ്ജപത്രം കാണട്ടെ.

വിദൂഷകൻ: (നാലുപുറത്തും നോക്കി വിഷാദത്തോടുകൂടി) അയ്യോ അതിവിടെ കാണുന്നില്ലല്ലോ തോഴരേ, ആ ഭുർജ്ജപത്രം ദിവ്യമായിട്ടുള്ളതല്ലേ? അതും ഉർവ്വശി പോയ വഴിക്കു പോയി.

രാജാവ്: (ദേഷ്യത്തോടെ) വിഡ്ഢിക്ക് എല്ലാ കാര്യത്തിലും അന്ധാളിത്തമേയുള്ളു. തിരഞ്ഞു നോക്കു.

വിദൂഷകൻ: ഇവിടെ ഉണ്ടായിരിക്കും. അല്ലാ ഇവിടെയായിരിക്കും (തിരയുന്നു.)

(അനന്തരം വിചാരത്തോടുകൂടി കാശിരാജപുത്രിയും ചേടിയും പ്രവേശിക്കുന്നു.)

ദേവീ: ആര്യമാണവകനോടുകൂടി ആര്യപുത്രൻ ലതാഗൃഹത്തിലേക്കു കടക്കുന്നതു കണ്ടു എന്നു നീ പറഞ്ഞതു സത്യംതന്നെയല്ലേ?

നിപുണിക: അടിയൻ തമ്പുരാട്ടിയോട് എപ്പോഴെങ്കിലും അസത്യം പറഞ്ഞിട്ടുണ്ടോ?

ദേവീ: എന്നാൽ അദ്ദേഹം വിശ്വാസത്തോടുകൂടി പറയുന്നതിനെ ലതകളുടെ ഇടയിൽ മറഞ്ഞുനിന്നു കേൾക്കുകതന്നെ. നീ പറഞ്ഞതു സത്യമോ അല്ലയോ എന്ന് അറിയാമല്ലോ!

നിപുണിക: ഇവിടത്തെ തിരുമനസ്സുപോലെ.

ദേവീ: (ചുറ്റിനടന്ന് മുമ്പോട്ടു നോക്കീട്ട്) നിപുണികേ, എന്താണിത്, കീറമരവിരിപോലെ തെക്കൻകാറ്റ് ഇങ്ങോട്ടു പറപ്പിച്ചുകൊണ്ട് വരുന്നത്?

നിപുണികാ: (വിഭാവ്യ) ഭട്ടിണി! പഡിവത്തണവിഭാവിദക്ഖരം ഭുജ്ജവത്തം ക്ഖു ഏദം. ഹന്ത ഭട്ടിണീഏ എവ്വണേഉരകോഡിഏ ലഗ്ഗം (ഭട്ടിനി! പരിവർത്തനവിഭാവിതാക്ഷരം ഭൂർജ്ജപത്രം ഖല്വേതത്. ഹന്ത! ഭട്ടിന്യാ ഏവ നൂപുരകോട്യാം ലഗ്നം) (ഗൃഹീത്വാ) ണം വാഇഊഅദു ഏദം (നനു വാച്യതാമേതത്)

ദേവീ: അണുവാഏഹി ദാവ ഏദം. ജദി അവിരുദ്ധം തദോ സുണിസ്സം

(അനുവാചയ താവദേതത് യദ്യവിരുദ്ധം തതഃ ശ്രോഷ്യാമി).

നിപുണികാ: (തഥാ കൃത്വാ) ഭട്ടിണി! തം ഏവ്വ കോലീണം വിഅപഡി ഹാദി ഭട്ടാരഅം ഉദ്ദിസിഅ ഉവ്വസീഏ കവ്വബന്ധോ ത്തി തക്കേമി അജ്ജ മാണവ അപമാദേണ അ അംഹാണം ഹത്ഥം ആഗദോ ത്തി. (ഭട്ടിനി! തദേവ കൗലീനമിവ പ്രതിഭാതി. ഭർത്താരമുദ്ദിശ്യോർവ്വശ്യാഃ കാവ്യബന്ധ ഇതി തർക്കയാമി. ആര്യമാണവകപ്രമാദേന ചാവയോർഹസ്തമാഗതഃ ഇതി)

ദേവീ: തേണ ഹി സേ ഗഹീദത്ഥാ ഹോമി (തേന ഹ്യസ്യ ഗൃഹീതാർത്ഥാ ഭവാമി)

(നിപുണികാ വാചയതി)

(ശ്രുത്വാ) ഏത്ഥ ഇമിണാ എവ്വ ഉവാഅണേണ തം അച്ഛരാ

കാമുഅം പേക്ഖാമി. (അത്രാനേനൈവോപായനേന തമപ്സരഃ കാമുകം പ്രേക്ഷേ).

നിപുണികാ: തഹ (തഥാ)

(ഇതി പരിജനസഹിതേ ലതാഗൃഹം പരിക്രാമതഃ)

വിദൂഷകഃ: (വിലോക്യ) ഭോ വഅസ്സ! കിം ഏദം പവണവ സഗാമി പമദവണസമീവഗദകീലാപവ്വദപജ്ജന്തേ ദീസദി? (ഭോ വയസ്യ! കിമേതത് പവനവശഗാമി പ്രമദവനസമീപഗതക്രീഡാപർവ്വതപര്യന്തേ ദൃശ്യതേ?).

രാജാ: (ഉത്ഥായ) ഭഗവൻ വസന്തപ്രിയ ദക്ഷിണവായോ!

**വാസാർത്ഥം ഹര സംഭൃതം സുരഭിണാ പൗഷ്പം രാജോ വീരുധാം**
**കിം കാര്യം ഭവതോ ഹൃതേന ദയിതാസ്നേഹസ്വഹസ്തേന മേ**
**ജാനീതേ ഹി മനോവിനോദനശതൈരേവംവിധൈർധാരിതം**
**കാമാർത്തം ജനമജ്ഞനാം പ്രതി ഭവാനാലക്ഷിത പ്രാർത്ഥനഃ 18**

നിപുണിക: (നോക്കീട്ട്) മറിയുമ്പോൾ എഴുത്തു കാണുന്നതായ ഒരു ഭൂർജ്ജപത്രമാണല്ലോ ഇത് അല്ലാ അതു തമ്പുരാട്ടിയുടെ ചിലമ്പിന്മേൽ വന്നു പറ്റി (എടുത്തിട്ട്) വായിച്ചുനോക്കട്ടെ.

ദേവീ: വായിച്ചുനോക്കൂ. വിരോധമില്ലാത്തതാണെങ്കിൽ പിന്നെ ഞാൻ കേൾക്കാം.

നിപുണിക: (അങ്ങനെ ചെയ്തിട്ട്) ആ കൗലീനന്തന്നെയാണിതെന്നു തോന്നുന്നു. തമ്പുരാനെപ്പറ്റി ഉർവ്വശിയുടെ കവിതയാണിതെന്നാകുന്നു എന്റെ ഊഹം. ആര്യമാണവകന്റെ അന്ധാളിത്തം കൊണ്ടു നമ്മുടെ കൈയിൽ കിട്ടിയതായിരിക്കണം.

ദേവീ: എന്നാൽ ഇതിന്റെ അർത്ഥം മനസ്സിലാക്കണമല്ലോ.

(നിപുണിക രാജാവു വായിച്ചതുതന്നെ വായിക്കുന്നു)

ഇതു കാഴ്ചവെച്ച് ആ അപ്സരകാമുകനെ കാണുകതന്നെ.

നിപുണിക: അങ്ങനെതന്നെ.

(രണ്ടുപേരും കൂടി ലതാഗൃഹത്തിലേക്കു ചെല്ലുന്നു.)

വിദൂഷകൻ: അതു കാറ്റുവഴിക്ക് പോയി. ക്രീഡാപർവ്വതത്തിന്റെ മുകളിൽ കാണുന്നുണ്ട്.

രാജാവ്: (എഴുന്നേറ്റ്) അല്ലേ ഭഗവൻ, വസന്തപ്രിയസഖനായ ദക്ഷിണ മാരുത!

**സ്വൈരം വല്ലികൾതന്റെ പൂമ്പൊടി സുഗ-**
**ന്ധത്തിന്നെടുത്താലുമെൻ**
**താരിത്തേന്മൊഴിതന്നെഴുത്തപഹരി-**
**ച്ചിട്ടെന്തു കിട്ടും തവ?**
**ഓരോരിത്തരമാം വിനോദനഫലം**
**ദ്രവ്യങ്ങൾകൊണ്ടല്ലയോ**
**മാരാർത്താവലി വാഴ്‌വതങ്ങനയിലെ-**
**ന്നങ്ങുന്നറിഞ്ഞീലയോ? 18**

നിപുണികാ: ഭട്ടിണി! പേക്ഖ, പേക്ഖ ഏദസ്സ എവ്വ അണ്ണേ സണാ വട്ടദി (ഭട്ടിനീ! പ്രേക്ഷസ്വ പ്രേക്ഷസ്വ. ഏതസ്യൈവാന്വേഷണാ വർത്തതേ)

ദേവീ: ണം പേക്ഖാമി ദാവ. തുൺഹിം ചിട്ഠ (നനു പശ്യാമി താവത് തൂഷ്ണീം തിഷ്ഠ)

വിദൂഷകഃ: (സവിഷാദം) ഹദ്ധി ഹദ്ധി! ഭോ! മിളാഅമാണ കേസര ച്ഛവിണാ മോരപിച്ഛേണ വിപ്പലദ്ധോംഹി. (ഹാ ധിക്! ഹാ ധിക്. ഭോഃ! മ്ലായമാനകേസരച്ഛവിനാ മയൂരപിഞ്ഛേന വിപ്രലബ്ധോƒസ്മി).

രാജാ: സർവ്വഥാ ഹതോƒസ്മി.

ദേവീ: (സഹസോപസൃത്യ) അജ്ജഉത്ത! അലം ആവേഏണ ഏദം തം ഭുജ്ജവത്തം. (ആര്യപുത്ര! അലമാവേഗേന. ഏതത്തത് ഭൂർജ്ജ പത്രം)

രാജാ: (സസംഭ്രമം ) അയോ! ദേവീ? സ്വാഗതം ദേവ്യൈ.

വിദൂഷകഃ: (അപവാര്യ) ദുരാഗതം ദാണിം സംവുത്തം (ദുരാഗത–മിദാനീം സംവൃത്തം).

രാജാ: (ജനാന്തികം) വയസ്യ! കിമത്ര പ്രതിവിധേയം?

വിദൂഷകഃ: (അപവാര്യ) ലോത്തേഢണ ഗഹീദസ്സ കുംഭീലഅസ്സ അത്ഥിവാ പഡിവഅണം? ലോപ്ത്രേണ ഗൃഹീതസ്യ കുംഭീരകസ്യാസ്തി വാ പ്രതിവചനം?)

രാജാ: (ജനാന്തികം) മൂഢഃ നായം പരിഹാസകാലം (പ്രകാശം) ദേവി! നേദം മയാ മൃഗ്യതേ. അയം ഖലു പരാന്വേഷണാർത്ഥമാരംഭഃ.

ദേവീ: ജുജ്ജദി, അത്തണോ സോഹഗ്ഗം പച്ഛാദേദും (യുജ്യതേ ആത്മനഃ സൗഭാഗ്യം പ്രച്ഛാദയിതും).

വിദൂഷകഃ: ഭോദി! തുവേരേഹി സേ ഭോഅണം, ജം പിത്തോവസമണ സമത്ഥം ഹോദി. (ഭവതി! ത്വരയാസ്യ ഭോജനം, യത് പിത്തോപശമന സമർഥം ഭവതി).

ദേവീ: ണിഉണിഏ! സോഹണം ക്ഖു ബംഹണേണ ആസാസി ദോ വഅസ്സോ. (നിപുണികേ! ശോഭനം ഖലു ബ്രഹ്മണേനാശ്വാസിതോ വയസ്യഃ).

നിപുണിക: തമ്പുരാട്ടി നോക്കൂ. നോക്കൂ, ആ ഭൂർജ്ജപത്രത്തിന്റെ

അന്വേഷണം തന്നെയാണിവിടുത്തെ പ്രകൃതം.

ദേവി: കാണട്ടെ, മിണ്ടാതിരിക്കൂ.

വിദൂഷകൻ: ഇതെന്താണ്, ഏയ്, വാടിയ കേസരത്തിന്റെ ഛായയുള്ള മയിൽപ്പീലി കണ്ടു ഞാൻ ഭ്രമിച്ചുപോയി.

രാജാവ്: എങ്ങനെയെങ്കിലും എനിക്ക് ആപത്തായി.

ദേവി: (പെട്ടെന്ന് അടുത്തു ചെന്നിട്ട്) ആര്യപുത്രാ, മതി മതി, വ്യസനിക്കേണ്ട. ആ ഭൂർജ്ജപത്രം ഇതാ.

രാജാവ്: (സംഭ്രമത്തോടുകൂടി വിചാരം) എ, ദേവിയോ? (ലജ്ജയോടുകൂടി പ്രകാശം) ദേവിക്കു സ്വാഗതം.

ദേവി: ഇപ്പോൾ ദുരാഗതമാണുണ്ടായത്.

രാജാവ്: (സ്വകാര്യമായിട്ട്) തോഴരേ! എന്താണിനി ഇവിടെ വേണ്ടത്?

വിദൂഷകൻ: തൊണ്ടിയോടുകൂടി കണ്ടുപിടിച്ച കള്ളൻ പിന്നെ എന്താണിവിടെ ചെയ്യുവാനുള്ളത്?

രാജാവ്: (സ്വകാര്യമായിട്ട്) മൂഢ! നേരംപോക്കിനുള്ള സമയമല്ല ഇത്

(പ്രകാശം) ദേവീ, ഈ പത്രമല്ലാ ഞാനിവിടെ തിരയുന്നത്. വേറെയൊന്നു അന്വേഷിപ്പാനാണാരംഭിച്ചത്.

ദേവി: ശരിതന്നെ. തന്റെ അന്യാനുരാഗം മറയ്ക്കുവാനുള്ളതല്ലേ?

വിദൂഷകൻ: ദേവീ, തോഴർക്കു പിത്തം മാറുവാനുള്ള ഭക്ഷണം വല്ലതും വേഗത്തിൽ കൊടുക്കണം.

ദേവി: നിപുണികേ! ബ്രാഹ്മണൻ വയസ്യനു വേണ്ടതാണ് അനുശാസിച്ചത്!

വിദൂഷകഃ: ഭോദി! ണം പേക്ഖ. ആസാസിദോ പിസാചോവി ഭോഅണേണ. (ഭവതി! നനു പശ്യ, ആശ്വാസിതഃ പിശാചോƒപി ഭോജനേന)

രാജാ: മൂർഖ! ബലാദപരാധിനം മാം പ്രതിപാദയസി?

ദേവീ: ണത്ഥി ക്ഖു ഭവദോ അവരാഹോ അഹം എവ്വ എത്ഥ അവരദ്ധാ, ജാ പഡിഊലദംസണാ ഭവി അ അഗ്ഗദോദേ ചിട്ഠാമി. ഇദോ അഹം ഗമിസ്സം. ണിഉണിഏ! ഏഹി, ഗച്ഛംഹ. (നാസ്തി ഖലു ഭവതോƒപരാധഃ. അഹമേവാത്രാപരാദ്ധാ, യാ പ്രതികൂലദർശനാഭൂത്വാƒ ഗ്രതസ്തേ തിഷ്ഠാമി. ഇതോƒഹം ഗമിഷ്യാമി. നിപുണികേ! ഏഹി, ഗച്ഛാവഃ) (ഇതി കോപം നാടയിത്വാ പ്രസ്ഥിതാ).

രാജാ: (അനുസൃത്യ)

**അപരാധീ നാമാഹം, പ്രസീദ രംഭോരു, വിരമ സംരംഭാത്**
**സേവ്യോ ജനശ്ച കുപിതഃ കഥം നു ദാസോ നിരപരാധഃ** 19

(ഇതി പാദയോഃ പതതി)

ദേവീ: (സ്വഗതം) മാ ക്ഖു ലഹുഹിഅആ അഹം അണുണഅം

ബഹുമണ്ണേ. കിം ദു അദക്ഖിണ്ണകിദസ്സ പച്ഛാദാവസ്സ ഭാ ഏമി.

(മാ ഖലു ലഘുഹൃദയാഹമനുനയം ബഹുമന്യേ. കിം ത്വദ്ദാക്ഷിണ്യകൃതാത് പശ്ചാത്താപാത് ബിഭേമി.)

(ഇതി രാജാനമപഹായ സപരിവാരാ നിഷ്ക്രാന്താ)

വിദൂഷകഃ: പാഉസണദീ വിഅ അപ്പസണ്ണാ ഗതാ ദേവീ. താ ഉട്ഠേഹി ഉട്ഠേഹി. (പ്രാവൃൺനദീവാപ്രസന്നാ ഗതാ ദേവീ. തദുത്തിഷ്ഠ ഉത്തിഷ്ഠ).

രാജാ: (ഉത്ഥായ) വയസ്യ! നേദമനുപപന്നം. പശ്യ

**പ്രിയവചനകൃതോƒപി യോഷിതാം**
**ദയിതജനാനുനയോ രസാദൃതേ**
**പ്രവിശതി ഹൃദയം ന തദ്വിദാം**
**മണിരിവ കൃത്രിമരാഗയോജിതഃ** 20

വിദൂഷകഃ: അണുഊലം എവ്വ ഏത്ഥഭേവദോ ഏദം. ണ ക്ഖു അക്ഖിദുക്ഖിദോ അഹിമുഹേ ദീവസിഹം സഹേദി (അനുകൂല-മേവാത്ര ഭവത ഏതത്. ന ഖല്വക്ഷിദുഃഖിതോƒഭിമുഖേ ദീപ ശിഖാം സഹതേ).

വിദൂഷകൻ: ദേവി തോഴരെ കണ്ടു ബാധിച്ച പിശാച് ഒഴിഞ്ഞു പോകുന്നില്ല

രാജാവ്: മൂഢ! എന്നെ തെറ്റുകാരനാക്കിത്തീർക്കുകയാണല്ലേ താൻ?

ദേവി: ഇവിടേക്കു തെറ്റില്ല. ഞാനാണു തെറ്റു ചെയ്തവൾ. ഇവിടേക്കു വിരുദ്ധദർശനയായിട്ടും മുമ്പിൽ ഇങ്ങനെ നിൽക്കുന്നുണ്ടല്ലോ.

നിപുണികേ! ഇങ്ങോട്ടു വാ. (കോപത്തോടുകൂടി പുറപ്പെടുന്നു).

രാജാവ്: (അടുത്ത ചെന്നിട്ട്)

**ദേവി പിഴച്ചവനായ് ഞാൻ ഹേ വരരംഭോരു കളക സംരംഭം**
**സേവ്യജനം കോപിക്കിൽ സേവകർതാൻ തെറ്റുകാരരാമല്ലോ** 19

(കാൽക്കൽ വീഴുന്നു)

ദേവി: ഈ അനുനയത്തെ സമ്മതിപ്പാൻ ഞാനത്ര വിഡ്ഢിയല്ല. എന്നാൽ ദാക്ഷിണ്യം കൊണ്ടുണ്ടാകുന്ന പശ്ചാത്താപത്തെയാണ് എനിക്കു പേടി. (രാജാവിനെ ഉപേക്ഷിച്ച് പരിജനങ്ങളോടുകൂടി പോയി).

വിദൂഷകൻ: തോഴരേ, വർഷകാലത്തെ പുഴയെന്നപോലെ ദേവി തെളിയാതെതന്നെ പോയി ഇനി എണീക്കാം.

രാജാവ്: (എണീറ്റിട്ട്) തോഴരേ ഇതു നന്നായില്ല നോക്കൂ.

**പരതരുണികളോടതിപ്രിയം**
**പറയുകിലും രസമില്ലയെങ്കിലോ**
**കരളിലതു പെടില്ല രാഗമി–**
**ട്ടൊരു മണിപോലറിയും ഛലങ്ങളെ** 20

വിദൂഷകൻ: ഇവിടേക്കനുകൂലം തന്നെയാണിത്. കണ്ണിൽ ദീനമുള്ള വനു മുമ്പിലൊരു വിളക്കു വെക്കുന്നതു അസഹ്യമായിരിക്കുമെന്നു നിശ്ചയമല്ലേ?

രാജാ: മാ മൈവം. ഉർവ്വശീഗതമനസോപി മേ സ ഏവ ദേവ്യാം ബഹുമാനഃ. കിന്തു പ്രണിപാതലംഘനാദഹമസ്യാം ധൈര്യമവലംബിഷ്യേ.

വിദൂഷകഃ: ഭോ! ചിട്ഠദു ദാവ ഭവദോ ധീരദാ. ബുഭുക്ഖിദസ്സ ബംഹണസ്സ

ജീവിതം അവലംബദു ഭവം. സമഓക്ഖുണ്ഹാണഭോഅണം

സേവിദും. (ഭോഃ! തിഷ്ഠതു താവത് ഭവതോ ധീരതാ. ബുഭുക്ഷിതസ്യ ബ്രാഹ്മണസ്യ ജീവിതമവലംബതാം ഭവാൻ. സമയഃ ഖലു സ്നാനഭോജനം സേവിതും).

രാജാ: (ഉർദ്ധ്വമവലോക്യ) ഗതമർധം ദിവസസ്യ. അതഃ ഖലു

**ഉഷ്ണാലുഃ ശിശിരേ നിഷീദതി തരോർമൂലാലവാലേ ശിഖീ**
**നിർഭിദ്യോപരി കർണ്ണികാരമുകുളാന്യാലീയതേ ഷട്പദഃ**
**തപ്തം വാരി വിഹായ തീരനളിനീം കാരണ്ഡവഃ സേവതേ**
**ക്രീഡാവേശ്മനി ചൈഷ പഞ്ജരശുകഃ ക്ലാന്തോ ജലം യാചതേ** 21

(നിഷ്ക്രാന്തൗ)

**ഇതി ദ്വിതീയോƒങ്കഃ**

രാജാവ്: അങ്ങനെയല്ല, മനസ്സുർവ്വശിയിലാണെങ്കിലും എനിക്കു ദേവിയെക്കുറിച്ചുള്ള ബഹുമാനം മുമ്പിലത്തെപ്പോലെതന്നെയാണ്. എന്നാൽ നമസ്കരിച്ചതും കൂട്ടാക്കാതെ ദേവി പോയതുകൊണ്ട് ഒരു ധൈര്യം തോന്നുന്നുണ്ട്.

വിദൂഷകൻ: ധൈര്യമൊക്കെയിരിക്കട്ടെ. ഇവിടുന്നു ബുഭുക്ഷിതനായ ബ്രാഹ്മണന്റെ ജീവനെ രക്ഷിക്കൂ. ഉച്ചയ്ക്കുള്ള അമറേത്തിനു സമയമായല്ലോ.

രാജാവ്: (നോക്കീട്ട്) എ, പകൽ പകുതി കഴിഞ്ഞു; അതുകൊണ്ടാണ്.

**ആളും ചൂടൊടു കേകി ശീതതരുമൂലം പറ്റിയല്ലോ, പുറ-**
**ത്താളല്ലിന്നളി കർണ്ണികാരമുകുളം പൊട്ടിച്ചകം പുക്കുതേ**
**നീളെച്ചുട്ടൊരു നീർ വെടിഞ്ഞരു പിടിച്ചീടുന്നു കാരണ്ഡവം**
**കേളീവേശ്മനി കേളിരപ്പതുജലം ക്ലാന്ത്യാകളിത്തത്തയും** 21

(എല്ലാവരും പോകുന്നു)

**രണ്ടാമങ്കം കഴിഞ്ഞു**

# തൃതീയോƒങ്കഃ

(തതഃ പ്രവിശതോ ഭരതശിഷ്യൗ)

ഗാലവഃ: സഖേ പല്ലവ! മഹേന്ദ്രഭവനം ഗച്ഛതാ ഭഗവതോപാധ്യായേന

ത്വമാസനം പ്രതിഗ്രാഹിതഃ അഗ്നിശരണസംരക്ഷണായ സ്ഥാപിതോ ƒഹം. അതഃ ഖലു പൃച്ഛാമി അപി ഗുരോഃ പ്രയോഗേണ

ദിവ്യാ പരിഷദാരാധിതാ?

പല്ലവഃ: ഗാലവ! ണ ജാണേ ആരാഹിദാ ണ വാ ത്തി. തസ്സിം ഉണ സരസ്സഈഔകിദകവ്വബന്ധേ ലച്ഛീസഅംവരേ തേസു തേസു രസന്തരേസു തമ്മഈ ആസി കിന്തു (ഗാലവ! ന ജാനേ, ആരാധിത ന വാ ഇതി. തസ്മിൻ പുനഃ സരസ്വതീകൃതകാവ്യബന്ധേ ലക്ഷ്മീസ്വയംവരേ തേഷു തേഷു രസാന്തരേഷു തന്മയീ ആസീത്. കിന്തു)

ഗാലവഃ: സദോഷാവകാശ ഇവ തേ വാക്യശേഷഃ.

പല്ലവഃ: ആം തസ്സിം ഉവ്വസീഏ വഅണം പമാദക്ഖലിദം ആസി (ആം തസ്മിന്നുർവ്വശ്യാ വചനം പ്രമാദസ്ഖലിതമാസീത്).

ഗാലവഃ: കഥമിവ?

പല്ലവഃ; ലച്ഛീഭുമിആഏ വട്ടമാണഏ മേണആഏ പുച്ഛിദാ "സഹി! സമാഗദാ ഏദേ തേലോക്കസുപൂരിസാ സകേശവാ അലോഅവാലാ. കദസ്സിം ദേ ഭാവാഹിണിവേസോത്തി (ലക്ഷ്മീഭൂമികായാം വർത്തമാനയാ മേനകയാ പൃഷ്ടാ സഖി! സമാഗതാ ഏതേ ത്രൈലോക്യ സുപുരുഷാഃ സകേശവാശ്ച ലോകപാലാഃ കതസ്മിംസ്തേ ഭാവാഭിനിവേശ ഇതി)

ഗാലവഃ: തതസ്തതഃ.

പല്ലവഃ: തദോ താഏ പുരുഷോത്തമേ ത്തി ഭണിതവ്വേ പുരൂരവസിത്തി താഏ നിഗ്ഗദാ വാണീ (തതസ്തയാ പുരുഷോത്തമേ ഇതി ഭണിതവ്യേ പുരൂരവസീതി തസ്യാ നിർഗ്ഗതാ വാണീ).

ഗാലവഃ: ഭവിതവ്യതാനുവിധായീനി ഇന്ദ്രിയാണി. ന ഖലു താമഭി–ക്രുദ്ധോ ഗുരുഃ?

# മൂന്നാമങ്കം

(അനന്തരം രണ്ടു ഭരതശിഷ്യന്മാർ പ്രവേശിക്കുന്നു)

ഒന്നാമൻ: പൈലവ, ആചാര്യൻ സ്വർഗ്ഗത്തിലേക്കു പോകുമ്പോൾ താൻ

കൂടെ ഉണ്ടായിരുന്നല്ലോ. എന്നെ ഇവിടെ അഗ്നിശാല സൂക്ഷിപ്പാൻ താമസിപ്പിച്ചു. അതുകൊണ്ടു ചോദിക്കുന്നു, ആചാര്യന്റെ പ്രയോഗം കൊണ്ട് ദേവസഭ സന്തോഷിച്ചില്ലേ?

രണ്ടാമൻ: ഗാവല സന്തോഷിച്ചുവോ ഇല്ലയോ എന്ന് എനിക്കു നിശ്ചയമില്ല. സരസ്വതി ഉണ്ടാക്കിയ ലക്ഷ്മീസ്വയംവരം എന്ന നാടകത്തിൽ അതാതു രസങ്ങളിൽ ഉർവ്വശി തന്മയിയായിരുന്നു.

ഗാലവൻ: എന്തോ ഒരു തെറ്റുണ്ടായി എന്നു തോന്നുമല്ലോ തന്റെ വാക്കു കേട്ടാൽ.

പൈലവൻ: അവിടെ ഉർവ്വശിയുടെ വാക്കു പ്രമാദംകൊണ്ടു പിഴച്ചു പോയി.

ഗാലവൻ: എങ്ങനെയാണത്?

പൈലവൻ: ലക്ഷ്മീദേവിയുടെ വേഷം കെട്ടിയ ഉർവ്വശിയോടു വാരുണീദേവിയുടെ വേഷംകെട്ടിയ മേനക ചോദിച്ചു: ഇവിടെ കേശവ നോടുകൂടിയ ത്രൈലോക്യപുരുഷന്മാരായ ലോകപാലകന്മാ രൊക്കെ വന്നിട്ടുണ്ടല്ലോ. അവരിൽ ആരിലാണ് നിനക്ക് അനുരാഗം എന്ന്.

ഗാലവൻ: എന്നിട്ടോ?

പൈലവൻ: അപ്പോൾ പുരുഷോത്തമനിൽ എന്നു പറയേണ്ട ദിക്കിൽ പുരൂരവസ്സിൽ എന്ന് അവൾക്കു വാക്കു പറപ്പെട്ടുപോയി.

ഗാലവൻ: വരുവാൻ പോകുന്നതിനെ അനുസരിച്ചിരിക്കുമല്ലോ ബുദ്ധീ ന്ദ്രിയങ്ങളെല്ലാം. ആട്ടെ അവളുടെ നേരെ ഭരതമഹർഷി അധികം കോപിച്ചില്ലല്ലോ?

പല്ലവഃ: സാ ക്ഖു സത്താ ഉവജ്ഝാഏണ മഹീന്ദേണ ഉണഅണുഗഹീദാ. (സാ ഖലു ശപ്തോപാധ്യായേന മഹേന്ദ്രേണ പുനരനു–ഗൃഹീതാ)

ഗാലവഃ: കഥമിവ?

പല്ലവഃ: ജേണ മമ ഉവദേസോ തുഏ ലംഘിദോ തേണ ണ ദേ ദിവ്വം ഠാണം ഹവിസ്സദി ത്തി ഉവജ്ഝാഅസ്സ സാവോ. മഹിന്ദേണ ഉണ പേക്ഖണാവസാണേ ലജ്ജാവണദമുഹീ സാ ഏവ്വം ഭണിദാ ജസ്സിം തുമം ബദ്ധഭാവാസി തസ്സ മേ രണസഹാ അസ്സരാഏസി ണോ പിഅം ഏത്ഥ കരണിജ്ജം. താ ദാവ തുമം ജഹാ കാമം പുരൂരവസം ഉവചിട്ഠ, ജാവ സോ തുഇ ദിട്ഠസന്താണോ ഭോദി ത്തി. (യേന മമോപദേശസ്ത്വയാ ലംഘിതസ്തേന ന തേ ദിവ്യം സ്ഥാനം ഭവിഷ്യതി ഇതി ഉപാദ്ധ്യായസ്യ ശാപഃ. മഹേന്ദ്രേണ പുനഃപ്രേക്ഷണാവസാനോ ലജ്ജാവനതമുഖീ സാ ഏവം ഭണിയാ യസ്മിംസ്ത്വം ബദ്ധഭാവാസി തസ്യ മേ രണസഹാ യസ്യ രാജർഷേഃ പ്രിയമത്ര കരണീയം. തത്താവത് ത്വം യഥാകാമം പുരൂരവസമുപതിഷ്ഠസ്വ യാവത് സ ത്വയി ദൃഷ്ടസന്താനോ ഭവേദിതി.

ഗാലവഃ: സദൃശമേതത് പുരുഷാന്തരവിദോ മഹേന്ദ്രസ്യ.

പല്ലവഃ: (സൂര്യമവലോക്യ) കുധാപസംഗേണ അംഹേഹിം അവരദ്ധാ അഹിസെഅവേലാ ക്ഖു ഉവജ്ഝായസ്സ. താ ഏഹി സേ പാസവത്തിണോ ഹോമ. (കഥാപ്രസംഗേനാസ്മാഭിരപരാദ്ധാഭിഷേകവേലാ ഖലു ഉപാധ്യായസ്യ തദേഹി അസ്യ പാർശ്വവർത്തിനൗ ഭവാവഃ).

ഗാലവഃ: തഥാ

(നിഷ്ക്രാന്തൗ)

(ഇതി മിശ്രവിഷ്കംഭകഃ)

തതഃ പ്രവിശതി കഞ്ചുകീ)

കഞ്ചുകീ: (വിനിഃശ്വസ്യ) സർവ്വഃ കല്യേ വയസി യതതേ ലബ്ധുമർത്ഥാൻ കുടുംബീ പശ്ചാത് പുത്രൈരപഹൃതഭരഃ കല്പതേ വിശ്രമായ

**അസ്മാകം തു പ്രതിദിനമിയം സാദയന്തീ ശരീരം**
**സേവാകാരാ പരിണതിരഹോ! സ്ത്രീഷു കഷ്ടോ! ƒധികാരഃ** 1

പൈലവൻ: ആചാര്യൻ അവളെ ശപിക്കുകയും ഉടനെ മഹേന്ദ്രൻ അനുഗ്രഹിക്കുകയും ചെയ്തു.

ഗാലവൻ: എന്തെന്ന്?

പൈലവൻ: എന്റെ ഉപദേശം പിഴച്ചതുകൊണ്ടു നിനക്കു സ്വർഗ്ഗത്തി ലിരിപ്പാൻ വയ്യാതെ ആവട്ടേ എന്നാണ് ആചാര്യൻ ശപിച്ചത്. ഇങ്ങനെ ശപിച്ചതിന്റെശേഷം ലജ്ജിച്ചു തലതാഴ്ത്തി നില്ക്കുന്ന ഉർവ്വശിയെ നോക്കി മഹേന്ദ്രൻ ഇപ്രകാരം പറഞ്ഞു: ആട്ടെ, യാതൊരുത്തന്റെ നേരെയാണോ നിനക്ക് അനുരാഗം എനിക്കു യുദ്ധത്തിൽ സഹായിയായ ആ രാജർഷിക്ക് ഇഷ്ടം ചെയ്തുകൊണ്ട് അദ്ദേഹത്തിന്നു സന്തതിയുണ്ടാ കുന്നതുവരെ അദ്ദേഹത്തിന്റെ അടുക്കൽ താമസിച്ചുകൊള്ളൂ എന്ന്.

ഗാലവൻ: ആളെ അറിഞ്ഞു പ്രവർത്തിക്കുന്ന ദേവേന്ദ്രന് സദൃശമായി ഈ പറഞ്ഞത്.

പൈലവൻ: (ആദിത്യനെ നോക്കിയിട്ട്) അല്ലാ, വർത്തമാനം പറഞ്ഞു കൊണ്ടു നിന്ന് ആചാര്യന്റെ സ്നാനത്തിനുള്ള സമയം കടന്നു പോയി. വരൂ, അവിടുത്തെ അടുക്കലേക്കു പോകതന്നെ.

(രണ്ടാളും പോകുന്നു)

(മിശ്രവിഷ്കംഭം കഴിഞ്ഞു)

(അനന്തരം ഒരു ഹരിക്കാരൻ പ്രവേശിക്കുന്നു)

ഹരിക്കാരൻ:

**താരുണ്യത്തിൽദ്ധനമനുഭരിപ്പാനൊരുങ്ങിക്കുടുംബ–**
**ക്കാരൻ മക്കൾക്കഥ ഭരമുഴിഞ്ഞിട്ടു വിശ്രാന്തിതേടും;**
**പാരാതിയുള്ളവനു വളരെ പ്രായമായ് ക്ഷീണമായി–**
**ന്നേരം നാരീനടുവിലരുതീ വേല വൻജോലിയത്രേ 1**

(പരിക്രമ്യ) ആദിഷ്ടോƒസ്മി സനിയമയാ കാശിരാജപുത്ര്യാ

വ്രതസമ്പാദനാർത്ഥം മയാ മാനമുത്സൃജ്യ നിപുണികാമുഖേ ന പൂർവ്വം യാചിതോ മഹാരാജഃ തദേവ ത്വം മദ്വചനാദ്വിജ്ഞാപയ ഇതി. യാവദഹമിദാനീമവസിതസന്ധ്യാജാപ്യം മഹാരാജം പശ്യാമി.

(പരിക്രമ്യാവലോക്യ ച) രമണീയഃ ഖലു ദിവസാവസാനവൃത്താന്തോ രാജവേശ്മനഃ ഇഹ ഹി

**ഉത്കീർണ്ണാ ഇവ വാസയഷ്ടിഷു നിശാനിദ്രാലസാബർഹിണോ**
**ധൂപൈർജാലവിനിഃസൃതൈർവളഭയഃ സന്ദിഗ്ധപാരാവതാഃ**
**ആചാരപ്രയതഃ സപുഷ്പബലിഷു സ്ഥാനേഷു ചാർച്ചിഷ്മതിഃ**
**സന്ധ്യാമംഗളദീപികാ വിഭജതേ ശുദ്ധാന്തവൃദ്ധോ ജനഃ** 2

(നേപഥ്യാഭിമുഖവലോക്യ) അയേ! ഇത ഏവ പ്രസ്ഥിതോ ദേവഃ

**പരിജനവനിതാകരാർപ്പിതാഭിഃ**
**പരിവൃത ഏഷ വിഭാതി ദീപികാഭിഃ**
**ഗിരിരിവ ഗതിമാനപക്ഷലോപാ**
**ദനുതടപുഷ്പിതകർണ്ണികാരയഷ്ടിഃ** 3

യാവദേനമവലോകനമാർഗേ സ്ഥിതഃ പ്രതിപാലയാമി. (പരിക്രമ്യ സ്ഥിതഃ)

(തതഃ പ്രവിശതി യഥാനിർദിഷ്ടോ രാജാ വിദൂഷകശ്ച).

രാജാ: (സ്വഗതം) ആഃ!

**കാര്യാന്തരിതോത്കണ്ഠം ദിനം മയാ നീതമനതികൃച്ഛ്രേണ**
**അവിനോദദീർഘയാമാ കഥം നു രാത്രിർഗമയിതവ്യാ?** 4

കഞ്ചുകീ: (ഉപസൃത്യ) ജയതു ജയതു ദേവഃ. ദേവ! ദേവീ വിജ്ഞാപ യതി മണിഹർമ്മ്യപൃഷ്ഠേ സുദർശനശ്ചന്ദ്രഃ. തത്രസന്നിഹിതേന ദേവേന പ്രതിപാലയിതുമിച്ഛാമി. യാവദ്രോഹിണീസംയോഗ' ഇതി.

രാജാ: ആര്യ ലാതവ്യ! വിജ്ഞാപ്യതാം ദേവീ, 'യസ്തേ ഛന്ദ' ഇതി.

കഞ്ചുകീ: യദാജ്ഞാപയതി ദേവഃ (ഇതി നിഷ്ക്രാന്തഃ)

രാജാ: വയസ്യ, കിം പരമാർത്ഥത ഏവ ദേവ്യാ വ്രതനിമിത്തോƒ യമാരംഭഃ സ്യാത്?

(ചുറ്റി നടന്നിട്ട്) വ്രതസ്ഥയായിരിക്കുന്ന ദേവി കാശിരാജപുത്രി

എന്നോടു കല്പിച്ചു വ്രതം കഴിച്ചുകൂട്ടുവാൻ വേണ്ടി ഞാൻ മാനമുപേക്ഷിച്ച് നിപുണികയെക്കൊണ്ടു മഹാരാജാവിനോടു യാചിപ്പിച്ചിട്ടുണ്ടായിരുന്നു. അങ്ങും എന്റെ വാക്കായിട്ടു ചെന്നറിയിക്കൂ എന്ന്. അതുകൊണ്ട് സന്ധ്യാവന്ദനം കഴിഞ്ഞെഴുന്നള്ളിയിരിക്കുന്ന മഹാരാജാവിനെ കാണുകതന്നെ. (ചുറ്റിനടന്നുനോക്കിട്ട്) സന്ധ്യാസമയത്തിൽ രാജധാനിയുടെ അവസ്ഥ മനോഹരം തന്നെ

**സ്വാപംകൊണ്ടിഹ കൂട്ടിലിട്ട മയിലുത് കീർണ്ണം കണക്കുണ്ടിതാ**
**ധുപം വ്രാന്തയിലായി ജാലവഴിയിൽ പാരാവതച്ഛായയിൽ**
**ശ്രീപുഷ്പാഞ്ജലി ചെയ്ത ദിക്കുകളിലാചാരത്തൊടന്തിത്തിരി-**
**ദ്ദീപം വേറുതിരിച്ചിടുന്നു വെളിവിൽ ശുദ്ധാന്തവൃദ്ധാജനം 2**

നോക്കീട്ട്) അല്ലാ, ഇതാ മഹാരാജാവും ഇങ്ങോട്ടുതന്നെ പറപ്പെട്ടിരിക്കുന്നുവല്ലോ. അദ്ദേഹമാകട്ടെ.

**പരിജനവരവാണിമാർ പിടിക്കു ന്നൊരുവക ദീപമോടും വിളങ്ങിടുന്നു,**
**നറുമലരണി കർണ്ണികാര മാലീ ഗിരിഗതിമാൻ ധൃതപക്ഷനെന്നപോലെ 3**

അതുകൊണ്ടിനി കാണാമെന്ന ദിക്കിൽ അവിടത്തെ കാത്തു നില്ക്കുക തന്നെ (ചുറ്റിനടന്നു നില്ക്കുന്നു.)

(അനന്തരം പറഞ്ഞപോലെ രാജാവും വിദൂഷകനും പ്രവേശിക്കുന്നു.)

**രാജാവ്: കൃത്യങ്ങളുമുത്കണ്ഠയു-**
**മൊത്തൊരുഭാഷയ്ക്കു പകൽകഴിച്ചേൻ ഞാൻ**
**ആർത്ത്യാ യാമം നീണ്ടോരു**
**രാത്രിയിതെങ്ങനെ കഴിച്ചുകൂട്ടേണ്ടു? 4**

ഹരിക്കാരൻ: (അടുത്തു ചെന്നിട്ട്) മഹാരാജാവ് സർവ്വോത്കർഷേണ വർത്തിച്ചാലും. ദേവി ഉണർത്തിക്കുന്നു. 'മണിഹർമ്മ്യത്തിന്റെ മുകളിൽ ചന്ദ്രനെ നല്ലവണ്ണം കാണാം. അവിടെ മഹാരാജാവിനോടു കൂടിയിരുന്നു രോഹിണിയോടു ചന്ദ്രൻ ചേരുന്നതു കണ്ടാൽ കൊള്ളാം' എന്ന്.

രാജാവ്: ദേവിയുടെ ഇഷ്ടം പോലെയാവാമെന്ന് അറിയിച്ചേക്കൂ.

ഹരിക്കാരൻ: കല്പനപോലെ (പോകുന്നു.)

രാജാവ്: തോഴരേ, ദേവിയുടെ ഈ പുറപ്പാട് പരമാർത്ഥമായിട്ട് വ്രതനിമിത്തമായിരിക്കും, ഇല്ലേ?

വിദൂഷകഃ: ഭോ! തക്കേമി സംജാതപച്ഛാദാവാ തത്തഭോദിവ ദാവ ദേസേണ ഭവദോ പണിപാദലാംഘണം പമജ്ജിദുകാമാർത്തി. (ഭോഃ! തർക്കയാമി സഞ്ജാതപശ്ചാത്താപാ തത്രഭവതീ വ്രതാപദേശേന ഭവതഃ പ്രണിപാതലംഘനം പ്രമാർഷ്ടുകാമേതി.)

രാജാ: ഉപപന്നം ഭവാനാഹ

**അവധൂതപ്രണിപാതാഃ പശ്ചാത് സന്തപ്യമാനമനസോ*ƒ* പി**
**നിഭൃതൈർവ്വ്യപത്രപന്തേ ദയിതാനുനയൈർമനസ്വിന്യഃ** 5

തദാദേശയ മണിഹർമ്മ്യ പൃഷ്ഠമാർഗ്ഗം.

വിദൂഷകഃ: ഇദോ ഇദോ ഭവം. ഇമിണാ ഗംഗാതരംഗസസ്സിരീ ഏണ ഫളിഅമണിസോവാണേണ ആരോഹദു ഭവം. പദോസാവസരരമണീ–ജ്ജം മണിഹമ്മിഅപിട്ഠം. (ഇത ഇതോ ഭവാൻ. ഏതേന ഗംഗാതരംഗ സശ്രീകേണ സ്ഫടികമണിസോപാനേനാരോഹതു ഭവാൻ പ്രദോഷാവ സരരമണീയം മണിഹർമ്മ്യപൃഷ്ഠം.)

രാജാ: ആരോഹാഗ്രതഃ.

(സർവ്വേ സോപാനാരോഹണം നാടയന്തി.)

വിദൂഷകഃ (നിരൂപ്യ) ഭോ! പച്ചാസണ്ണേണ ചന്ദോദയേണ ഹോദവ്വം, ജഹ തിമിരരേഇഊഅമാണം പുവ്വദിസാമുഹം ആലോഅസുഹഅം ദീസദി. (ഭോ! പ്രത്യാസന്നേന ചന്ദ്രോദയേന ഭവിതവ്യം. യഥാ തിമിരരിച്യമാനം പൂർവ്വദിശാമുഖാലോകസുഭംഗം ദൃശ്യതേ.)

രാജാ: സമ്യഗ്ഭവാൻ മന്യതേ.
**ഉദയഗൂഢശശാങ്കമരീചിഭിസ്തമസി ദൂരതരം പ്രതിസാരിതേ**
**അളകസംയമനാദിവ ലോചനേ ഹരതി മേ ഹരിവാഹനദിങ്മുഖം.** 6

വിദൂഷകഃ: (വിലോക്യ) ഹീ ഹീ ഭോ! ഏസോ ക്ഖു ഖണ്ഡമോദഅ സസ്സിരീഓ ഉദിദോ രാആ ദുആദീണം. (ഹീ ഹീ ഭോഃ! ഏഷ ഖലു ഖണ്ഡമോദകസശ്രീക ഉദിതോ രാജാ ദ്വിജാതീനാം.)

വിദൂഷകൻ: ദേവി പശ്ചാത്താപം ഹേതുവായിട്ട് വ്രതം എന്നൊരു വ്യാജേന തോഴരുടെ നമസ്കാരത്തെ കൂട്ടാക്കാത്ത കുറ്റം തീർക്കുവാൻ ഭാവിക്കുകയാണെന്നു ഞാൻ ഊഹിക്കുന്നു.

രാജാവ്: ശരിയാണ് താൻ പറയുന്നത്

**പ്രണിപാതലംഘനത്താൽ**
**പ്രണയാൽ പശ്ചാത്തപിക്കുമെന്നാലും,**
**താണു വരനോടു ചൊല്ലാൻ**
**നാണിച്ചിടുമെളിവിലും മനസ്വിനികൾ** 5

എന്നാൽ മണിസൗധത്തിലേക്കു വഴികാണിക്കൂ.

വിദൂഷകൻ: ഇവിടുന്നിതിലേ ഇതിലേ. ഗംഗയിലെ തിരമാലകൾ പോലെയുള്ള സ്ഫടികക്കോണിയിൽക്കൂടി സന്ധ്യാവസാനത്തിൽ അതിഭംഗിയുള്ള മണിസൗധത്തിലേക്കു കയറാം.

രാജാവ്: താൻ മുമ്പിൽ കയറൂ.

(എല്ലാവരും കയറുന്നു).

വിദൂഷകൻ: ചന്ദ്രോദയം അടുത്തു, നിശ്ചയം. ഇരുട്ടു കുറഞ്ഞു കുറഞ്ഞു കിഴക്കേ ദിക്കു കാഴ്ചയ്ക്കു നല്ല ഭംഗിയുള്ളതായിരിക്കുന്നുണ്ട്.

രാജാവ്: താൻ പറഞ്ഞതു ശരി.

**ചെറുതുയർന്നുവരും ശശിരശ്മിയാ-**
**ലിരുളൊഴിഞ്ഞു ചമഞ്ഞതു കാരണം**
**കുറുനിരാളിയൊതുക്കിയപോലെ ക-**
**ണ്ണുരുസുഖം ഹരിദിങ്മുഖമേകി മേ.** 6

വിദൂഷകൻ: (നോക്കീട്ട്) ഇതാ ഖണ്ഡമോദകം പോലെയുള്ള ചന്ദ്രനുദിച്ചുകഴിഞ്ഞു.

രാജാ: (സസ്മിതം) സർവ്വത്രൗദരികസ്യാഭ്യവഹാര്യമേവ വിഷയഃ.

(പ്രാഞ്ജലിഃ പ്രണമ്യ) ഭഗവൻ ക്ഷപാനാഥ!

**രവിമാവസതേ സതാം ക്രിയായൈ**
**സുധയാ തർപ്പയതേ സുരാൻ പിതൃംശ്ച**
**തമസാം നിശി മൂർച്ഛതാം നിഹന്ത്രേ**
**ഹരചൂഡാനിഹിതാത്മനേ നമസ്തേ.** 7

(ഇതി ഉപതിഷ്ഠതേ)

വിദൂഷകഃ: ഭോ! ബംഹണസങ്കാമിദക്ഖരേണ ദേ പിതാമഹേണ അബ്ഭണുണ്ണാദോസി. താ ആസണട്ഠിദോ ഹോഹി, ജാവ അഹം വി സുഹാസീണോ ഹോമി. (ഭോഃ! ബ്രാഹ്മണസംക്രാമിതാക്ഷരേണ തേ പിതാമഹേനാഭ്യനുജ്ഞാതോ$f$സി. തദാസനസ്ഥിതോ ഭവ. യാവദഹമപി സുഖാസീനോ ഭവാമി.)

രാജാ: (വിദൂഷകവചനം പരിഗൃഹ്യോപവിഷ്ടഃ പരിജനം വിലോക്യ) അഭിവ്യക്തായാം ചന്ദ്രികായാം കിം ദീപികാപൗനരുക്ത്യേന? തദ്വിശ്രാമ്യന്തു ഭവത്യഃ.

പരിജനഃ: ജം ദേവോ ആണവേദി. (യദ്ദേവ ആജ്ഞാപയതി.)

(ഇതി നിഷ്ക്രാന്തഃ)

രാജാ: (ചന്ദ്രമസമവലോക്യ വിദൂഷകം പ്രതി) വയസ്യ! പരം മുഹൂർത്താദാഗമനം ദേവ്യാഃ തദ്വിവിക്തേ കഥയിഷ്യാമി സ്വാമവസ്ഥാം.

വിദൂഷകഃ: ണം ദീസദി ഏവ്വ സാ. കിംദു താരിസം അണുരാഅം പേക്ഖിഅ സക്കം ക്ഖു ആസ്സാബന്ധേണ അത്താണം ധാരേദും. (നനു ദൃശ്യത ഏവ സാ. കിന്തു താദൃശമനുരാഗം പ്രേക്ഷ്യ ശക്യം ഖല്വാശാബന്ധേനാത്മാനം ധാരയിതും.)

രാജാ: ഏവമേതത്. ബലവാൻ പുനർമേ മനസോ$f$ഭിതാപഃ.

**നദ്യാ ഇവ പ്രവാഹോ വിഷമശിലാസങ്കടസ്ഖലിതവേഗഃ**
**വിഘ്നിതസമാഗമസുഖോ മനസിശയഃ ശതഗുണീ ഭവതി.** 8

വിദൂഷകഃ: ഭോ! ജഹാ പരിഹീ അമാണേഹിം അംഗേഹിം അഹി അംസോഹസി, തഹാ അദൂരേ പിആസമാഗമം ദേ പേക്ഖാമി. (ഭോഃ! യഥാ പരിഹീയമാനൈരംഗൈരധികം ശോഭസേ, തഥാ ദൂരേ പ്രിയാ സമാഗമം തേ പ്രേക്ഷേ).

രാജാവ്: (ചിരിച്ചും കൊണ്ട്) എല്ലാ ദിക്കിലും ഈ തീറ്റപ്പണ്ടിക്കു ഭക്ഷണസാധനംതന്നേ വിഷയമായിട്ടുള്ളൂ. (തൊഴുതു നമസ്കരിച്ചിട്ട്)

**അധിഭാനു സതാം ക്രിയയ്ക്കു വാണും**
**സുധയാലേ പിതൃദേവതൃപ്തി ചെയ്തും,**
**അതിരാവിരുൾപോക്കിടുന്ന ഗൗരീ-**
**പതിചൂഡാമണിയേ വണങ്ങുവൻ തേ. 7**

വിദൂഷകൻ: തോഴരേ, ബ്രാഹ്മണമുഖത്താലേ ഇവിടുത്തെ മുത്തച്ഛൻ അനുവാദം തന്നു. ഇനി എഴുന്നള്ളിയിരിക്കാം. ഞാനും സുഖമായിരിക്കട്ടെ.

രാജാവ്: അങ്ങനെതന്നെ. (ഇരുന്ന് പരിജനത്തെ നോക്കീട്ട്) നിലാവ് തെളിഞ്ഞിരിക്കുമ്പോൾ എന്തിനാണ് വെറുതെ പിന്നെ വിളക്കു പിടിക്കുന്നത്? നിങ്ങളൊക്കെ പോയി ക്ഷീണം തീർത്തുകൊൾവിൻ.

പരിജനങ്ങൾ: തിരുമനസ്സിലെ കല്പന പോലെ (പോകുന്നു.)

രാജാവ്: (ചന്ദ്രനെ നോക്കീട്ടു വിദൂഷകനോട്) മുഹൂർത്തനേരം കഴിഞ്ഞിട്ടല്ലേ ദേവി വരൂ. അതുകൊണ്ട് ഈ വിജനസ്ഥലത്തിൽ വെച്ച് എന്റെ അവസ്ഥയൊന്നു പറയാം.

വിദൂഷകൻ: തത്രഭവതിയെ കാണ്മാൻ കൂടിയില്ല. എങ്കിലും അവളുടെ അപ്രകാരമെല്ലാമുള്ള അനുരാഗം കണ്ടതിനാൽ ആശാപാശബന്ധനം കൊണ്ട് ആത്മാവിനെ ആത്മാവിനെ നിർത്തുവാൻ ശക്യമാണ്.

രാജാവ്: അങ്ങനെത്തന്നെയാണിത്. എൻറെ സന്താപത്തിനു വളരെ ശക്തിയുണ്ട്.

**പാറയിലിടറിച്ചാടിടുമാറിനെഴുന്നോരൊഴുക്കിനെപ്പോലെ**
**ചേരും സുഖമതിനടവായ്ത്താരമ്പൻ നൂറിരട്ടി വളരുന്നു. 8**

വിദൂഷകൻ: ഏയ്, ചടച്ചുചടച്ചു വരുന്ന ശരീരംകൊണ്ടും ഇവിടുന്ന് അധികം ശോഭിക്കുന്നുണ്ട്. അതുകൊണ്ട് താമസിയാതെ ഇഷ്ടജനത്തോടു ചേരുവാൻ യോഗമുണ്ടെന്നാണ് എനിക്കു തോന്നുന്നത്.

രാജാ: (നിമിത്തം സൂചയൻ) വയസ്യ!

**വചോഭിരാശാജനനൈർഭവാനിവ ഗുരുവ്യഥം**

**അയം മാം സ്പന്ദിതൈർബാഹുരാശ്വാസയതി ദക്ഷിണഃ 9**

വിദൂഷകഃ: ണ ക്ഖു അണ്ണഹാ ബംഹണസ്സ വഅണം (ന ഖലന്യഥാ ബ്രാഹ്മണസ്യ വചനം.)

(രാജാ സപ്രത്യാശസ്തിഷ്ഠതി)

(തതഃ പ്രവിശതി ആകാശയാനേനാശിസാരികാവേഷാ ഉർവ്വശീ ചിത്രലേഖാ ച).

ഉർവ്വശീ: (ആത്മാനമവലോക്യ) ഹളാ ചിത്തലേഹേ! അവിരോഅദി ദേഅം മമ അപ്പാഭരണഭൂസിദോ ണീലംസു അപരിഗ്ഗഹോ അഹിസാരിആവേസോ? (ഹളാ ചിത്രലേഖേ! അപി രോചതേ തേƒയം മമാല്പാഭരണഭൂഷിതോ നീലാംശുകപരിഗ്രഹോƒഭിസാരികാവേഷഃ?)

ചിത്രലേഖാ: സഹി! ണർഥി മേ വാആവിഹഓ പസംസിദും. ഇദം തുചിന്തേമി 'അവി ണാമ അഹം പുരൂരവാ ഭവേഅം' ത്തി (സഖി! നാസ്തി മേ വാഗ്വിഭവഃ പ്രശംസിതും. ഇദം തു ചിന്തയാമി'അപി നാമാഹം പുരൂരവാ ഭവേയ'മിതി)

ഉർവ്വശീ: സഹി! മദണോ ക്ഖു തുമം ആണവേദി. താ സിഗ്ഘം ണേഹി മം തസ്സ സുഹാസ്സ വസദിം. (സഖി! മദനഃ ഖലു ത്വാമാജ്ഞാപയതി തച്ഛീഘ്രം നയ മാം തസ്യ സുഭഗസ്യ വസതിം).

ചിത്രലേഖ: (വിലോക്യ) ണം ഏദം പരിവത്തിദം. വിഅ കേലാസ സിഹരം പിഅദമസ്സ ദേ ഭവണം ഉവഗദംഹ. (നന്വേതത് പരിവർത്തിത മിവ കൈലാസശിഖരം പ്രിയതമസ്യ തേ ഭവനമുപഗതേ സ്വഃ).

ഉർവ്വശീ: തേണ ഹി പഹാവാദോ ജാണാഹി ദാവ, കഹിം സോ മമ ഹിഅഅചോരോ കിം വാ അണുചിട്ഠദി ത്തി. (തേന ഹി പ്രഭാവാജ്ജാനീഹി താവത് ക്വ മമ ഹൃദയചോരഃ. കിം വാനുതിഷ്ഠതീതി.)

ചിത്രലേഖ: (ധ്യാത്വാ വിഹസ്യാത്മഗതം) ഭോദു കീലിസ്സംദാവ ഏദാഏ (ഭവതു. ക്രീഡിഷ്യാമി താവദേതയാ) (പ്രകാശം) ഹളാ! ദിട്ഠോ മഏ ഏസോ മണോരഹലദ്ധപിആസമാഅമസുഹം അണുഹവന്തോ ഉവഹോഅ ക്ഖമേ ഓആസേ ചിട്ഠദിത്തി. (ഹളാ! ദൃഷ്ടോ മയാ ഏഷ മനോരഥലബ്ധപ്രിയാ സമാഗമസുഖമനുഭവന്നുപഭോഗക്ഷമേƒവകാശേ തിഷ്ഠതീതി.)

രാജാവ്: (നിമിത്തം സൂചിപ്പിച്ചിട്ട്.)

**ആർത്തനാമെന്നിലത്യാശ ചേർത്തു വാക്കാൽ ഭവത്സമം**
**പാർത്താലുമീ വലംകൈ കമ്പത്താലാശ്വാസമേകി മേ. 9**

വിദൂഷകൻ: ബ്രാഹ്മണൻ പറഞ്ഞാലതിനു വ്യത്യാസം വരുമോ?

(രാജാവ് പ്രത്യാശയോടുകൂടിയിരിക്കുന്നു)

(അനന്തരം ആകാശയാനത്തിൽ കുറച്ച് പാരവശ്യത്തോടുകൂടി അഭിസാരികാവേഷം ധരിച്ച ഉർവ്വശിയും ചിത്രലേഖയും പ്രവേശിക്കുന്നു.)

ഉർവ്വശി: (തന്നെത്താൻ നോക്കീട്ട്) തോഴീ! അല്പം ആഭരണങ്ങൾ അണിഞ്ഞതായും കറുത്ത വസ്ത്രം ഉടുത്തതായും ഉള്ള ഈ അഭിസാരികാവേഷത്തിനു ഭംഗിയുണ്ട്, ഇല്ലേ?

ചിത്രലേഖ: എനിക്കു വർണ്ണിപ്പാൻ വാഗ്വൈഭവം ഇല്ല. ഞാൻ പുരൂരവസ്സായാൽ കൊള്ളാമായിരുന്നു, എന്നിങ്ങനെ ആഗ്രഹിക്കുന്നു.

ഉർവ്വശി: തോഴീ! കാമദേവൻ നിന്നോട് കല്പിക്കുന്നു. വേഗത്തിൽ എന്നെ ആ ദയിതന്റെ ഭവനത്തിൽ കൊണ്ടാക്കൂ എന്ന്.

ചിത്രലേഖ: (നോക്കീട്ട്) എന്നാൽ ഈ ചന്ദ്രികാപ്രവാഹത്തിലിട്ടു മുക്കിയ കൈലാസശിഖിരംപോലെയുള്ള നിന്റെ പ്രിയതമന്റെ ഭവനത്തിൽ നമ്മൾ എത്തിക്കഴിഞ്ഞുവല്ലോ.

ഉർവ്വശി: എന്നാൽ പ്രഭാവംകൊണ്ട് എന്റെ മനസ്സിനെ കട്ടവൻ എവിടെയാണ്, എന്താണ് ചെയ്യുന്നത്, എന്നു അറിയൂ.

ചിത്രലേഖ: (ധ്യാനിച്ചു ചിരിച്ചിട്ടു വിചാരം) ആട്ടെ! ഇവളെക്കൊണ്ടു കുറച്ചു കളിക്കുകതന്നെ. (സ്പഷ്ടം) മനോരഥം കൊണ്ടു കിട്ടിയിരിക്കുന്ന ഇഷ്ടജനത്തിന്റെ സംഗമസുഖത്തെ അനുഭവിപ്പാൻ ഉപഭോഗയോഗ്യമായ ദിക്കിൽ തന്റെ പ്രിയവയസ്യനോടുകൂടി നില്ക്കുന്നു.

(ഉർവ്വശീ വിഷാദം നാടയതി)

ചിത്രലേഖാ: മുഗ്ദ്ധേ! കാ ഉണ അണ്ണാപിആ സമാഅമസ്സ? (മുഗ്ദ്ധേ! കാ പുനരന്യാ പ്രിയാ സമാഗമായ?)

ഉർവ്വശീ: (സോച്ഛ്വാസം) സഹി! അദക്ഖിണം സംദേഹദി മേ ഹിഅഅം. (സഖി! അദക്ഷിണം സംദിഗ്ദ്ധേ മേ ഹൃദയം.)

ചിത്രലേഖാ: (വിലോക്യ) ഏസോ മണിഹമ്മിഅപ്പാസാദപിട്ഠഗദോ വഅസ്സമേത്തസഹാഓ രാഏസി. താ ഏഹി. ഉവസപ്പാമ ണം. (ഏഷ മണിഹർമ്മ്യപ്രാസാദപൃഷ്ഠഗതോ വയസ്യമാത്രസഹായോ രാജർഷിഃ. തദേഹി ഉപസർപ്പാവ ഏനം.)

(ഉഭേ അവതരതഃ)

രാജാ: വയസ്യ! രജന്യാ സഹ വിജൃംഭതേ മദനബാധാ.

ഉർവ്വശീ: അണിബ്ഭിണ്ണർത്ഥേണ ഇമിണാ വഅണേണ ആകംപിദം മേ ഹിഅഅം. താ അന്തരിദാ എവ്വ സുണാമ സേ സേരാലാപം, ജാവ ണോ സംസഅച്ഛേദോ ഹോദി. (അനിർഭിന്നാർത്ഥേനാനേന വചനേനാകമ്പിതം മേ ഹൃദയം. തദന്തർഹിതേ ശ്രുണുവോƒസ്യ സ്വൈരാലാപം, യാവദാവയോഃ സംശയച്ഛേദോ ഭവതി.)

ചിത്രലേഖാ: ജം ദേ രോഅദി. (യത്തേ രോചതേ.)

വിദൂഷകഃ: ണം ഇമേ അമിഅഗബ്ഭാ സേവിഅന്ദു ചന്ദവാദാ. (നന്വേതേƒമൃതഗർഭാഃ സേവ്യന്താം ചന്ദ്രപാദാഃ)

രാജാ: വയസ്യ! ഏവമാദിഭിരനുപക്രമ്യോƒയമാതങ്കഃ പശ്യ-

**കുസുമ ശയനം ന പ്രത്യഗ്രം, ന ചന്ദ്രമരീചയോഃ**
**ന ച മലയജം സർവ്വാംഗീണം, ന വാ മണിയഷ്ടയഃ**
**മനസിജരുജം സാ വാ ദിവ്യാ മമാലമപോഹിതും**

ഉർവ്വശീ: (ഉരസി ഹസ്തം ദത്വാ) കാ വാ അവരാ? (കാ വാ അപരാ?)

രാജാ: **രഹസി ലഘയേദാരബ്ധാ വാ തദാശ്രയിണീ കഥാ.** **10**

ഉർവ്വശീ: ഈ അവസ്ഥ സിദ്ധിച്ചിട്ടുള്ളതായ ഇദ്ദേഹം വളരെ ഭാഗ്യമുള്ള കൂട്ടത്തിൽത്തന്നെ.

ചിത്രലേഖ: വിഡ്ഢി! നീയല്ലാതെ വേറെ ആരാണ് പ്രിയതമന്റെ സമാഗമചിന്തയിൽ പെട്ടിരിക്കുന്നത്?

ഉർവ്വശി: സാമർത്ഥ്യമില്ലാത്ത എൻറെ മനസ്സു സംശയിക്കുന്നു എന്നേയുള്ളൂ.

ചിത്രലേഖ: (നോക്കീട്ട്) ഇതാ! മണിഹർമ്മ്യത്തിൽ വയസ്യൻമാത്രം സഹായമായിട്ടുള്ള രാജർഷി ഇരിക്കുന്നു. വരൂ, അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുക തന്നെ.

(രണ്ടാളും കൂടി ഇറങ്ങുന്നതു നടിക്കുന്നു)

രാജാവ്: തോഴരേ! രാത്രിയോടുകൂടി കാമബാധ വർദ്ധിച്ചു വരുന്നു.

ഉർവ്വശി: അർഥം വെളിപ്പെടാത്ത ഈ വാക്കുകൊണ്ട് എന്റെ മനസ്സു വിറയ്ക്കുന്നു. മറഞ്ഞു നിന്നു തന്നെ ഇദ്ദേഹത്തിന്റെ സല്ലാപം കേൾക്കുക. എന്നാൽ സംശയം തീരുമല്ലോ.

ചിത്രലേഖ: നിനക്കു ബോധിച്ചപോലെ.

വിദൂഷകൻ: ഈ അമൃതു നിറഞ്ഞിട്ടുള്ള ചന്ദ്രകിരണങ്ങളെ സേവിച്ചാലും.

രാജാവ്: ഇങ്ങനെയുള്ളതുകൊണ്ടൊന്നും മാറുന്നതല്ല ഈ രോഗം.

**മലർശയനവും പുത്തൻതിങ്കൾക്കരങ്ങളുമാകെ മേൽ**
**മലയജനറുഞ്ചാറും ഹാരങ്ങളും മതിയായ് വരാ**
**അലർശരരുജാശാന്തിക്കദ്ദിവ്യയാകിലുമിന്നെനിക്കു**
ഉർവ്വശി: ഓ! ഇനി മറ്റവളേതാണ്?

രാജാവ്: **അലസമിഴിയെപ്പറ്റിച്ചൊല്ലും കഥാമൃതവാണിയും. 10**

ഉർവ്വശീ: ഹിഅഅ! മം ഉജ്ഝിഅ ഇദോ സങ്കന്തേണ തുഏ ദാണിം ഫലം ഉവലദ്ധം. (ഹൃദയ! മാമുജ്ഝിത്വാ ഇതഃ സംക്രാന്തേന ത്വയേദാനീം ഫലമുപലബ്ധം.)

വിദൂഷകഃ: ആം. അഹം വി പർത്ഥയന്തോ ജദാ സിഹരിണിം രസാളം അണ ലഹേ, തദാ ണം സങ്കിത്തഅന്തോ ആസാസേമി അത്താണം (ആം. അഹമപി പ്രാർത്ഥയമാനോ യദാ ശിഖിരണീം രസാളാം വാനലഭേ, തദൈതത് സംകീർത്തയന്നാശ്വാസയാമ്യാത്മാനം.)

രാജാ: സമ്പദ്യതേ പുനരിദം ഭവതഃ

വിദൂഷകഃ: ഭവം വി തം അഇരേണ പാവിസ്സദി. (ഭവാനപി താമചിരേണ പ്രാപ്സ്യതി)

രാജാ: സഖേ! ഏവം മന്യേ.

ചിത്രലേഖാ: സുണു അസംതുട്ഠേ! സുണു (ശൃണു അസന്തുഷ്ടേ! ശൃണു)

വിദൂഷകഃ: കഹം വി അ? (കഥമിവ?)

രാജാ: **അയം തസ്യാ രഥക്ഷോഭാദംസേനാംസോ നിപീഡിതഃ**

**ഏകഃ കൃതി ശരീരേഽസ്മിൻ ശേഷമംഗം ഭുവോ ഭരഃ** 11

ചിത്രലേഖ: സഹി! കിം ദാണിം വിലംബീഅദി. (സഖി! കിമിദാനീം വിളംബ്യതേ?)

ഉർവ്വശീ: (സഹസോപസൃത്യ) ഹളാ! അഗ്ഗദോ വി മമ ട്ഠിദാഏ ഉദാസീണോ വിഅ മഹാരാഓ. (ഹളാ! അഗ്രതോഽപി മമ സ്ഥിതായാ ഉദാസീന ഇവ മഹാരാജഃ)

ചിത്രലേഖാ: (സസ്മിതം) ഐ അദിതുവരിദേ! അണക്ഖിത്ത തിരക്ഖരിണീ അസീ. (അയി അതിത്വരിതേ! അനാക്ഷിപ്ത തിരസ്കരണീകാസി)

(നേപഥ്യേ)

ഇദോ ഇദോ ഭട്ടിണീ. (ഇത ഇതോ ഭട്ടിനീ)

(സർവ്വേ കർണ്ണം ദദതി. ഉർവ്വശീ സഹ സഖ്യാ വിഷണ്ണാ)

വിദൂഷകഃ: അഇ ഭോ! ഉവട്ഠിദാ ദേവീ. താ വാചംജമോ ഹോഹി. (അയി ഭോഃ! ഉപസ്ഥിതാ ദേവീ. തദ്വാചംയമോ ഭവ.)

ഉർവ്വശി:മനസ്സേ! ഇപ്പോൾ എന്നെ വിട്ട് നീ അങ്ങോട്ടു ചെന്നുചേർന്നതിന്റെ ഫലം കിട്ടി.

വിദൂഷകൻ: ഏയ്, ഞാൻ കരിമ്പിൻനീരു കിട്ടാതിരിക്കുമ്പോളൊക്കെ അതിനു കൊതിച്ചും, അതിന്റെ പേർ പറഞ്ഞും പ്രാർത്ഥിച്ചിരിക്കാറില്ലേ? അതു പോലെ ഇവിടുന്നും അവളെ പ്രാർത്ഥിച്ചു കൊണ്ടിരിക്കൂ. താമസിയാതെ കിട്ടും.

ചിത്രലേഖ: സന്തോഷിക്കാത്തവളേ! കേൾക്കൂ.

രാജാവ്: തേരിളക്കീട്ട് ഇങ്ങനെയാണ് ഞാൻ വിചാരിക്കുന്നത്

വിദൂഷകൻ: എങ്ങനെ?

രാജാവ്: **തേരിൽ ക്ഷോഭാലസമംസേ ചേരുവാനിടയാകയാൽ**
**ഒരംഗംകൃതി, മറ്റെല്ലാം പരം ഭാരം ധരയ്ക്കുമേ** **11**

ചിത്രലേഖ: ഇനി എന്തിനാണ് താമസിക്കുന്നത്?

ഉർവ്വശി: (വേഗം അടുത്തു ചെന്നിട്ട്) തോഴി! ഞാൻ മുമ്പിൽ ചെന്നു നിന്നിട്ടും മഹാരാജാവ് ഉദാസീനനായിത്തന്നെയിരിക്കുന്നുവല്ലോ.

ചിത്രലേഖ: മഹാപരിഭ്രമക്കാരത്തി, തിരസ്കരണി എടുത്തു കളയൂ!

(അണിയറയിൽ: 'തമ്പുരാട്ടി ഇതിലേ ഇതിലേ')

(ഉർവ്വശി സഖിയോടുകൂടി വിഷാദിക്കുന്നു.)

വിദൂഷകൻ: അയ്യോ അയ്യോ! ദേവി അടുത്തുവന്നു കഴിഞ്ഞു. ഇവിടുന്നു മിണ്ടാതിരിക്കൂ.

രാജാ: ഭവാനപി സംവൃതാകാരാമാസ്താം.

ഉർവ്വശീ: സഹീ! കിം ഏത്ഥ കരണിജ്ജം? (സഖി! കിമത്ര കരണീയം?)

ചിത്രലേഖാ: അലം ആവേഏണ. അന്തരിദാ ദാണിം വയം. വിഹിദ ണിഅമവേസാ രാഏസിമഹിസീ ദീസദി. താണ ഏസാ ഇഹ ചിരം ചിട്ഠിസ്സദി. (അലമാവേഗേന. അന്തർഹിതേ ഇദാനീമാവാം. വിഹിത നിയമവേഷാ രാജർഷിമഹിഷീ ദൃശ്യതേ. തന്നൈഷേഹ ചിരം സ്ഥാസ്യതി.)

(തതഃ പ്രവിശതി ഔപഹാരികഹസ്തപരിജനാ ദേവീ ചേടീ ച)

ദേവീ: (പരിക്രമ്യ ചന്ദ്രമസമവലോക്യ) ഹഞ്ജേ ണിഉണിഏ! ഏസോ രോഹിണീസാഞ്ജോഏണ അഹിഅം സോഹദി ഭഅവം മിഅ ലഞ്ഛണോ. (ഹഞ്ജേ നിപുണികേ! ഏഷ രോഹിണീസംയോഗേ-നാധികം ശോഭതേ ഭഗവാൻ മൃഗലാഞ്ഛനഃ).

നിപുണികാ: ണം ഭട്ടിണീസഹിദോ ഭട്ടാ വിസേസരമണിജ്ജോ. (നനു ഭട്ടിനീസഹിതോ ഭർത്താ വിശേഷരമണീയഃ)

(ഇതി പരിക്രാമതഃ)

വിദൂഷകഃ: (ദൃഷ്ട്വാ) ഭോ! ണ ജാണാമി, സോത്ഥിവാഅണം മേ ദേ ഇത്തി, ആദു വദവ്വവദേസേണ മുക്കരോസാ ഭവദോ പണിപാദലംഘണം പമജ്ജിദുകാമാത്തി. അജ്ജ മേ അക്ഖീണം സുഹദംസണാ ദേവീ. (ഭോഃ! ന ജാനാമി, സ്വസ്തിവാചനം മേ ദദാതീതി. അഥവാ, വ്രത വ്യപദേശേന മുക്തരോഷാ ഭവതഃ പ്രണിപാതലംഘനം പ്രമാർഷ്ടു കാമേതി. അദ്യ മേƒക്ഷ്ണോഃ ശുഭദർശനാ ദേവീ.)

രാജാ: (സസ്മിതം) ഉഭയമപി ഘടതേ. തഥാപി ഭവതാ യത് പശ്ചാദഭിഹിതം തന്മാം പ്രതിഭാതി. യദത്രഭവതീ

**സിതാംശുകാ മംഗളമാത്രഭൂഷണാ**
**പവിത്രദുർവ്വാങ്കുരലാഞ്ഛിതാളകാ**
**വ്രതാപദേശോജ്ഝിതഗർവ്വവൃത്തിനാ**
**മയി പ്രസന്നാ വപുഷൈവ ലക്ഷ്യതേ.** 12

ദേവീ: (ഉപസൃത്യ) ജേദു ജേദു അജ്ജഉത്തോ! (ജയതു ജയതു ആര്യപുത്രഃ!)

രാജാവ്: താനും ആകാരം പുറത്താക്കാതിരിക്കണം.

ഉർവ്വശി: തോഴി! എന്താണു ചെയ്യേണ്ടത്?

ചിത്രലേഖ: പരുങ്ങണ്ടാ, നമ്മൾ മറഞ്ഞല്ലേ നില്ക്കുന്നത്? ഇവളും ഉപവാസം കൊണ്ടു ചടച്ച് ഒരു വ്രതമുള്ളതുപോലെയിരിക്കുന്നു. വളരെനേരം ഇവിടെ നില്ക്കില്ല, നിശ്ചയം.

(അനന്തരം ഉപഹാരദ്രവ്യങ്ങൾ കൈയിലെടുത്ത് പരിവാരങ്ങളോടു കൂടി ദേവിയും ചേടിയും പ്രവേശിക്കുന്നു.)

ചേടി: തമ്പുരാട്ടി! ഇതിലേ ഇതിലേ.

ദേവി: (ചന്ദ്രനെ നോക്കീട്ട്) എടീ നിപുണികേ! ഇപ്പോൾ രോഹിണിയായിച്ചേർന്നതുകൊണ്ട് ഭഗവാൻ ചന്ദ്രൻ അധികം ശോഭിക്കുന്നുണ്ട്.

ചേടി: എന്നാൽ തമ്പുരാട്ടിയോടുകൂടിയ തമ്പുരാനെന്നപോലെ വിശേഷിച്ചും ഒരു ഭംഗിയുണ്ടാവുന്നുണ്ട്.

(എല്ലാവരും ചുറ്റിനടക്കുന്നു.)

വിദൂഷകൻ: സ്വസ്തിവാചനം പറയിച്ചുകഴിഞ്ഞുവോ ഇല്ലയോ എന്നു

രൂപമില്ല. ഇവിടുത്തെക്കുറിച്ച് വ്രതമെന്ന വ്യാജത്താലെ ദേവിക്കു

മുഷിച്ചിൽ തീർന്നു എന്നാണ് എന്റെ ഊഹം.

**മൃഗമവളെത്തന്നെ നോക്കുന്നു.** 32

(ഉപസൃത്യ അഞ്ജലിം ബധ്വാ) ഹംഹോ ഹരിണീപതേ!

**അപി ദൃഷ്ടവാനസി മമ പ്രിയാം വനേ**
**കഥയാമി തേ തദുപലക്ഷണം ശൃണു**
**പൃഥുലോചനാ സഹചരീ യഥൈവ തേ**
**സുഭഗാ തഥൈവ ഖലു സാപി വീക്ഷതേ.** 60

(വിലോക്യ)

കഥമനാദൃത്യ മദ്വചനം കളത്രാഭിമുഖം സ്ഥിതഃ, ഉപപദ്യതേ. പരിഭവാസ്പദം ദശാവിപര്യയഃ. യാവദിതോ$f$ഹമന്യമവകാശമവഗാഹിഷ്യേ.

(പരിക്രമ്യാവലോക്യ ച) ഹന്ത! ദൃഷ്ടമുപലക്ഷണം തസ്യാ മാർഗ്ഗസ്യ.

**രക്തകദംബഃ സോ$f$യം പ്രിയയാ ഘർമ്മാന്തശംസി യസ്യേദം**
**കുസുമമസമഗ്രകേസരവിഷമമപി കൃതം ശിഖാഭരണം.** 61

(പരിക്രമ്യാവലോക്യ ച) കിം നു ഖല്വേതച്ഛിലാഭേദാന്തരഗതം നിതാന്ത രക്തമവലോക്യതേ?

**പ്രഭാലേപീ നായം ഹരിഹതഗജസ്യാമിഷലവഃ**
**സ്ഫുലിംഗോ വാ നാഗ്നേർഗഹനമഭിവൃഷ്ടം യത ഇദം.**

(വിഭാവ്യ)

**അയേ! രക്താശോകപ്രസവസമരാഗോ മണിരയം**
**യമുദ്ധർത്തും പൂഷാ വ്യവസിത ഇവാലംബിതകരഃ!** 62

ഭവതു, ആദാസ്യേ താവത്.

(ഇതി ഗ്രഹണം നാടയതി)

**പണയിണിബദ്ധാസാഅഓ വാഹാഉലണിഅണഅണഓ**
**ഗഅവഇ ഗഹണേ ദുഹിഅഓ ഭമഇ ക്ഖാമിഅവഅണഓ** 63

**(പ്രണയിനീബദ്ധാശോകാ ബാഷ്പാകുലനിജനയനഃ**
**ഗജപതിർഗഹനേ ദുഃഖിതോ ഭ്രമതി ക്ഷാമവദനഃ)**

(ദ്വിപദികയോപസൃത്യ ഗൃഹീത്വാ)

**മന്ദാരപുഷ്പൈരധിവാസിതായാം**
**യസ്യാഃ ശിഖായാമയമർപ്പണീയഃ**
**സൈവ പ്രിയാ സംപ്രതി ദുർല്ലഭാ മേ**
**നൈവൈനമാസ്രോപഹതം കരോമി** 64

(ഇത്യുത്സൃജതി)

അല്ലേ മൃഗയൂഥരാജൻ!

**ബത കണ്ടിതോ മമ വരാംഗിയേ വനേ**
**ചിതമോടു ചൊൽവനവൾതന്റെ ലക്ഷണം**
**പൃഥുനേത്രയാണവൾ ഭവൽ പ്രിയേടെപോ–**
**ലതുമാത്രമല്ലഴകിൽ നോട്ടവും സമം.** 33

എയ്, എന്റെ വാക്കു കേൾക്കാതെ പ്രിയാഭിമുഖനായിത്തീർന്നുവല്ലോ. കൊള്ളാം! എന്റെ കഷ്ടകാലം പരിഭവങ്ങളുടെ ഒക്കെ ഇരിപ്പിടമാണല്ലോ. ഇവിടുന്നു പോകതന്നെ. (ചുറ്റിനടന്നു മുമ്പിൽ നോക്കീട്ട്) പാറ പൊളിഞ്ഞുകിടക്കുന്നതിനിടയിൽ എന്താണിക്കാണുന്നത്?

**സ്ഫുടം മിന്നുന്നല്ലോ ഹരിനിഹതമാം മാംസകണമ–**
**ല്ലുടൻ വർഷിച്ചോരീയിവിടെയൊരു ചെന്തീപ്പൊരി വരാ.**

(നല്ലവണ്ണം നോക്കീട്ട്).

**എടോ! രക്താശോകപ്പുതുമലർനിറംകൊണ്ട മണിയാ–**
**ണെടുപ്പാനയർക്കൻ കരനിരയണയ്ക്കുന്നു നിയതം.** 34

അഹോ! എന്റെ മനസ്സിനെ ഹരിക്കുന്ന ഇതിനെ എടുക്കതന്നെ. അല്ലെങ്കിൽ,

**മന്ദാരപുഷ്പങ്ങളണിഞ്ഞു മൗലൗ**
**മന്നാരി ചാർത്തേണ്ടൊരു കല്ലിതല്ലോ?**
**ഇന്നേരമില്ലായവളെന്തിനാണി–**
**തെൻനേത്രബാഷ്പത്തിൽ നനപ്പതിപ്പോൾ** 35

(നേപഥ്യേ വത്സ, ഗൃഹ്യതാം ഗൃഹ്യതാം).

**സംഗമനീയോ മണിരിഹ ശൈലസുതാചരണരാഗയോനിരയം**
**ആവഹതി ധാര്യമാണഃ സംഗമമചിരാത് പ്രിയജനേന** 65

(കർണ്ണം ദത്വാ) കോ നു ഖലു മാമേവമനുശാസ്തി? (ദിശോƒവലോക്യ) അയേ! അനുകമ്പതേ മാം കശ്ചിന്മൃഗചാരീ മുനിർ ഭഗവാൻ. ഭഗവൻ! അനുഗൃഹീതോസ്മ്യഹമുപദേശാത് ഭവതഃ (മണിമാദായ) ഹംഹോ സംഗമനീയ!

**തയാ വിയുക്തസ്യ വിലഗ്നമധ്യയാ ഭവിഷ്യസി ത്വം യദി സംഗമായ മേ**
**തതഃ കരിഷ്യാമി ഭവന്തമാത്മനഃ ശിഖാമണിം ബാലമിവേന്ദുമീശ്വരഃ** 66

(പരിക്രമ്യാവലോക്യ ച) അയേ! കിം നു ഖലു കുസുമരഹിതാമപി ലതാമിമാം പശ്യതാ മയാ രതിരുപലഭ്യതേ? അഥവാ, സ്ഥാനേ മമ മനോ രമതേ. ഇയം ഹി

**തന്വീ മേഘജാലാർദ്രപല്ലവതയാ ദൗതാധരേവാശ്രുഭിഃ**
**ശൂന്യേവാഭരണൈഃ സ്വകാലവിരഹാദ്വിശ്രാന്ത പുഷ്പോദ്ഗമാ**
**ചിന്താമൗനമിവാസ്ഥിതാ മധുലിഹാം ശബ്ദൈർവിനാ ലക്ഷ്യതേ**
**ചണ്ഡീ മാമവധൂയ പാദപതിതം ജാതനുതാപേവ സാ.** 67

യാവദസ്യാം പ്രിയാനുകാരിണ്യാം ലതായാം പരിഷ്വംഗപ്രണയീ ഭവാമി.

**ലഏഏ പേക്ഖ വിണു ഹിഅഏണ ഭമാമി**
**ജഇ വിഹിജോ ഏണ പുണി തഹി പാവിമി**
**താ രണ്ണേ വിണു കരിമി ണിഭന്തീ**
**പുണ ണഇ മേല്ല്ലഇ താഹ ക അന്തീ** 68

**(ലതേ! പ്രേക്ഷസ്വ വിനാ ഹൃദയേന ഭ്രമാമി**
**യദി വിധിയോഗേന പുനസ്ത്വാം പ്രാപ്നോമി**
**തദാരണ്യേന വിനാ കരോമി നിർഭ്രാന്തിം**
**പുനർന പ്രവേശയാമി താം കൃതാന്താം)**

(ഇതി ഉപസൃത്യ ലതാം ആലിംഗതി. തതഃ പ്രവിശതി തത്സ്ഥാന ഏവ ഉർവ്വശീ.)

(അണിയറയിൽ) വത്സ! എടുക്കു, എടുക്കു.

**'സംഗമനീയം' മണിയിതു മംഗളമഗജാപദപ്രഭോത്ഭൂതം**
**ഭംഗിയിലിതങ്ങണിഞ്ഞാൽ സംഗമുണ്ടാകുമിഷ്ടജനമായി** 36

രാജാവ്: (കേട്ടിട്ട്) ആരാണ് എന്നോടു കല്പിക്കുന്നത്? (ആലോചിച്ചിട്ട്)

ഭഗവാൻ ശ്രീപരമേശ്വരൻ എന്റെമേൽ തിരുമനസ്സു വെക്കുന്നു. അല്ലയോ ഭഗവാനേ! എനിക്കനുഗ്രഹമായി. (മണി എടുത്തിട്ട്) അല്ലയോ സംഗമനീയ,

**ചിരം പിരിഞ്ഞോരു വിലഗ്നമദ്ധ്യയായ്,**
**പരം ഭവാൻ സംഗമെനിക്കു നൽകുകിൽ**
**ധരിച്ചിടാമന്നുമുതൽക്കു നിന്നെ ഞാൻ**
**ശിരസ്സിലീശൻ ശശി ചൂടിടുംവിധം** 37

(ചുറ്റിനടന്നു നോക്കീട്ട്) എന്താണിത്. പൂവിടാത്തതാണെങ്കിലും ഈ ലതയെ നോക്കുമ്പോൾ എനിക്കു പ്രീതിയുണ്ടാകുന്നുവല്ലോ. അല്ലെങ്കിൽ ഇത് എന്റെ മനസ്സിനെ രമിപ്പിക്കുന്നത് യുക്തംതന്നെ.

**ചിന്നീടും മഴയേറ്റിടും തളിരിനാൽ**
**ബിംബാധരേ കണ്ണുനീർ**
**നന്നായ് വാർന്നതുപോലെ ഭൂഷകൾ വെടി-**
**ഞ്ഞപ്പോലെ പുഷ്പക്ഷയാൽ**
**തന്നേ ചിന്തയിൽ മൗനമാണ്ടവിധമീ**
**വണ്ടിങ്ങു മിണ്ടായ്കയാൽ**
**തന്വീ, ഞാൻ കഴൽ കൂപ്പുവോതു കുതറി-**
**ക്കേഴുന്നപോലീ ലതാ** 38

പ്രിയയുടെ സാദൃശ്യമുള്ള ഇതിനെ ആലിംഗനംചെയ്കതന്നെ.

(ലതയെ ആലിംഗനം ചെയ്യുന്നു).

(അനന്തരം ആ സ്ഥാനത്ത് ഉർവ്വശി പ്രവേശിക്കുന്നു.)

നിമീലിതാക്ഷഃ സ്പർശം രൂപയിത്വാ) അയേ! ഉർവ്വശീഗാത്ര സംസ്പർശാദിവ നിർവൃതം മേ ശരീരം. തഥാപി നാസ്തി വിശ്വാസഃ കുതഃ

**സമർത്ഥയേ യത്പ്രഥമം പ്രിയം പ്രതി**
**ക്ഷണേന തന്മേ പരിവർത്തതേƒന്യഥാ**
**അതോ വിനിദ്രേ സഹസാ വിലോചനേ**
**കരോമി ന സ്പർശവിഭാവിതപ്രിയഃ ...** 69

(ശനൈരുന്മീല്യ ചക്ഷുഷീ) കഥം സത്യമേവ പ്രിയതമാ? (ഇതി മൂർച്ഛിതഃ പതതി)

ഉർവ്വശീ: (ബാഷ്പം വിസൃജ്യ) സമസ്സസദു സമസ്സദു മഹാരാഓ.

(സമാശ്വസിതു സമാശ്വസിതു മഹാരാജഃ)

രാജാ: (സംജ്ഞാം ലബ്ധ്വാ) പ്രിയേ! അദ്യ ജീവിതം

**ത്വദ്വിയോഗോദ്ഭവേ ചണ്ഡീ! മയാ തമസി മജ്ജതാ**
**ദിഷ്ട്യാ പ്രത്യുപലബ്ധാസി, ചേതനേവ ഗതാസൂനാ** 70

ഉർവ്വശീ: മരിസദു മരിസദു മഹാരാഓ. ജംമഏ കോവവസം ഗദാ ഏ ഏദം അവത്ഥന്തരം പാപിദോ മഹാരാഓ. (മർഷയതു മർഷയതു മഹാരാജോ, യന്മയാ കോപവശം ഗതയാ ഏതദവസ്ഥാന്തരം പ്രാപിതോ മഹാരാജഃ).

രാജാ: കല്യാണി! നാഹം പ്രസാദനീയസ്ത്വയാ. ത്വദ്ദർശനാദേവ പ്രസന്ന ബാഹ്യാന്തഃകരണോƒന്തരാത്മാ. തത്കഥയ, കഥമിയന്തം കാലമവ-സ്ഥിതാ മയാ വിനാ ഭവതീ?

അനന്തരേ ചർച്ചരീഃ

**മോരാ പരഹുഅ ഹംസ രഹംഗാ**
**അളിഗഅ പച്ചഅ സരിഅ കുരംഗാ**
**തുജ്ഝഹ കാരണേ രണ്ണ ഭമന്തേ**
**കോ ണ ഹു പുച്ഛിഅ മഇം രോഅന്തേ.** 71

**(മയൂരഃ പരഭൃതോ ഹംസോ രഥാംഗഃ**
**അളിർഗജഃ പർവ്വതഃ സരിൽകുരംഗഃ**
**തവ കാരണേനാരണ്യേ ഭ്രമതാ**
**കോ ന ഖലു പൃഷ്ടോ മയാ രുദതാ)**

രാജാവ്: (കണ്ണടച്ചുകൊണ്ട് സ്പർശനസുഖം നടിച്ചിട്ട്) ഏയ്, ഉർവ്വശിയുടെ ശരീരം തൊട്ടാലത്തെപ്പോലെ എന്റെ ശരീരത്തിനു സുഖമുണ്ടാകുന്നു. എന്നാലും വിശ്വാസമുണ്ടാകുന്നില്ലതാനും. എന്തെന്നാൽ,

**ഇതാണിതാണെൻ പ്രിയയെന്നു മുമ്പു പാർ–**
**ത്തതൊക്കെയും മറ്റൊരുമട്ടിലായി മേ;**
**അതോർത്തുടൻ ഞാനിഹ കൺമിഴിക്കയി–**
**ല്ലിതാ പ്രിയസ്പർശസുഖം കിടച്ചുതേ** 39

(പതുക്കെ കണ്ണു മിഴിച്ചിട്ട് സന്തോഷത്തോടുകൂടി) ഏയ്, സത്യമായിട്ടുർവ്വശിതന്നെ.

ഉർവ്വശി: (കണ്ണീരൊലിപ്പിച്ചിട്ട്) മഹാരാജാവ് ജയിച്ചാലും!

രാജാവ്: **നിൻ വിയോഗതമസ്സിങ്കൽത്താണെഴും മമ, കോപനേ!**
**നിന്നെക്കിട്ടി, ശവേ ജീവൻ ചേർന്നപോലെന്റെ ഭാഗ്യമേ?** 40

ഉർവ്വശീ: ഏവ്വം. അന്തഃകരണപച്ചക്ഖീകിദവുത്തന്തോ മഹാരാഓ. (ഏവമന്തഃകരണപ്രത്യക്ഷീകൃതവൃത്താന്തോ മഹാരാജഃ)

രാജാ: പ്രിയേ! അന്തഃകരണമിതി, ന ഖലവഗച്ഛാമി.

ഉർവ്വശീ: സുണാദു മഹാരാഓ. പുരാ ഭഅവദാ കുമാരേണ സാസദം കുമാരവ്വദം ഗേണ്ഹി അ അകലുസോ ണാമ ഗന്ധമാദണകച്ഛോ അജ്ഝാസിദോ. കിദോ അ ഏസ വീഹീ.

(ശൃണോതു മഹാരാജഃ. പുരാ ഭഗവതാ കുമാരേണ ശാശ്വതം കുമാരവ്രതം ഗൃഹീത്വാകലുഷോ നാമ ഗന്ധമാദനകച്ഛോ*ƒ*ധ്യാസിതഃ കൃതശ്ചൈഷ വിധിഃ)

രാജാ: ക ഇവ?

ഉർവ്വശീ: 'ജാ കില ഇത്ഥിആ ഇമം പദേസം പവിസദി, സാ ലദാ ഭാവേണ പരിണമിസ്സദി'ത്തി. കിദോ അ അഅം സാവന്തോ, ഗോരീ ചരണരാഅസംഭവം മണിം വിണാ തദോ ണ മുച്ചിസ്സദിത്തി. തദോ അഹം ഗുരുസാവസംമൂഢഹിഅആ ദേവദാസമഅം വിസുമരിഅ അഗഹിദാണുണആ ഇത്ഥിആജണപരിഹരണീയം കുമാരവണം പവിട്ഠാ പവേസാണന്തരം എവ്വ അ കാണണോ വന്തവത്തിവാസംതീലദാഭാഏണ പരിണദം മേ രൂവം. (യാ കില സ്ത്രീ ഇമം പ്രദേശം പ്രവിശതി, സാ ലതാഭാവേന പരിണംസ്യതീതി. കൃതശ്ചായം ശാപാന്തഃ, ഗൗരീചരണ രാഗസംഭവം മണിം വിനാ തതോ ന മോക്ഷ്യത ഇതി. തതോ*ƒ*ഹം ഗുരുശാപസംമൂഢഹൃദയാ ദേവതാസമയം വിസ്മൃത്യാഗൃഹീതാനുനയാ സ്ത്രീജനപരിഹരണീയം കുമാരവനം പ്രവിഷ്ടാ. പ്രവേശാനന്തരമേവ ച കാനനോപാന്തവർത്തിവാസന്തീലതാഭാവേന പരിണതം മേ രൂപം.)

രാജാ: പ്രിയേ സർവ്വമുപപന്നം.

**ശ്രമഖേദസുപ്തമപി മാം ശയനേ യാ മന്യസേ പ്രവാസഗതം**
**സാ ത്വം പ്രിയേ! സഹേഥാഃ കഥം മദീയം ചിരവിയോഗം.** **72**

ഇദം തദ്യഥാകഥിതം സംഗമനിമിത്തം പുനരുപലബ്ധ പ്രഭാവമാസാ-ദിതമസ്മാഭി (ഇതി മണിം ദർശയതി).

ഉർവ്വശി: ആഭ്യന്തരകരണയായിരുന്ന എനിക്ക് മഹാരാജാവിന്റെ വൃത്താന്തങ്ങളൊക്കെ പ്രത്യക്ഷമായിരുന്നു.

രാജാവ്: ആഭ്യന്തരകരണ എന്ന ഭവതിയുടെ വാക്കിന്റെ അർത്ഥം എനിക്കു മനസ്സിലായില്ല.

ഉർവ്വശി: പറയാം. മഹാരാജാവ് പ്രസാദിച്ചാലും. ഞാൻ കോപിച്ചിട്ടു മഹാരാജാവിനെ ഇങ്ങനെയൊക്കെ ആക്കിയില്ലേ?

രാജാവ്: എന്നെ പ്രസാദിപ്പിപ്പാനില്ല. ഭവതിയെ കണ്ടപ്പോൾത്തന്നെ എന്റെ ബാഹ്യാന്തഃകരണങ്ങളോടുകൂടിയ ആത്മാവു പ്രസാദിച്ചിരിക്കുന്നു. ഇത്ര ദിവസവും എന്നോടുകൂടാതെ ഭവതി എങ്ങനെ ഇരുന്നു?

ഉർവ്വശി: മഹാരാജവു കേട്ടാലും! ഭഗവാൻ സുബ്രഹ്മണ്യൻ നിത്യമായ ബ്രഹ്മചര്യവ്രതത്തെ അനുഷ്ഠിച്ചുകൊണ്ട് 'അകലുഷം' എന്ന ഗന്ധമാദനഗിരിഭാഗത്തിൽ പാർത്തു. ഇങ്ങനെ ഒരു നിയമവും ചെയ്തു.

രാജാവ്: എങ്ങനെ?

ഉർവ്വശി: 'ഈ സ്ഥലത്ത് ഏതു പെണ്ണു കടക്കുന്നുവോ അവൾ വള്ളിയായിത്തീരും. ഗൗരീചരണരാഗസംഭവമായ സംഗമനീയമണി കൂടാതെ അതിൽനിന്നു വിട്ടുപോരില്ല' എന്ന്. ഇത് ഞാനറിഞ്ഞിട്ടും ഗുരുശാപംകൊണ്ടു തന്റേടമില്ലാതായിട്ട് ആ ദേവനിശ്ചയത്തെ മറന്ന് അനുനയത്തെ കൂട്ടാക്കാതെ കുമാരവനത്തിൽ ചെന്നു കേറി; കടന്നപ്പോൾത്തന്നെ വാസന്തീലതയായിത്തീരുകയും ചെയ്തു.

രാജാവ്: ഇപ്പോളൊക്കെശ്ശരിയായി.

**രതിയിൽ തളർന്നുറങ്ങുകി ലതുപൊഴുതും ഞാനകന്നുവെന്നോർക്കും;**
**ഇതുപൊഴുതാ നീയെങ്ങനെ യൊതുക്കുമെൻ ദീർഘവിരഹമെന്നബലേ! 41**

ഇതാ, ഭവതിയുടെ സംഗമത്തിന്റെ കാരണം, എനിക്കു കിട്ടി. മണിയുടെ പ്രഭാവംകൊണ്ടാണെനിക്കു ഭവതിയെ കിട്ടിയത്. (മണി കാണിക്കുന്നു.).

ഉർവ്വശീ: അമ്മ ഹേ! സംഗമണിഓഅഅം മണി? അദോ ക്ഖു മഹാരാഎണ ആലിംഗിദമേത്ത ജ്ജേവ പകിദിത്ഥംഹി സംവുത്താ.

(അഹോ! സംഗമനിയോ*ƒ*യം മണിഃ? അതഃ ഖലു മഹാരാജേനാ*ƒ* ലിംഗിതമാത്രൈവ പ്രകൃതിസ്ഥാസ്മി സംവൃത്താ).

രാജാ: (ലലാടേ മണിം നിവേശ്യ)

**സഫുരതാ വിച്ഛുരിതമിദം രാഗേണ മണേർലലാടനിഹിതസ്യ**
**ശ്രീയമുദ്വഹതി മുഖം തേ ബാലാതപരക്തകമലസ്യ.** 73

ഉർവശീ: പിഅംവദ! മഹന്തോ കഖു കാലോ തുഏ്ഘ പഇട്ഠാണാ ദോണിഗ്ഗദസ്സ. കതാഇ അസൂഇസ്സന്തി മം പകിദിഓ. താ ഏഹി ണിവുത്തംഹ (പ്രിയംവദ! മഹാൻ ഖലു കാലസ്ത്വ പ്രതിഷ്ഠാനാന്നിർഗ്ഗതസ്യ. കദാചിദസൂയിഷ്യന്തി പ്രക്രിതയഃ തദേഹി നിവർത്താവഹേ)

രാജാ: യദാഹ ഭവതീ.

(ഇതി ഉത്തിഷ്ഠതഃ).

ഉർവശീ: അധ കധം മഹാരാഓ ഗന്തും ഇച്ഛദി (അഥ കഥം മഹാ രാജോ ഗന്തുമിച്ഛതി?)

രാജാ: **അചിരപ്രഭാവിലസിതൈഃ പതാകിനാ**
**സുരകാർമുകഭിനവചിത്രശോഭിനാ**
**ഗമിതേനാ ഖേലഗമനേ വിമാനതാം**
**നയ മാം നവേന വസതിം പയോമുചാ** 74

(ചർച്ചരീ)

**പാവി അസഹ അരിസംഗമഓ പുല അപസാഹിഅംഗഅഓ**
**സേച്ഛാപത്തവിമാണഓ വിഹരഇ ഹംസജുആണഓ** 75

**(പ്രാപ്തസഹചരീസംഗമഃ പുലകപ്രസാധിതാംഗഃ**
**സ്വേച്ഛാപ്രാപ്തവിമാനോ വിഹരതി ഹംസയുവാ)**

(ഇതി ഖണ്ഡധാരയാ നിഷ്ക്രാന്തൗ )

**(ഇതി ചതുർത്ഥോ*ƒ*ങ്കഃ)**

ഉർവശി: എയ് സംഗമനീയം! (മണിയെ തലയിൽ വെച്ചു വന്ദിക്കുന്നു)

രാജാവ്: സുന്ദരീ, ഇങ്ങനെ തന്നെ കുറച്ചു നേരം നിൽക്കൂ.

**വിളയും രുചിയൊടു നീലേ**
**തെളിയും മണിയുടെ ചുവപ്പിൽ നിന്റെ മുഖം**
**ലളിതച്ചെറുവെയിൽ തട്ടിയ**
**കുളകമലത്തിന്റെ കാന്തിയേന്തുന്നു.** 42

ഉർവശി: പ്രതിഷ്ഠാനഗരത്തിൽ നിന്ന് ഇവിടുന്നു പോന്നിട്ടു വളരെക്കാലമയല്ലോ. പ്രജകൾ എന്റെ പേരിൽ അസൂയ വിചാരിക്കുന്നുണ്ട്. അതുകൊണ്ട് വരൂ. പോവുക.

രാജാവ്: ഭവതി കല്പിക്കുംപോലെ.

ഉർവശി: മഹാരാജാവ് എങ്ങനെ പോകാമെന്നാണ് വിചാരിക്കുന്നത്?

രാജാവ്: **ചലയായ മിന്നൽമയപൊൻപതാകയും**
**വലവൈരിചാപമയ ചിത്രമാലയും**
**വിലസും നവാംബുദവിമാനമേറ്റിയി–**
**ന്നലകാലയം നയിക്കുകെന്നെ നീ.** 43

(എല്ലാവരും പോകുന്നു).

**(നാലാം അങ്കം കഴിഞ്ഞു)**

# പഞ്ചമോ*f*ങ്കഃ

(തതഃ പ്രവിശതി ഹൃഷ്ടോ വിദൂഷകഃ)

വിദൂഷകഃ: ഹീ ഹീ ഭോ ദിട്ഠിആ ചിരസ്സ കാലസ്സ ഉവ്വസീസ ഹാഓ ണന്ദണവണപ്പമുഹേസു പദേസേസു വിഹരിഅ പഡിണിവുത്തോ പിഅവഅസ്സോ ദാണിം സകജ്ജാണുസാസണേണ പകിദിമണ്ഡലം അണുരജ്ജന്തോ രജ്ജം കരേദി. അസന്താണത്തണം വജ്ജിഅസേ ണ കിംപി സോഅണീഅം. അജ്ജ തിഹിവിസേസോ ത്തി ഭ!അവദീണം ഗംഗജഉണാണം സംഗമേ ദേവീഹിം സഹ കിദാഹിസേഓ സപദം ഉവ!ആരിഅം പവിട്ഠോ. താ ജാവ തത്ത ഭവദോ അലം കരിഅമാണസ്സ അണുലേവണമല്ലേ അഗ്ഗഭാഗീ ഹോമി. (ഹീ ഹീ ഭോഃ, ദിഷ്ട്യാ ചിരസ്യ കാലസ്യോർവ്വശീസഹായോ നന്ദനവനപ്രമുഖേഷു പ്രദേശേഷു വിഹൃത്യ പ്രതിനിവൃത്തഃ പ്രിയവയസ്യഃ ഇദാനീം സ്വകാര്യാനുശാസ–നേന പ്രകൃതിമണ്ഡലമനുരഞ്ജയൻ രാജ്യം കരോതി. അസന്താനത്വം വർജയിത്വാ ന കിമപി ശോചനീയം. അദ്യ തിഥിവിശേഷഃ ഇതി ഭഗവത്യോർഗംഗായമുനയോ സംഗമേ ദേവീഭിഃ സഹ കൃതാഭിഷേകോ സാംപ്രതമുപകാര്യാം പ്രവിഷ്ടഃ തദ്യാവത്തത്ര ഭഗവതോ*f*ലംക്രിയമാണ–സ്യാനുലേപമാല്യേ?ഗ്രഭാഗീഭവാമി). (ഇതി പരിക്രാമതി.)

(നേപത്ഥ്യേ) ഹദ്ധി ഹദ്ധി! ദുഊലുത്തരച്ഛദേ താലവേണ്ട പിഹാണേ ണിക്ഖിവിഅ ണീഅമാണോ മഏ ഭട്ടിണോ അച്ഛരാവിലാസിണോ മോലിര!അണജോഗ്ഗോ മണി ആമിസസംകിണാ ഗിദ്ധേണ അക്ഖിത്തോ. (ഹാ ധിക് ഹാ ധിക്! ദുകൂലോത്തരച്ഛദേ താലവൃന്തപിധാനേ നിക്ഷിപ്യ നീയമാനോ മയാ ഭർത്തുരപ്സരോവിലാസിനോ മൗലിരത്നയോഗ്യോ മണിരാമിഷശങ്കിനാ ഗൃദ്ധ്രേണാക്ഷിപ്തഃ)

വിദൂഷകഃ: കർണ്ണം ദത്വാ അച്ചാഹിദം അച്ചാഹിദം! പരമബഹുമദോ ക്ഖു സോ വ!അസ്സസ്സ സംഗമണീഓ ണാമ ചൂഡാമണീ. അദോ ക്ഖു അസമത്താണെവച്ഛോ എവ്വ തത്ത ഭവം ആസണാദോ ഉട്ഠിഅ ഇദോ ആഅച്ഛദി. ജാവ ണം ഉവസപ്പാമി. (അത്യാഹിതമത്യാഹിതം! പരമബഹുമതഃ ഖലു സ വയസ്യസ്യ സംഗമനീയോ നാമ ചൂഡാമണീഃ. അതഃ ഖല്വസമാപ്തനേപത്ഥ്യ ഏവ തത്ര ഭവാനാസനാദുത്ഥായേത ആഗച്ഛതി. യാവദേനമുപസർപ്പാമി.)

**ഇതി പ്രവേശകഃ**

# അഞ്ചാമങ്കം

(അനന്തരം വിദൂഷകൻ പ്രവേശിക്കുന്നു)

വിദൂഷകൻ: ഭാഗ്യം, വളരെക്കാലമായിട്ടു നന്ദനവനം മുതലായ ദേവോദ്യാനങ്ങളിൽ ഉർവ്വശിയോടുകൂടി ക്രീഡിച്ചിട്ട് തോഴർ തിരിച്ചു വന്നു. ഇപ്പോൾ എതിരേറ്റു സൽക്കരിച്ച് പ്രജകളുടെ ക്ഷേമംപോലെ രാജ്യഭാരം ചെയ്തുതുടങ്ങി. സന്തതിയില്ല എന്നൊഴിച്ച് ഇദ്ദേഹത്തിന് ഒരു ദോഷവും പറവാനില്ല. ഇന്നു തിഥിവിശേഷമാകകൊണ്ട് ഗംഗാ യമുനാസംഗമത്തിൽ ദേവികളോടുകൂടി സ്നാനം കഴിച്ചു കോട്ടയ്ക്കു പുറത്തുള്ള കോവിലകത്തേക്കു പോയിരിക്കുന്നു. അതുകൊണ്ട് അലങ്കരിപ്പാൻ ഭാവിക്കുന്ന തോഴരുടെകുറിക്കൂട്ട്, പൂക്കൾ ഇതുകളുടെ അഗ്രഭാക്കാവാനായി അടുത്തുചെന്നു കൂടുകതന്നെ. (ചുറ്റി നടക്കുന്നു).

(അണിയറയിൽ)

"അയ്യോ കഷ്ടം! പട്ടിന്റെ ഉള്ളിൽ വിശറികൊണ്ടടിച്ചുകൊണ്ട് പോകും വഴിക്ക് അപ്സരോവിലാസംകൊണ്ടഭ്യസിച്ചിട്ടുള്ള കേശബന്ധത്തിൽ ഉപയോഗിക്കേണ്ടതായ മണി മാംസമാണെന്നു ശങ്കിച്ച് ഒരു കഴുവാറ വന്നു കൊത്തിക്കൊണ്ടുപോയല്ലോ.")

വിദൂഷകൻ: (കേട്ടിട്ട്) അയ്യോ, അത്യാപത്തായല്ലോ. സംഗമനീയമെന്ന മണി തോഴർക്കു വളരെ ഇഷ്ടമാണല്ലോ. അതുകൊണ്ടുതന്നെയാണ് അണിയൽ കഴിയുംമുമ്പിൽത്തന്നെ തോഴർ എഴുന്നേറ്റ് ഇങ്ങോട്ടുതന്നെ വരുന്നത്. അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുകതന്നെ.

(പോകുന്നു).

**(പ്രവേശകം കഴിഞ്ഞു)**

(തതഃ പ്രവിശതി രാജാ സൂതശ്ച കഞ്ചുകിരേചകൗ പരിജനശ്ച)

**ആത്മനോ വധമാഹർത്താ ക്വാസൗ വിഹഗതസ്കരഃ**
**യേന തത്പ്രഥമം സ്തേയം ഗോപ്തുരേവ ഗൃഹേ കൃതം 1**

കിരാതഃ: ഏസോ ഏസോ ക്ഖു മുഹകോഡിലഗ്ഗഹെമസുത്തേണ മണിണാ ആലിഹന്തോ വിഅ ആആസം പഡിബ്ഭമദി. (ഏഷ ഏഷ ഖലു മുഖകോടിലഗ്നഹേമസൂത്രേണ മണിനാ ലിഖന്നിവാകാശം പരിഭ്രമതി.)

രാജാ: പശ്യാമ്യേനം

**അസൗ മുഖാലംബിതഹേമസൂത്രം ബിഭ്രന്മണിം മണ്ഡലചാരശീഘ്രഃ**
**അലാതചക്രപ്രതിമം വിഹംഗ സ്തദ്രാഗലേഖാവലയം തനോതി. 2**

കിം നു ഖല്വത്ര കർത്തവ്യം?

വിദൂഷകഃ: (ഉപേത്യ) ഭോ, അലം എത്ഥ ഘിണാഏ. അവരാഹീ സാസണിഓ. (ഭോഃ, അലമത്ര ഘൃണയാ. അപരാധീ ശാസനീയഃ)

രാജാ: സമ്യഗാഹ ഭവാൻ. ധനുർധനുസ്താവത്.

പരിജനഃ: ജം ഭട്ടാ ആണവേദി. (യത് ഭർത്താ ആജ്ഞാപയതി).

(നിഷ്ക്രാന്തഃ).

രാജാ: വയസ്യ! ന ദൃശ്യതേ സ വിഹഗാധമഃ. ക്വ നു ഖലു ഗതഃ?

വിദൂഷകഃ: ഭോ! ഇതോ ദക്ഖിണന്തേണ അവഗദോ സോസ ഉണി ഹദാസോ. (ഭോഃ! ഇതോ ദക്ഷിണാന്തേനാപഗതഃ സ ശകുനിഃ ഹതാശഃ).

രാജാ: (പരിവൃത്യാവലോക്യ ച) ദൃഷ്ട ഇദാനീം.

**പ്രഭാ പല്ലവിതേ നാസൗ കരോതി മണിനാ ഖഗഃ**
**അശോകസ്തബകേനേവ ദിങ്മുഖസ്യാവതംസകം 3**

യവനീ: (ചാപഹസ്താ പ്രവിശ്യ) ഭട്ടാ ഏദം ഹത്ഥാവാവസഹിദം സരാസണം. (ഭർതഃ! ഏതദ്ധസ്ഥാവാപസഹിതം ശരാസനം.)

രാജാ: കിമിദാനീം ശരാസനേന? ബാണപഥമതീതഃ സ ക്രവ്യഭോജനഃ. തഥാ ഹി –

**ആഭാതി മണിവിശേഷോ ദൂരമിദാനീം പതത്രിണാ നീതഃ**
**നക്തമിവ ലോഹിതാംഗഃ പരുഷഘനച്ഛേദസംയുക്തഃ 4**

(അനന്തരം പരിഭ്രമിച്ച പരിജനങ്ങളോടുകൂടിയ രാജാവ് പ്രവേശിക്കുന്നു)

രാജാവ്: **എങ്ങവൻ തൻവധം താനേ വാങ്ങുമപ്പക്ഷിതസ്കരൻ?**
**എങ്ങും കാപ്പവർ വീട്ടിൽ താൻ പോങ്ങൻ മുൻകയ്യുകട്ടവൻ** 1

കിരാതി: ഇതാ കൊക്കിന്മേൽ പിണഞ്ഞിരിക്കുന്ന പൊന്നിൻനൂലോടുകൂടിയ മണികൊണ്ട് ആകാശത്തിൽ വരച്ചുംകൊണ്ട് എന്നപോലെ ഇവൻ ശോഭിക്കുന്നു.

രാജാവ്: **ഇവൻ മുഖേ പൊൻ തുടലോടു കല്ലുമായ്**
**ജവേന ചുറ്റിച്ചുഴലെപ്പറന്നിതാ**
**സവേഗമായ്ക്കൊള്ളി തിരിച്ചപോലിതിൻ**
**നവാരുണ ശ്രീവലയം രചിപ്പതും.** 2

എന്താണ് ചെയ്യേണ്ടത്?

വിദൂഷകൻ: (അടുത്തിട്ട്) തോഴരേ! കൊല്ലാൻ മടിക്കരുത്. ഈ കുറ്റക്കാരനെ ശിക്ഷിക്കണം.

രാജാവ്: താൻ പറഞ്ഞതു കൊള്ളാം. വില്ലെവിടെ?

യവനിക: അടിയൻ കൊണ്ടുവരാം. (പോകുന്നു)

രാജാവ്: കാണാനില്ലല്ലോ. അവനെവിടെപ്പോയി?

വിദൂഷകൻ: ഇതാ തെക്കോട്ടു പോയി, ആ മാംസംതീനി.

രാജാവ്: (തിരിഞ്ഞുനോക്കീട്ട്) ഇപ്പൊൾ കണ്ടു.

**ചിന്നും ശ്രീയുള്ള കാൽകൊണ്ടു മിന്നുന്നുണ്ടീ വിഹംഗമം.**
**ഇന്നശോകം പൂങ്കുലകൊണ്ടെന്നപോലെ ദിഗാഭയായ്.** 3

യവനിക: (വില്ലും കൊണ്ടു പ്രവേശിച്ചിട്ട്) തമ്പുരാനേ! ഇതാ ശരത്തോടുകൂടിയ വില്ല്.

രാജാവ്: ഇനി വില്ലുംകൊണ്ടെന്തു സാദ്ധ്യം? ആ മാംസാശനൻ ബാണമാർഗ്ഗം കടന്നുപോയി. അങ്ങനെയാണല്ലൊ,

**പാരംവിലസുന്നു മണി ദൂരമതിൽ പക്ഷി കൊണ്ടുപോയതിതാ**
**നേരേ രാവിൽക്കുജനിഹ കാറുകൾ ചിന്നിടുമിടയ്ക്കെഴുമ്പോലെ.** 4

രാജാ: (കഞ്ചുകിനം വിലോക്യ) ആര്യ ലാതവ്യ!

**കഞ്ചുകീ:** ആജ്ഞാപയതു ദേവഃ.

രാജാ: മദ്വചനാദുച്യതാം നാഗരികഃ സായം നിവാസവൃക്ഷാശ്രയോ വീചിയതാം സ വിഹഗദസ്യുരിതി.

**കഞ്ചുകീ:** യദാജ്ഞാപയതി ദേവഃ (ഇതി നിഷ്ക്രാന്തഃ)

വിദൂഷകഃ: ഭോ! ഉപവിസദു ഭവം സമ്പദം. കഹിം ഗദോ സോ രഅണ കുഭീലഓ ഭവദോ സാസണാദോ മുച്ചിസ്സദി? (ഭോ! ഉപവിശതു ഭവാൻ സാമ്പ്രതം. ക്വ ഗതഃ സ രത്നകുംഭീലകോ ഭവതഃ ശാസനാന്മോ–ക്ഷ്യതേ?)

രാജാ: (വിദൂഷകേണ സഹോപവിശ്യ) വയസ്യ!

**രത്നമിതി ന നേ തസ്മിന്മണൗ പ്രിയത്വം വിഹംഗമാക്ഷിപ്തേ**
**പ്രിയയാ തേനാസ്മി സഖേ! സംഗമനീയേന സംഗമിതഃ** 5

വിദൂഷകഃ: ണം പരിഗതത്ഥോംഹി കിദോ ഭവദാ. (നനു പരിഗതർത്ഥോƒസ്മി കൃതോ ഭവതാ.)

(തതഃ പ്രവിശതി സശരം മാണിമാദായ കഞ്ചുകീ.)

**കഞ്ചുകീ:** ജയതു ജയതു ദേവഃ

**അനേന നിർഭിന്നതനുഃ സ വധ്യോ രോഷേണ തേ മാർഗ്ഗണതാം ഗതേന**
**പ്രാപ്യാപരാധോചിതമന്തരിക്ഷാത് സമൗലിരത്നഃ പതിതഃ പതത്രീ** 6

(സർവ്വേ വിസ്മയം രൂപയന്തി)

**കഞ്ചുകീ:** അദ്ഭിഃ പ്രക്ഷാളിതോƒയം മണിഃ കസ്മൈ പ്രദീയതാം.

രാജാ: ആര്യ ലാതവ്യ! അപി ജാനീതേ ഭവാൻ? കസ്യായം ബാണ ഇതി.

**കഞ്ചുകീ:** നാമാങ്കിതോƒയം ദൃശ്യതേ ന തു മേ വർണ്ണവിചാരക്ഷമാ ദൃഷ്ടി.

രാജാ: തേന ഹി ഉപനയ ശരം; യാവദഹം നിരൂപയാമി.

(കഞ്ചുകീ തഥാ കരോതി)

(രാജാ നാമാക്ഷരാണ്യനുവാച്യ വിചാരയതി.)

**കഞ്ചുകീ:** യാവദഹം നിയോഗമശൂന്യം കരോമി. (ഇതി നിഷ്ക്രാന്തഃ)

രാജാ: (കഞ്ചുകിയെ നോക്കിയിട്ട്) ലാതവ്യ! എന്റെ വാക്കയി നഗരാധികാരിയോടു പറയണം, "രാത്രി കൂടുള്ള വൃക്ഷത്തിലെത്തി ക്കിടക്കുന്ന ഈ കള്ളപ്പക്ഷിയെ തിരഞ്ഞുപിടിക്കണം" എന്ന്.

കഞ്ചുകി: ദേവന്റെ കല്പന പോലെ. (പോകുന്നു).

വിദൂഷകൻ: ഇവിടുന്നിരിക്കുകതന്നെ. ആ രത്നം കട്ട കള്ളൻ എവിടെ പ്പോയിട്ടിവിടുത്തെക്കല്പനയിൽനിന്നൊഴിയും?

രാജാവ്: (വിദൂഷകനോടുകൂടി ഇരുന്നിട്ട്)

**നല്ലോരു മണിയാണെന്നൊരു വല്ലഭതയല്ല പക്ഷി കട്ടൊരതിൽ;**
**അല്ലേ സംഗമനീയമതല്ലോ മാം പ്രിയയൊടൊത്തിണക്കിയതും.** 5

വിദൂഷകൻ: ഇവിടുന്നു പറഞ്ഞ കാര്യം മനസ്സിലാക്കി.

(അനന്തരം അമ്പോടുകൂടിയ മണിയുംകൊണ്ടു കഞ്ചൂകി പ്രവേശി ക്കുന്നു)

കഞ്ചുകി: മഹാരാജവു ജയിച്ചാലും!

**നരേന്ദ്ര, നിൻ കോപമിതസ്ത്രമായിശ്ശരീരമൊന്നിച്ചു പിളർന്നു താഴേ**
**പുരോപകാര്യാസവിധത്തിലായിക്കിരീടരത്നത്തൊടു വീണു പക്ഷി.** 6

(എല്ലാവരും വിസ്മയം നടിക്കുന്നു.)

വെള്ളം കൊണ്ടു കഴുകീട്ടീമണി ആരുടെ കൈയിൽ കൊടുക്കണം?

രാജാവ്: അഗ്നിപരിശുദ്ധമാക്കീട്ട് ഭണ്ഡാരത്തിൽ കൊണ്ടേല്പിക്കുക തന്നെ.

കിരാതി: തമ്പുരാന്റെ കല്പന പോലെ (പോകുന്നു)

രാജാവ്: അമ്പെയ്തു കാണിക്കൂ.

(കഞ്ചുകി അങ്ങനെ ചെയ്യുന്നു)

(അക്ഷരം നോക്കീട്ട്) തനിക്കു പുത്രനുണ്ടെന്നു നടിക്കുന്നു.

കഞ്ചുകി: അധികാരം പോലെ നിൽക്കട്ടെ. (പോകുന്നു)

വിദൂഷകഃ: കിം ഭവം വിആരേദി? (കിം ഭവാൻ വിചാരയതി?)

രാജാ: ശൃണു താവത് പ്രഹർത്തുർനാമാക്ഷരാണി.

വിദൂഷകഃ: അവഹിദോംഹി (അവഹിതോƒസ്മി)

രാജാ: ശ്രൂയതാം (ഇതി വാചയതി)

**ഉർവ്വശീസംഭവസ്യായമൈളസുനോർധനുഷ്മതഃ**
**കുമാരസ്യായുഷോ ബാണഃ പ്രഹർതുർദ്വിഷദായുഷാം 7**

വിദൂഷകഃ: (സപരിതോഷം) ദിട്ഠിആ സന്താണേണ വഡ്ഢദി ഭവം (ദിഷ്ട്യാ സന്താനേന വർദ്ധതേ ഭവാൻ.)

രാജാ: സഖേ! കഥമേതത്? അന്യത്ര നൈമിഷേയസത്രാദവിയുക്തോƒഹമുർവ്വശ്യാ. ന ച മയാ കദാചിദപി ഗർഭവ്യക്തിരാലക്ഷിതാ. കുത ഏവ പ്രസൂതിഃ? കിന്തു –

**ആവിലപയോധരാഗ്രം ലവലീദലപാണ്ഡുരാനനച്ഛായം**
**താനി ദിനാനി വപുരഭൂത് കേവലമലസേക്ഷണം തസ്യാഃ. 8**

വിദൂഷകഃ: മാ ഭവം സവ്വം മാണുസീധമ്മം ദിവ്വാസു സംഭാവേദു. പഹാവണിഗൂഢാഇം താണം പരിദാഇം (മാ ഭവാൻ സർവ്വം മാനുഷീധർമ്മം ദിവ്യാസു സംഭാവയതു. പ്രഭാവനിഗൂഢാനി താസാം ചരിതാനി.)

രാജാ: അസ്തു താവദേവം, യഥാ ഭവാനാഹ. പുത്രസംവരണേ തു കിമിവ കാരണം തത്രഭവത്യാഃ?

വിദൂഷകഃ മാ വുഡ്ഢിം മം രാആ പരിഹരിസ്സദി ത്തി. (മാ വൃദ്ധാം മാം രാജാ പരിഹരിഷ്യതീതി).

രാജാ: കൃതം പരിഹാസേന ചിന്ത്യതാം.

വിദൂഷകഃ: കോ ദേവദാരഹസ്സാ ഇം തക്കഇസ്സദി? (കോ ദേവതാ രഹസ്യാനി തർക്കയിഷ്യതി?)

(പ്രവിശ്യ)

കഞ്ചുകീ: ജയതു ജയതു ദേവഃ. ദേവ! ച്യവനാശ്രമാത് കുമാരം ഗൃഹീത്വാ സമ്പ്രാപ്താ താപസീ ദേവം ദ്രഷ്ടുമിച്ഛതി.

രാജാ: ഉഭയമപ്യവിലംബിതം പ്രവേശയ.

വിദൂഷകൻ: ഇവിടുന്നെന്താണ് വിചാരിക്കുന്നത്?

രാജാവ്: കേൾക്കൂ (പേരെഴുതിയത് വായിക്കുന്നു.)

**ഉർവശിക്കു പിറന്നോരു സാർവ്വഭൗമൈളപുത്രനാം**
**ആയുസ്സിൻ ബാണമരിതന്നായുസ്സുണ്ണുന്നതാണിത്** 7

വിദൂഷകൻ: ഭാഗ്യം കൊണ്ടു ഭവാൻ സന്തതിയോടും വർദ്ധിക്കുന്നു.

രാജാവ്: ഇതെങ്ങനെ? നൈമിശേയസത്രത്തിലൊഴികെ ഞാനുർവ്വശിയോടു പിരിഞ്ഞിരുന്നിട്ടില്ല. ഗർഭമുള്ളവിവരം എനിക്കറിവാൻ കഴിഞ്ഞില്ല താനും.

**മുലയിണ കണ്ണു കറുത്തും**
**വിലസി മുഖം ലവവിദലമെതിർ വിളർത്തും**
**ചില നാളെന്നുണ്ടായിയ-**
**തലസേക്ഷണ ഭംഗികൂടിയുമവൾക്ക്.** 8

വിദൂഷകൻ: ഇങ്ങനെയുള്ള മനുഷ്യസ്ത്രീകളുടെ മട്ട് ദിവ്യസ്ത്രീകളിലുണ്ടെന്നു വിചാരിക്കരുതേ; ഇവരുടെ ചരിതങ്ങൾ പ്രഭാവഗൂഢങ്ങളായിരിക്കും.

രാജാവ്: താൻ പറഞ്ഞതു ശരി. അവൾ മകനെ മറച്ചു വെപ്പാനെന്താണു കാരണം?

വിദൂഷകൻ: അതോ, മഹാരാജവ് തന്നെ പരിത്യജിക്കും എന്നുള്ള വിചാരം തന്നെ.

രാജാവ്: നേരമ്പോക്കു പറയാതെ ആലോചിക്കൂ.

വിദൂഷകൻ: ദേവരഹസ്യങ്ങളെ ആരൂഹിക്കുന്നു?

(കഞ്ചുകി പ്രവേശിക്കുന്നു)

കഞ്ചുകി: ദേവൻ ജയിച്ചാലും! ച്യവനാശ്രമത്തിങ്കൽനിന്ന് ഒരു കുമാരനെയുംകൊണ്ട് ഒരു താപസി വന്ന് ദേവനെ കാണ്മാൻ കാത്തു നിൽക്കുന്നു.

രാജാവ്: രണ്ടുപേരേയും വേഗം കൂട്ടിക്കൊണ്ടുവരൂ.

കഞ്ചുകീ: യദാജ്ഞാപയതി ദേവഃ. (ഇതി നിർഗമ്യ ചാപഹസ്തേന കുമാരേണ താപസ്യാ ച സഹ പ്രവിഷ്ടഃ).

കഞ്ചുകീ: ഇത ഇതോ ഭഗവതീ (സർവ്വേ പരിക്രാമയന്തി)

വിദൂഷകഃ: (വിലോക്യ) കിം ണു ക്ഖു ഏസോ തത്തഭവം ഖത്തിഅകുമാരഓ, ജസ്സ ണാമങ്കിദോ ഗിദ്ധലക്ക്ഖവേധീ ണാരാഓ. തഹ ഹി, ബഹുഅരം ഭവദോ അണുകരേദി. (കിം നു ഖലു ഏഷ തത്രഭവാൻ ക്ഷത്രിയകുമാരകോ., യസ്യ നാമങ്കിതോ ഗൃദ്ധ്രലക്ഷവേധീ നാരാചഃ തഥാ ഹി, ബഹുതരം ഭവതോƒനുകരോതി.)

രാജാ: സ്യാദേവം അതഃ ഖലു.

**ബാഷ്പായതേ നിപതിതാ മമ ദൃഷ്ടിരസ്മിൻ**
**വാത്സല്യബന്ധി ഹൃദയം, മനസഃ പ്രസാദഃ**
**സംജാതവേപഥുഭിരുജ്ഝിതധൈര്യവൃത്തി-**
**രിച്ഛാമി ചൈനമദയം പരിരബ്ധുമംഗൈഃ** 9

കഞ്ചുകീ: ഭഗവതി! ഏവം സ്ഥിയതാം.

(താപസീകുമാരൗ സ്ഥിതൗ)

രാജാ: (ഉപസൃത്യ) ഭഗവതി! അഭിവാദയേ.

തപസീ: മഹാഭാഗ! സോമവംസവിത്ഥാരഇത്തഓ ഹോഹി. (മഹാഭാഗ! സോമവംശവിസ്താരയിതാ ഭവ.) (ആത്മഗതം) അംഹോ! അണാ ചക്ഖിദോ വി വിണ്ണാദോ എവ്വ ഇമസ്സ രാഏസിണോഅ ഓരസോ സംബന്ധോ (അഹോ! അനാഖ്യതോƒപി വിജ്ഞാത ഏവാസ്യ രാജർഷേരായുഷശ്ച ഔരസഃ സംബന്ധഃ). (പ്രകാശം) ജാദ പണമ ദേ ഗുരും. (ജാത! പ്രണമ തേ ഗുരും).

(കുമാരശ്ചാപഗർഭമഞ്ജലിം ബദ്ധ്വാ പ്രണമതി)

രാജാ: വത്സ! ആയുഷ്മാൻ ഭവ.

കുമാരൻ: (സ്വഗതം)

**യദി ഹാർദ്ദമിദം ശ്രുത്വാ പിതാ മമായം സുനോƒഹമസ്യേതി**
**ഉത്സംഗവർദ്ധിതാനാം ഗുരുഷു ഭവേത് കീദൃശഃ സ്നേഹഃ.** 10

രാജാ: ഭഗവതി! കിമാഗമനപ്രയോജനം?

കഞ്ചുകി: കല്പനപോലെ. (പോയി വില്ലു കൈയിലെടുത്തിട്ടുള്ള കുമാരനോടും താപസിയോടുംകൂടി പ്രവേശിച്ചിട്ട്) ഭവതി, ഇതിലെ ഇതിലെ. (ചുറ്റി നടക്കുന്നു.)

വിദൂഷകൻ: പൂജ്യനായ ഇദ്ദേഹം ക്ഷത്രിയകുമാരനാണ്. ഇദ്ദേഹത്തിന്റെ പേരോടുകൂടിയതായിരിക്കണം കഴുവിന്റെമേൽ കൊണ്ടതായ ഈ അർദ്ധനാരാചം. അങ്ങനെതന്നെ, ഇവിടുത്തെ ഛായയുണ്ട്.

രാജാവ്: അങ്ങനെ വരാം. അതുകൊണ്ടാണ്,

**കണ്ണീർ വരുന്നിവനിലെന്മിഴി ചേർന്നിടുമ്പോൾ**
**തിണ്ണന്നു വത്സലതയാൽ തെളിയുന്നിതുള്ളം:**
**ഉണ്ണിക്കുമാരനെ വിറച്ചുടൽകൊണ്ടധീരം**
**നണ്ണുന്നു ഞാൻ മുറുകുമാറു പുണർന്നിടാനും.** 9

കഞ്ചുകി: ഇങ്ങനെ നിൽക്കാം.

(താപസിയും കുമാരനും നിൽക്കുന്നു).

രാജാവ്: ഭഗവതി, ഞാൻ അഭിവാദ്യം ചെയ്യുന്നു.

താപസി: മഹാരാജാവേ, സോമവംശത്തെ വർദ്ധിപ്പിക്കുന്നവനായി ഭവിച്ചാലും. (വിചാരം) ഓ; പറയാതെ തന്നെ അറിയുന്നു, ഈ രാജർഷിയുടെയും ആയുസ്സിന്റെയും ഔരസമായ സംബന്ധം.(സ്പഷ്ടം) ഉണ്ണി, നിന്റെ അച്ഛനെ നമസ്കരിക്കൂ.

(കുമാരൻ വില്ലോടുകൂടിയ കൈ കൂപ്പുന്നു)

രാജാവ്: ആയുഷ്മാനായിരുന്നാലും

ആയുസ്സ്: (വിചാരം)

**ഇന്നിത്രയിഷ്ടമച്ഛനിതെന്നുടെ ഞാൻ മകനിവന്റെയെന്നറിവിൽ**
**താനോ മടിയിൽ വളർത്തവരെന്നാലങ്ങനെ ഗുരുക്കളിൽ സ്നേഹം.** 10

രാജാവ്: ഭഗവതി! എന്താണിവിടെ എഴുന്നള്ളാനുള്ള കാരണം?

താപസീ: സുണാദു മഹാരാഓ. ഏസോ ദിഹാഊ ആഉ ജാദ മേത്തോ എവ്വ ഉവ്വസീഏ കിംവി ണിമിത്തം അവേക്ഖി അ മമ ഹസ്ഥേ ണാസീകിദോ. ജം ഖത്തിഅകുമാരഅസ്സ ജാദ കമ്മാദി വിഹാണം, തം സേ ഭഅവദാ ചവണേണ അസേസം അണു ചിട്ഠിദം ഗഹീദ വിജ്ജോദ് ധണുവ്വേദേ അഹിവിണീദോ. (ശൃണോതു മഹാരാജഃ, ഏഷ ദീർഘായുരായുർജാതമാത്ര ഏവ ഉർവ്വശ്യാ കിമപി നിമിത്തമവേക്ഷ്യ മമ ഹസ്തേ ന്യാസീകൃതഃ. യത് ക്ഷത്രിയകുമാരസ്യ ജാതകർമാദിവിധാനം തദസ്യ ഭഗവതാ ച്യവനേനാശേഷമനുഷ്ഠിതം. ഗൃഹീതവിദ്യോ ധനുർവേദേ$f$ഭിവിനിതഃ)

രാജാ: സനാഥഃ ഖലു സംവൃത്തഃ.

താപസീ: അജ്ജ പുപ്ഫസമിധകുസണിമിത്തം ഇസികുമാര ഏഹിം

സഹ ഗദേണ ഇമിണാ അസ്സമവിരുദ്ധം ആഅരിദം.

(അദ്യ പുഷ്പസമിത്കുശനിമിത്തം ഋഷികുമാരകൈഃ സഹ ഗതേനാനേനാശ്രമവിരുദ്ധമാചരിതം.)

വിദൂഷകഃ: (സാവേഗം) കിം വിഅ? (കിമിവ?)

താപസീ: ഗഹീദാമിസോ കില ഗിദ്ധോ പാദവസിഹരേണിലീഅമാണോ അണേണ ലക്ഖീകിദോ ബാണസ്സ. (ഗൃഹീതാമിഷഃ കില ഗൃദ്ധ്രഃ പാദപ ശിഖരേ നിലീയമാനോ$f$നേന ലക്ഷീകൃതോ ബാണസ്യ.)

(വിദൂഷകോ രാജാനമവലോകയതി.)

രാജാ: തതസ്തതഃ?

താപസീ: തദോ ഉവലബ്ധവുത്തന്തേണ ഭഅവദാ ചവണേണ അഹം സമാദിട്ഠാ "ണിജ്ജാദേഹി ണാസം"ത്തി. താ ഇച്ഛാമി ദേവിം ഉവ്വസിം പേക്ഖിദും. (തത ഉപലബ്ധവൃത്താന്തേന ഭഗവതാ ച്യവനേനാഹം സമാദിഷ്ടാ "നിര്യാതയ ന്യാസ"മിതി. തദിച്ഛാമി ദേവിമുർവ്വശീം പ്രേക്ഷിതും).

രാജാ: തേന ഹ്യാസനമനുഗൃഹ്ണാതു ഭഗവതീ.

(താപസീ ഉപനീത ആസന ഉപവിശതി)

രാജാ: ആര്യ ലാതവ്യ! ആഹൂയതാമുർവ്വശീ.

കഞ്ചുകീ: യദാജ്ഞാപയതി ദേവഃ (ഇതി നിഷ്ക്രാന്തഃ)

താപസി: മഹാരാജാവു കേട്ടാലും. ദീർഘായുസ്സായ ഇവനെപ്പെറ്റ ഉടൻതന്നെ ഉർവ്വശി എന്തിനെന്നറിഞ്ഞില്ല, മഹാരാജാവിനെ കാണിക്കാതെ എന്റെ കൈയിലേല്പിച്ചുതന്നു. ക്ഷത്രിയകുമാരനു വേണ്ടവിധം ജാതകർമാദിക്രിയകളൊക്കെ ഭഗവാൻ ച്യവനനാണു ചെയ്തത്. പിന്നെ വിദ്യാഭ്യാസം കഴിപ്പിച്ചിട്ടു ധനുർവേദവും അഭ്യസിപ്പിച്ചു.

രാജാവ്: സനാഥനായിത്തീർന്നുവല്ലോ.

താപസി: ഇന്നാകട്ടെ, ഋഷികുമാരന്മാരോടുകൂടി ചമതയും പൂവും കൊണ്ടുവരാൻ പോയിരുന്ന ഇവൻ ആശ്രമവിരുദ്ധമായിട്ടൊരു കർമ്മം ചെയ്തു.

വിദൂഷകൻ: എന്താണത്?

താപസി: മാംസം കൊണ്ടുപോകുന്നതോ മറ്റോ ആയ ഒരു കഴുവാറ ഒരു മരക്കൊമ്പിൽ വന്നിരിക്കുമ്പോൾ ഇവൻ അമ്പിനു ലക്ഷ്യമാക്കി.

(വിദൂഷകൻ രാജാവിനെ നോക്കുന്നു).

താപസി: പിന്നെ ഈ വർത്തമാനമറിഞ്ഞു ഭഗവാൻ ച്യവനൻ എന്നോടു കല്പിച്ചു: 'നിന്റെ കൈയിലേല്പിച്ചുതന്ന നിധി തിരിയെ കൊടുക്കൂ' എന്ന്. അതുകൊണ്ട് ദേവി ഉർവ്വശിയെ കണ്ടാൽ കൊള്ളാമെന്നു വിചാരിക്കുന്നു.

രാജാവ്: ലാതവ്യ, ഉർവ്വശിയെ വിളിക്കൂ.

കഞ്ചുകി: കല്പനപോലെ. (പോകുന്നു.)

രാജാ: (കുമാരവലോക്യ) ഏഹ്യേഹി വത്സ!

**സർവ്വാംഗീണഃ സ്പർശഃ സുതസ്യ കില, തേന മാമുപഗതേന**
**ആഹ്ലാദയസ്വ താവച്ചന്ദ്രകരശ്ചന്ദ്രകാന്തമിവ** 11

താപസീ: ജാദ! ണന്ദേഹി പിദരം (ജാത! നന്ദയ പിതരം.)

(കുമാരോ രാജാനമുപഗമ്യ പാദഗ്രഹണം കരോതി.)

രാജാ: (കുമാരമാലിംഗ്യ പാദപീഠേ ചോപവേശ്യ) വത്സ! ഇതസ്തവ പിതുഃ പ്രിയസഖം ബ്രാഹ്മണമശങ്കിതോ വന്ദസ്വ.

വിദൂഷകഃ: കിം ത്തി സങ്കിസ്സദി? ണം അസ്സമവാസപരിചിദോ എവ്വ സാഹാമിഓ. (കിമിതി ശങ്കിഷ്യതേ? നന്വാശ്രമവാസപരിചിത ഏവ ശാഖാമൃഗഃ).

**കുമാരൻ:** (സസ്മിതം) താത! വന്ദേ.

വിദൂഷകഃ: സോത്ഥി ഭവദോ. (സ്വസ്തി ഭവതേ)

(തതഃ പ്രവിശത്യുർവ്വശീ  കഞ്ചുകീ ച)

**കഞ്ചുകീ:** ഇത ഇതോ ദേവീ.

**ഉർവ്വശീ:** (കുമാരമവലോക്യ) കോണു ക്ഖു ഏസോ സബാണാസണോ പാദപീഠേ സഅം മഹാരാഏണ സംജമീഅമാണസിഹണ്ഡഓ ചിട്ഠദി? (കോ നു ഖലേഷ സബാണാസനഃ പാദപീഠേ സ്വയം മഹാരാജേന സംയമ്യമാനശിഖണ്ഡകസ്തിഷ്ഠതി?) (താപസീം ദൃഷ്ട്വാ) അമ്മോ! സച്ചവദീ സുഇദോ അയംമേ പുത്ത ഓ ആഊ. മഹന്തോ ക്ഖു സംവുത്തോ. (അഹോ! സത്യവതീ സൂചിതോഽയം മേ പുത്രക ആയുഃ. മഹാൻ ഖലു സംവൃത്തഃ).

(ഇതി സഹർഷം പരിക്രാമതി.)

രാജാ: (ഉർവ്വശീം ദൃഷ്ട്വാ) വത്സ!

**ഇയം തേ ജനനീ പ്രാപ്താ ത്വദാലോകനതത്പരാ**
**സ്നേഹപ്രസ്നവനിർഭിന്നമുദ്വഹന്തീ സ്തനാംശുകം.** 12

താപസീ: ജാദ! ഏഹി. പച്ചുഗ്ഗച്ഛ മാദരം. (ജാത! ഏഹിം. പ്രത്യുത്ഗച്ഛ മാതരം.)

(കുമാരഃ ഉർവ്വശീം പ്രത്യുത്ഗച്ഛതി.)

രാജാവ്: (കുമാരനെ നോക്കീട്ട്) ഉണ്ണീ! വരൂ വരൂ.

**ഉടലാസകലം നിന്നുടെയുടൽ തൊടുമളവിൽപ്പെടുന്ന സൗഖ്യത്താൽ**
**ഉടനാഹ്ലാദിക്കെന്നെസ്ഫുടശശികരമിന്ദുകാന്തമതുപോലെ.** 11

താപസീ: ഉണ്ണീ, അച്ഛനെ സന്തോഷിപ്പിക്കൂ.

(കുമാരൻ രാജാവിന്റെ അടുത്തുചെന്നു കാൽ പിടിക്കുന്നു.)

രാജാവ്: (കുമാരനെ ആലിംഗനം ചെയ്ത് പാദപീഠത്തിലിരുത്തിയിട്ട്) ഇവിടെ അച്ഛന്റെ സഹായിയായ ബ്രാഹ്മണനെ ശങ്കകൂടാതെവന്ദിക്കൂ.

കുമാരൻ: (ചിരിച്ചും കൊണ്ട്) താത, വന്ദിക്കുന്നു.

വിദൂഷകൻ: അങ്ങേക്കുനല്ലതു വരട്ടെ!

(അനന്തരം ഉർവ്വശിയും കഞ്ചുകിയും പ്രവേശിക്കുന്നു)

കഞ്ചുകി: ദേവി, ഇതിലെ ഇതിലെ.

ഉർവ്വശി: (നോക്കീട്ട്) ഏയ്, വില്ലും കൈയിൽ പിടിച്ചുകൊണ്ട് ഭദ്രപീഠത്തിൽ ഇരുത്തി ആര്യപുത്രനാൽ കുടുമ്മ ചീകപ്പെടുന്നവനായ ഇവനാരായിരിക്കും? (താപസിയെ നോക്കീട്ട്) ഓ, സത്യവതിയെ കണ്ടതു കൊണ്ട് ഊഹിക്കാം. ഇവൻ എന്റെ പുത്രൻ ആയുസ്സാണ്. വലുതായി ത്തീർന്നുവല്ലോ.

(ചുറ്റിനടക്കുന്നു)

രാജാവ്: (ഉർവ്വശിയെ കണ്ടിട്ട്) ഉണ്ണി.

**ഇതാ നിന്നെക്കാണുവാനായ് മുദാ നിന്നമ്മ വന്നുതേ:**
**ഹൃദി സ്നേഹത്താൽ മുലചുരന്നതു പൊട്ടിച്ചുചട്ടയായ്.** 12

താപസി: ഉണ്ണീ, അമ്മയെ എതിരേല്ക്കൂ.

(കുമാരൻ ഉർവ്വശിയെ എതിരേല്ക്കുന്നു.)

ഉർവ്വശീ: അംബ! പാദവന്ദണം കരോമി. (അംബ! പാദവന്ദനം കരോമി.)

താപസീ: വച്ഛേ! ഭത്തുണോ ബഹുമദാ ഹോഹി. (വത്സേ! ഭർത്തുർ ബഹുമതാ ഭവ).

കുമാരൻ: അംബ! അഭിവാദയേ.

ഉർവ്വശീ: (കുമാരമുന്നമിതമുഖം പരിഷ്വജ്യ) വച്ഛ! പിദരം ആരാധ ഇത്തഓ ഹോഹി. (വത്സ! പിതരമാരാധയിതാ ഭവ.) (രാജാനമുപേത്യ) ജേദു ജേദു മഹാരാഓ. (ജയതു ജയതു മഹാരാജഃ).

രാജാ: സ്വാഗതം പുത്രവത്യൈ. ഇത ആസ്യതാം. (ഇത്യർദ്ധാസനം ദദാതി.)

(ഉർവ്വശീ ഉപവിശതി. സർവ്വേ യഥോചിതമുപവിശന്തി.)

താപസീ: വച്ഛേ! ഏസോ ഗഹീദവിജ്ജോ ആഊ സംപദം കവ അഹരോ സംവുത്തോ. താ ഏദസ്സ ദേ ഭത്തുണോ സമക്ഖം ണിജ്ജാദിദോ ഹത്ഥണിക്ഖേവോ. താ വിസജ്ജേദും ഇച്ഛാമി. ഉവരുജ്ഝഇ മഹ അസ്സമധമ്മോ. (വത്സേ! ഏഷ ഗൃഹീതവിദ്യ ആയുഃ സാമ്പ്രതം കവചഹരഃ സംവൃത്തഃ. തദേതസ്യ ഭർത്തുഃ സമക്ഷം നിര്യാതിതോ ഹസ്തനിക്ഷേപഃ. തദ്വിസർജ്ജയിതുമിച്ഛാമി. ഉപരുദ്ധ്യതേ മമാശ്രമധർമ്മഃ).

ഉർവ്വശീ: കാമം. ചിരസ്സ, പേക്ഖിഅ വിരഹുക്കണ്ഠിദംഹി. ണ ഉണ ജുജ്ജദി ധമ്മാവരോധേ വട്ടിദും. താ ഗച്ഛദു അജ്ജാ പുണോദംസണാഅ. (കാമം, ചിരസ്യ പ്രേക്ഷ്യ വിരഹോത്കണ്ഠിതാസ്മി. ന പുനർയ്യുജ്യതേ ധർമ്മാവരോധേ വർത്തിതും. തദ്ഗച്ഛത്വാര്യാ പുനർദ്ദർശനായ.)

രാജാ: അംബ! ഭഗവതേ ച്യവനായ മാം പ്രണിപാതയ.

താപസീ: എവ്വം ഭോദു (ഏവം ഭവതു.)

കുമാരൻ: ആര്യേ! സത്യം യദി നിവർത്തസേ, മാമപ്യാശ്രമം നേതുമർഹസി.

രാജാ: അയി വത്സ! ഉഷിതം ത്വയാ പൂർവ്വസ്മിന്നാശ്രമേ. ദ്വിതീയമ-ധ്യാസിതും തവ സമയഃ.

ഉർവ്വശി: ആര്യേ, ഭവതിയുടെ പാദത്തെ ഞാൻ വന്ദിക്കുന്നു.

താപസി: വത്സേ ഭർത്താവിനു ബഹുമതിയായി ഭവിച്ചാലും.

കുമാരൻ: അംബ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

ഉർവ്വശി: (കുമാരന്റെ മുഖം പൊക്കി ആലിംഗനം ചെയ്തിട്ട്) ഉണ്ണീ, അച്ഛനെ ആരാധിക്കുന്നവനായി ഭവിച്ചാലും! (രാജാവിന്റെ അടുത്തു ചെന്നിട്ട്) മഹാരാജാവ് ജയിച്ചാലും ജയിച്ചാലും!

രാജാവ്: പുത്രവതിക്കു സ്വാഗതം. ഇവിടെ ഇരിക്കൂ. (അർദ്ധാസനം ചെയ്യുന്നു)

ഉർവ്വശി: ആര്യേ ഇരിക്കതന്നെ.

(എല്ലാവരും യഥാസമയം ഇരിക്കുന്നു.)

താപസി: വിദ്യാഭ്യാസം എല്ലാം കഴിഞ്ഞു ദീർഘായുസ്സായ ഇവൻ ഇപ്പോൾ കവചധരനായിത്തീർന്നു. ഇതാ, നിന്റെ ഭർത്താവിന്റെ മുമ്പിൽ വെച്ച് എന്റെ കൈയിൽ ഏല്പിച്ചുതന്ന ഇവനെ തിരിയെ തന്നിരിക്കുന്നു. എന്നെ വിട്ടയച്ചാൽ കൊള്ളാം. എനിക്കാശ്രമധർമ്മത്തിന് ഉപരോധം വരുന്നു.

ഉർവ്വശി: ആര്യയെ വളരെക്കാലമായി കണ്ടിട്ട്. അതുകൊണ്ട് ഏറ്റവും സതൃഷ്ണയായിരിക്കുന്നു ഞാൻ. വിട്ടയപ്പാൻ ശക്തിയില്ല. ആശ്രമധർമ്മത്തിനു വിഘ്നം വരുത്തുവാനും വയ്യല്ലോ. ആര്യേ, പിന്നെ കാണാനായിട്ടു പോകാം.

രാജാവ്: അംബ, ഭഗവാൻ ച്യവനനോട് എന്റെ നമസ്ക്കാരത്തെ പറയണം.

താപസി: അങ്ങനെയാകട്ടെ.

കുമാരൻ: അംബ തീർച്ചയായി പോകുകയാണെങ്കിൽ എന്നെയും ആശ്രമത്തിലേക്കു കൊണ്ടുപോകണം.

രാജാവ്: അല്ലേ ഉണ്ണീ, നീ പൂർവ്വാശ്രമത്തിലിരുന്നുവല്ലോ. രണ്ടാമത്തേതിനു ശ്രമിക്കേണ്ട കാലമായി നിനക്ക്.

താപസീ: ജാദ! ഗുരുണോ വഅണം അണുചിട്ഠ. (ജാത! ഗുരോർ വചനമനുതിഷ്ഠ).

കുമാരൻ: തേന ഹി –

**യഃ സുപ്തവാൻ മദങ്കേ ശിഖണ്ഡകണ്ഡൂയനോപലബ്ധസുഖഃ**
**തം മേ ജാതകലാപം പ്രേഷയ മണികണ്ഠകം ശിഖിനം. 13**

താപസീ: (വിഹസ്യ) എവ്വം കരേമി. (ഏവം കരേമി.)

ഉർവ്വശീ: ഭഅവദി! പാദവന്ദണം കരേമി. (ഭഗവതി! പാദവന്ദനം കരോമി.)

രാജാ: ഭഗവതി! പ്രണമാമി.

താപസീ: സോത്ഥി ഭോദു തുംഹാണം. (സ്വസ്തി ഭവതു യുഷ്മഭ്യം.)

(ഇതി നിഷ്ക്രാന്താ)

രാജാ: (ഉർവ്വശീം പ്രതി) കല്യാണി!

**അദ്യാഹം പുത്രിണാമഗ്ര്യഃ സൽപുത്രേണാമുനാ തവ**
**പൗലോമീസംഭവേനേവ ജയന്തേന പുരന്ദരഃ 14**

(ഉർവ്വശീ, സ്മൃത്വാ രോദിതി.)

വിദൂഷകഃ: (വിലോക്യ സാവേഗം) ഭോ! കിം ണു ക്ഖു സംപദം അത്തഹോദീ എക്കവദേ അസ്സുമുഹീ സംവൃത്താ? (ഭോ! കിം നു ഖലു സാമ്പ്രതമത്രഭവതീ ഏകപദേ അശ്രുമുഖീ സംവൃത്താ?)

രാജാ: (സാവേഗം)

**കിം സുന്ദരി! പ്രരുദിതാസി മമോപനീതേ**
**വംശസ്ഥിതേരധിഗമാന്മഹതി പ്രമോദേ**
**പീനസ്തനോപരി നിപാതിഭിരാനയന്തീ**
**മുക്താവലീവിരചനാം പുനരുക്തിമസ്രൈഃ 15**

(ഇതി അസ്യാ ബാഷ്പം പ്രമാർഷ്ടി.)

ഉർവ്വശീ: സുണാദു മഹാരാഓ. പഢമം ഉണ പുത്തദംസണസമുത്ഥേണ ആണന്ദേന വിസുമരിദംഹി. ദാണിം മഹിന്ദസംകിത്തണേണ സുമരിഓ സമഓ മഹ ഹിഅഅം ആആസേദി. (ശൃണോതു മഹാരാജഃ പ്രഥമം പുനഃപുത്രദർശനസമുത്ഥേനാനന്ദേന വിസ്മൃതാസ്മി. ഇദാനീം മഹേന്ദ്രസങ്കീർത്തനേന സ്മൃതഃ സമയോ മമ ഹൃദയമായാസയതി.)

താപസി: ഉണ്ണീ, ഗുരുക്കന്മാർ പറയുംപോലെ നടക്ക്.

കുമാരൻ: എന്നാൽ,

**പരിചയമോടു ശിഖണ്ഡം ചൊറികിൽ സുഖമെന്റെ മടിയതിലുറങ്ങും**
**സരസൻ ശിതികണ്ഠകനാമരിയ കലാപിയെയെനിക്കയച്ചുതരൂ. 13**

താപസി: ആകട്ടെ, കൊണ്ടുവരാം. ദീർഘായുസ്സായിരിക്കൂ. (പോകുന്നു).

രാജാവ്: (ഉർവ്വശിയോട്) സുന്ദരി,

**ഇന്നു ഞാൻ മക്കളുള്ളോരിൽ മാന്യനായ് നിന്റെ പുത്രനാൽ**
**ഇന്ദ്രാണീപുത്രനെക്കൊണ്ടിട്ടിന്ദ്രനെന്നകണക്കിനെ. 14**

(ഉർവ്വശി വിചാരിച്ചു കരയുന്നു)

വിദൂഷകൻ: (പരിഭ്രമത്തോടുകൂടി) എന്താണ് തത്രഭവതി ഉടനെ

അശ്രുപൂർണ്ണമുഖിയായിത്തീർന്നത്?

രാജാവ്: (പരിഭ്രമത്തോടുകൂടി)

**എന്തിന്നു സുന്ദരി, കരഞ്ഞിടുവാൻ നമുക്കു**
**സന്തോഷമല്ലി കുലവർദ്ധനലാഭമോർത്താൽ**
**പൊന്തുന്ന കൊങ്കകളിലിങ്ങനെ കണ്ണുനീർകൊ-**
**ണ്ടേന്തുന്ന ഹാരരചന പുനരുക്തിയോടും 15**

(കണ്ണു തുടയ്ക്കുന്നു)

ഉർവ്വശി: മഹാരാജാവു കേട്ടാലും. ഈ പുത്രനെ കണ്ടതുകൊണ്ട് ആദ്യം മറന്നുപോയി. ഇപ്പോൾ മഹേന്ദ്രന്റെ പേരു പറഞ്ഞപ്പോൾ ആ സമയം എന്റെ മനസ്സിൽ ഓർമ്മവന്നു.

രാജാ: കഥ്യാതാം സമയഃ.

ഉർവ്വശീ: അഹം പുരാ മഹാരാഅഗഹീദഹിഅആ മഹിന്ദേണ ആണത്താ. (അഹം പുരാ മഹാരാജഗൃഹീതഹൃദയാ മഹേന്ദ്രേണ ആജ്ഞാപിതാ.)

രാജാ: കിമിതി?

ഉർവ്വശീ: ജദാ സോ മേ പിഅസഹോ രാഏസീ തുഇ സമുപ്പണ്ണസ്സ വംസകരസ്സ മുഹം പേക്ഖിസ്സദി തദാ തുഏ ഭുഓവി മമ സമീവം ആഅന്തവ്വം'ത്തി. തദോ മഏ മഹാരാഅ വിഓഅഭീരുദാഏ ജാദമേത്തോ എവ്വ വിജ്ജാഗമണിമിത്തം ഭഅവദോചവണസ്സ അസ്സമേ ഏസോ പുത്രഓ അജ്ജാഏ സച്ചവദീഏ ഹത്ഥേ അപ്പആസം ണിക്ഖിത്തോ. അജ്ജ പിദുണോ ആരാഹണസമത്ഥോ സംവുത്തോത്തി കലഅന്തിഏ താഏ ണിജ്ജാദിദോ ഏസോ മേ ദീഹാഊ. താഎത്തിഓമേ മഹാ രാഏണ സഹ സംവാസോ. ('യദാ സ മേ പ്രിയസഖോ രാജർഷിസ്ത്വയി സമുത്പന്നസ്യവംശകരസ്യ മുഖം പ്രേക്ഷിഷ്യതേ, തദാ ത്വയാ ഭൂയോƒ പി മമ സമീപമാഗന്തവ്യമി'തി. തതോ മയാ മഹാരാജവിയോഗഭീരുതയാ ജാതമാത്ര ഏവ വിദ്യാഗമനിമിത്തം ഭഗവതശ്ച്യവനസ്യാശ്രമേ ഏഷ പുത്ര ആര്യായാഃ സത്യവത്യാഹസ്തേƒപ്രകാശം നിക്ഷിപ്തഃ. അദ്യ പിതു രാരാധനസമർത്ഥഃ സംവൃത്ത ഇതി കലയന്ത്യാ തയാ നിര്യാതിത ഏഷ മേ ദീർഘായുരായുഃ. തദേതാവന്മേ മഹാരാജേന സഹ സംവാസഃ.)

(സർവ്വേ വിഷാദം നാടയന്തി. രാജാ മോഹമുപഗച്ഛതി.)

വിദൂഷകഃ: അബ്വംഹണ്ണം അബ്വംഹണ്ണം! (അബ്രഹ്മണ്യമബ്രഹ്മണ്യം!)

കഞ്ചുകീ: സമാശ്വസിതു സമാശ്വസിതു മഹാരാജഃ.

രാജാ: (സമാശ്വസ്യ സനിശ്വാസം) അഹോ! സുഖപ്രത്യർത്ഥിതാ ദൈവസ്യ –

**ആശ്വാസിതസ്യമമ നാമ സുതോപലബ്ധ്യാ**
**സദ്യസ്ത്വയാ സഹ കൃശോദരിവിപ്രയോഗഃ**
**വ്യാവർത്തിതാതപരുജഃ പ്രഥമാഭ്രവൃഷ്ട്യാ**
**വൃക്ഷസ്യ വൈദ്യുത ഇവാഗ്നിരുപസ്ഥിതോസ്യയം.** **16**

രാജാവ്: എന്താണത്?

ഉർവ്വശി: പണ്ട് മഹാരാജാവിങ്കൽ ബദ്ധചിത്തയായ എന്നോട് മഹേന്ദ്രൻ കല്പിച്ചു.

രാജാവ്: എങ്ങനെ?

ഉർവ്വശി: 'എന്നാണ് എന്റെ വിജയസഹായിയായിരിക്കുന്ന മഹാരാജാവ് നിങ്കൽനിന്നുണ്ടായ പുത്രന്റെ മുഖം കാണുന്നത് അന്നു നീ പിന്നേയും എന്റെ അടുക്കൽവരണം' എന്ന്. അതുകൊണ്ടാണ് മഹാരാജാവിന്റെ വിരഹത്തെ ഭയപ്പെട്ടു ഞാൻ ഉണ്ണിയെ, ഉണ്ടായപ്പോൾ ത്തന്നെ, ഗുരുമുഖത്തിൽ നിന്നു വിദ്യാഭ്യാസത്തിനുവേണ്ടി ഭഗവാൻ ച്യവനന്റെ ആശ്രമത്തിൽ ആര്യയായ സത്യവതിയുടെ കൈയ്യിൽ ഗൂഢമായി ഏല്പിച്ചുകൊടുത്തത്. ഇപ്പോൾ അച്ഛനെ ശുശ്രൂഷിപ്പാൻ സമർത്ഥനായി എന്നു കണ്ട് ദീർഘായുസ്സായ ഇവനെ കൊണ്ടു വന്നിരിക്കുന്നു. ഇത്രത്തോളമേ എനിക്കു മഹാരാജാവൊന്നിച്ചിരിപ്പുള്ളു.

(എല്ലാവരുംവിഷാദം നടിക്കുന്നു)

രാജാവ്: (ദീർഘനിശ്വാസംവിട്ടിട്ട്) അമ്പാ, ദൈവത്തിന്റെ ഒരു സുഖദ്വേഷിതം!

**ഒട്ടൊന്നു പുത്രനെ ലഭിച്ചതുകൊണ്ടു ഹർഷ–**
**പ്പെട്ടന്നുതന്നെ മമ വന്നിതു നിൻവിയോഗം**
**പെട്ടെന്നു വൈലിനുടെ കേടൊഴിവോതിടിത്തീ**
**പെട്ടെന്നപോലെ മരമായതിനാദിവർഷേ. 16**

വിദൂഷകഃ: അഅം സോ അത്ഥോ അണത്ഥാണബന്ധോ സംവുത്തോ. സംപദം തക്കേമി അത്തഭവദാ വക്കലം ഗേൺഹിഅ തവോവണം ഗന്ദവ്വംത്തി. (അയം സോƒർത്ഥോƒനർത്ഥാനുബന്ധഃ സംവൃത്തഃ സാമ്പ്രതം. തർക്ക-യാമ്യത്രഭവതാ വല്ക്കലം ഗൃഹീത്വാ തപോവനം ഗന്തവ്യമിതി.)

ഉർവ്വശീ: മംവി മന്ദഭാഇണീം കിദവിണഅസ പുത്തസ്സ ലാഭാണന്തരം സഗ്ഗാരോഹണേണ അവസിദകജ്ജം വിപ്പഓഅമുഹിം മഹാരാഓ സമത്ഥഇസ്സദി. (മാമപി മന്ദഭാഗിനിം കൃതവിനയസ്യ പുത്രസ്യ ലാഭാനന്തരം സ്വർഗ്ഗാരോഹണേനാവസിതകാര്യാം വിപ്രയോഗമുഖീം മഹാരാജഃ സമർത്ഥയിഷ്യതി.)

രാജാ: സുന്ദരി! മാ മൈവം

**ന ഹി സുലഭവിയോഗാ കർത്തുമാത്മപ്രിയാണി**
**പ്രഭവതി പരവത്താ, ശാസനേ തിഷ്ഠ ഭർത്തുഃ**
**അഹമപി തവ സൂനാവദ്യ വിന്യസ്യ രാജ്യം**
**വിചരിതമൃഗയൂഥാന്യാശ്രയിഷ്യേ വനാനി.** **17**

കുമാരഃ: നാർഹതി താതഃ പുംഗവധാരിതയാം ധുരി ദമ്യം നിയോജയിതും.

രാജാ: അയി വത്സ! മാ മൈവം.

**ശമയതി ഗജനന്യാൻ ഗന്ധദ്വിപ: കളഭോƒപി സൻ**
**ഭവതി സുതരാം വേഗോദഗ്രം ഭുജംഗശിശോർവിഷം**
**ഭുവമധിപതിർബ്ബാലാവസ്ഥോƒപ്യലം പരിരക്ഷിതും**
**ന ഖലു വയസാ ജാത്യൈവായം സ്വകാര്യസഹോ ഭരഃ** **18**

ആര്യ ലാതവ്യ!

കഞ്ചുകീ: ആജ്ഞാപയതു ദേവഃ.

രാജാ: മദ്വചനാദമാത്യപരിഷദം ബ്രൂഹി, സംഭ്രിയതാമായുഷോ രാജ്യാഭിഷേക, ഇതി.

കഞ്ചുകീ: യദാജ്ഞാപയതി ദേവഃ (ഇതി ദുഃഖിതോ നിഷ്ക്രാന്തഃ )

(സർവ്വേ ദൃഷ്ടിവിഘാതം രൂപയന്തി)

രാജാ: (ആകാശമവലോക്യ) കിം നു ഖലു നിരഭ്രേ വിദ്യുത്സംപാതഃ?

ഉർവ്വശീ: (വിലോക്യ) അമ്മോ! ഭഅവം ണാരദോ (അഹോ! ഭഗവാൻ നാരദഃ)

വിദൂഷകൻ: ആര്യാ! നല്ലകാര്യം. അനർത്ഥം പിന്തുടരുന്നതായി ത്തീർന്നുവല്ലോ. ഞാൻ വിചാരിക്കുന്നു, അവിടേക്കു മരവിരിയുടുക്കേണ്ട കാലമായി എന്ന്.

ഉർവ്വശി: ഭാഗ്യംകെട്ട എന്നേയും, കൃതവിനയനായ പുത്രനെ കിട്ടിയ തിന്റെശേഷം സ്വർഗ്ഗാരോഹണംകൊണ്ട് സമാപ്തകാര്യയായിട്ട് മഹാ രാജാവ് വിചാരിച്ചാലും.

രാജാവ്: അങ്ങനെയല്ല,

**പരവശനു വിയോഗം കൂടുമാത്മേച്ഛ പറ്റാ**
**മരുവുക നിജനാഥൻ ചൊല്ലിടുംപോലെ തന്നെ;**
**തരുണതനയനിൽബ്ഭൂഭാരമേല്പിച്ചു ഞാനും**
**ഹരിണഗണമിണങ്ങും കാടു കേറിത്തപിപ്പേൻ. 17**

കുമാരൻ: അച്ഛാ, വലിയ കാളയെടുത്തിരുന്ന ഭാരമെടുപ്പാൻ വത്സനെ വെക്കുന്നതു ശരിയല്ല.

രാജാവ്: അല്ലേ ഉണ്ണീ,

**എതിർകരികളെ വെല്ലും ഗന്ധദ്വിപം ചെറുതാകിലും**
**ബത വിഷജവം സർപ്പക്കുഞ്ഞിന്റേയും ഗുരുവാകുമേ,**
**ക്ഷിതിയെ നൃപനും ബാലൻ പാലിക്കുവാൻ മതിയാകുമീ**
**യിതിനായി വയസ്സല്ലേ കാര്യം മഹൽസഹജം ഗുണം. 18**

ലാതവ്യ! എന്റെ വാക്കായി മന്ത്രിമാരോടു കുമാരന്റെ രാജ്യാഭി ഷേകോത്സവത്തിനുവേണ്ട വട്ടങ്ങളൊക്കെ തയ്യാറാക്കുവാൻ പറയൂ.

കഞ്ചുകി: തമ്പുരാന്റെ കല്പന. (വ്യസനത്തോടുകൂടി പോകുന്നു)

(എല്ലാവരും ദൃഷ്ടിപ്രതിഹതിയെ നടിക്കുന്നു)

രാജാവ്: എന്താണിത്? മേഘം കൂടാതെ മിന്നൽ വീഴുന്നത്?

ഉർവ്വശി: (നോക്കീട്ട്) അല്ല, ഭഗവാൻ നാരദൻ!

രാജാ: (നിപുണമവലോക്യ) അയേ! ഭഗവാൻ നാരദഃ യ ഏഷഃ

**ഗോരോചനാനികഷപിംഗജടാകലാപഃ**
**സംലക്ഷ്യ തേ ശശികലാമലവീതസൂത്രഃ**
**മുക്താഗുണാതിശയസംഭൃതമണ്ഡനശ്രീർ**
**ഹേമപ്രരോഹ ഇവ ജംഗമക ല്പവൃക്ഷഃ** 19

അർഘ്യം താവദസ്മൈ.

ഉർവ്വശീ: (യഥോക്തമാദായ) ഇഅം ഭഅവദേ അരിഹണാ. (ഇയം ഭഗവതേ$f$ർഹണാ)

(തതഃ പ്രവിശതി നാരദഃ സർവ്വ ഉത്തിഷ്ഠന്തി)

നാരദഃ: വിജയതാം വിജയതാം മധ്യമലോകപാലഃ.

രാജാ: (ഉർവ്വശീഹസ്താദർഘ്യമാദായാവർജ്ജ്യ ച) ഭഗവൻ! അഭിവാദയേ

ഉർവ്വശീ: ഭഅവം! പണമാമി. (ഭഗവൻ! പ്രണമാമി.)

നാരദഃ: അവിരഹിതൗ ദമ്പതീ ഭൂയാസ്താം.

രാജാ: (ആത്മഗതം) അപി നാമൈവം സ്യാത്? (കുമാരമാശ്ലിഷ്യ പ്രകാശം)

വത്സ! ഭഗവന്തമഭിവാദയസ്വ.

കുമാരൻ: ഭഗവൻ! ഔർവ്വശേയ ആയുഃ പ്രണമതി.

നാരദഃ: ആയുഷ്മാനേധി.

രാജാ: അയം വിഷ്ടരോ$f$നുഗൃഹ്യതാം.

നാരദഃ: തഥാ (ഇത്യുപവിഷ്ടഃ)

(സർവ്വേ നാരദമനുപവിശന്തി.)

രാജാ: (സവിനയം) ഭഗവൻ! കിമാഗനപ്രയോജനം.

നാരദഃ: രാജൻ! ശ്രൂതയാം മഹേന്ദ്രസന്ദേശഃ

രാജാ: അവഹിതോ$f$സ്മി.

നാരദഃ: പ്രഭാവദർശീ മഘവാ വനഗമനായ കൃതബുദ്ധിം ഭവന്തമനു–ശാസ്തി.

രാജാ: കിമാജ്ഞാപയതി.

രാജാവ്: ഭഗവാൻ നാരദൻ – ഇദ്ദേഹം,

**ഗോരോചനയ്ക്കു ശരി ചെഞ്ചിട നല്ല തിങ്കൾ**
**ക്കീറൊത്ത നിർമ്മലമതാകിയ യജ്ഞസൂത്രം**
**ഹാരാഭയെന്നിവയൊടും വിലസുന്നു പൊന്നിൻ**
**പാരിൽ ചരിക്കുമൊരു ക ല്പകമെന്നപോലെ.** 19

(പരിഭ്രമിച്ചിട്ട്) അവിടേക്കർഘ്യം.

ഉർവ്വശി: (പറഞ്ഞതുപോലെ എടുത്തിട്ട്) ഇതാ, ഭഗവാന്റെ അർഹണം.

(അനന്തരം നാരദൻ പ്രവേശിക്കുന്നു)

നാരദൻ: മദ്ധ്യമലോകപാലകൻ ജയിച്ചാലും!

രാജാവ്: (ഉർവ്വശിയുടെ കൈയ്യിൽനിന്നർഘ്യം മേടിച്ചു പൂജിച്ചിട്ട്) ഭഗവൻ, ഞാൻ അഭിവാദ്യം ചെയ്യുന്നു!

ഉർവ്വശി: സുപ്രസന്നങ്ങളായ നിങ്ങളുടെ ചരണകമലങ്ങളിൽ ഞാൻ നമസ്കരിക്കുന്നു.

നാരദൻ: ദമ്പതികൾ പിരിയാതിരിക്കട്ടെ.

രാജാവ്: (വിചാരം) ഇങ്ങനെ ഭവിക്കുമോ? (സ്പഷ്ടം കുമാരനെ ആലിംഗനം ചെയ്തിട്ട്) ഉണ്ണി! ഭഗവാനെ അഭിവാദ്യം ചെയ്യൂ.

കുമാരൻ: ഭഗവൻ, ഔർവശേയൻ നമസ്കരിക്കുന്നു!

നാരദൻ: ആയുസ്സോടുകൂടിയിരിക്കൂ.

രാജാവ്: ഈ ആസനത്തിലിരിക്കാം

നാരദൻ: അങ്ങനെ തന്നെ.

(എല്ലാവരും ഇരിക്കുന്നു)

മഹാരാജാവു കേട്ടാലും. പ്രഭാവം കൊണ്ടറിയുന്ന ഭഗവാൻ ദേവേന്ദ്രൻ വനവാസത്തിനു വിചാരിക്കുന്ന ഇവിടത്തോടു കല്പിക്കുന്നു.

രാജാവ്: എന്താണു കല്പിക്കുന്നത്?

നാരദഃ: ത്രികാലദർശിഭിർമുനിഭിരാദിഷ്ടോ മഹാൻ സുരാസുരസംഗരോ ഭാവീ. ഭവാംശ്ച സാംയുഗീനഃ സഹായോ നഃ തേന ന ത്വയാ ശസ്ത്രം സംന്യസ്തവ്യം. ഇയം ചോർവ്വശീ യാവദായുസ്തവ സഹധർമ്മചാരിണീ ഭവത്വിതി.

ഉർവ്വശീ: (അപവാര്യ) അമ്മഹേ! സല്ലം വിഅ മേ ഹിഅആദോ അവണീദം.(അഹോ! ശല്യമിവ മേ ഹൃദയാദപനീതം.)

രാജാ: പരവാനസ്മി ദേവേശ്വരേണ.

നാരദഃ:യുക്തം.

**ത്വത്കാര്യം വാസവഃ കുര്യാത് ത്വം ച തസ്യേഷ്ടമാചരേഃ**
**സൂര്യഃ സമേധയത്യഗ്നിമഗ്നിഃ സൂര്യം ച തേജസാ** **20**

(ആകാശമവലോക്യ) രംഭേ! ഉപനീയതാം സ്വയം മഹേന്ദ്രേണ സംഭൃതഃ കുമാരസ്യായുഷോ യൗവരാജ്യാഭിഷേകഃ

(പ്രവിശ്യ)

രംഭാ: ഭഅവം ഇമേ അഭിസേഅസംഭാരാ (ഭഗവന്നേതേ*f*ഭിഷേക സംഭാരാഃ)

നാരദഃ: ഉപവേശ്യതാമയമായുഷ്മാൻ ഭദ്രപീഠേ.

രംഭാ: ഇദോ വച്ഛ! (ഇതോ വത്സ!)

(ഇതി കുമാരം ഭദ്രപീഠ ഉപവേശയതി)

നാരദഃ: (കുമാരസ്യ ശിരസി കലശമാവർജ്യ) രംഭേ! നിർവർത്യതാം ശേഷോ വിധിഃ.

രംഭാ: (യഥോക്തം, നിർവർത്യ) വച്ഛ! പണമ ഭഅവന്തം പിദരോ അ. (വത്സ! പ്രണമ ഭഗവന്തം പിതരൗ ച)

(കുമാരോ യഥാക്രമം പ്രണതി)

നാരദഃ: സ്വസ്തി ഭവതേ!

രാജാ: കുലധുരന്ധരോ ഭവ!

ഉർവ്വശീ: പിദുണോ ആരാഹഓ ഹോഹി. (പിതുരാരാധകോ ഭവ.)

നാരദൻ: 'ഭൂതഭവിഷ്യദ്വർത്തമാനങ്ങളെ അറിയുന്ന മഹർഷിമാർ പറഞ്ഞിരിക്കുന്നു ദേവാസുരയുദ്ധം ഭവിക്കാനിരിക്കുന്നു എന്ന്. യുദ്ധത്തിൽ സഹായമായിട്ട് അങ്ങുന്നാണ്. അതുകൊണ്ട് അങ്ങ് ആയുധം വെക്കരുത്. ഈ ഉർവശിയാകട്ടെ ജീവിച്ചിരിക്കുന്ന കാലം മുഴുവൻ സഹധർമ്മചാരിണിയായിരിക്കട്ടെ' എന്ന്

ഉർവ്വശി: (വിചാരം) എന്റെ മനസ്സിൽനിന്നു ശല്യം പറിച്ചുകളഞ്ഞു.

രാജാവ്: ദേവന്ദ്രനെക്കൊണ്ടു ഞാൻ പരതന്ത്രനായിത്തീർന്നിരിക്കുന്നു.

നാരദൻ: **അങ്ങയ്ക്കിന്ദ്രൻ തുണച്ചീടുമങ്ങുന്നിന്ദ്രന്നുമങ്ങനെ**
**അഗ്നിക്കേകും കാന്തിസൂര്യനഗ്നിസൂര്യന്നുമങ്ങനെ** 20

(ആകാശത്തു നോക്കീട്ട്) രംഭേ, കുമാരന്റെ യൗവരാജ്യാഭിഷേക ത്തിനു ദേവേന്ദ്രൻ സംഭരിച്ച സാമനങ്ങളെ കൊണ്ടുവരികതന്നെ.

(അപ്സരസ്സുകൾ പ്രവേശിച്ച്)

ഭഗവാൻ, ഇതാ അഭിഷേക സംഭാരങ്ങൾ

നാർദൻ: ആയുഷ്മാനായ ഇവനെ ഭദ്രപീഠത്തിലിരുത്തിയാലും.

രംഭ: (പറഞ്ഞപോലെ ചെയ്തിട്ട്) ഉണ്ണി! ഭഗവാനെയും അച്ഛനമ്മ മാരേയും വന്ദിക്കൂ.

(കുമാരൻ ക്രമത്തിൽ നമസ്കരിക്കുന്നു)

നാരദൻ: ഭവാനു നല്ലതു വരട്ടെ!

രാജാവ്: കുലധുരന്ധരനായി ഭവിക്കട്ടെ.

ഉർവ്വശി: അങ്ങയെ ആരാധിക്കുന്നവനായി ഭവിക്കട്ടെ!

(നേപത്ഥ്യേ വൈതാലികദ്വയം)

പ്രഥമഃ: വിജയതാം യുവരാജഃ!

**അമരമുനിരിവത്രിർബ്രഹ്മണോƒത്രേരിവേന്ദുർ**
**ബുധ ഇവ ശിശിരാംശോർബോധനസ്യേവ ദേവഃ**
**ഭവ പിതുരനുരൂപസ്ത്വംഗുണൈർലോകകാന്തൈ**
**രതിശയിനി സമസ്താ വംശ ഏവാശിഷസ്തേ** 21

ദ്വിതീയഃ: **തവ പിതരി പുരസ്താദുന്നതാനാ, സ്ഥിതേƒസ്മിൻ**
**സ്ഥിതിമതി ച വിഭക്താ ത്വയ്യനാകമ്പ്യധൈര്യേ**
**അധികതരമിദാനീം രാജതേ രാജലക്ഷ്മീർ**
**ഹിമവതി ജലധൗ ച വ്യസ്തതോയേവ ഗംഗാ.** 22

രംഭാ: (ഉർവ്വശീമുപേത്യ) ദിട്ഠിആ പിഅസഹീ പുത്തസ്സ ജുവരാആ സിരീഏ ഭത്തുണോ അവിരഹേണ അ വഡ്ഢദി. (ദിഷ്ട്യാ പ്രിയസഖീ പുത്രസ്യ യുവരാജശ്രിയാ ഭർത്തുരവിരഹേണ ച വർദ്ധതേ.)

ഉർവ്വശീ: ണം സാഹാരണോ ഏസ അബ്ഭുദയോ. (നനു സാധാരണ ഏഷോƒഭ്യുദയഃ) (കുമാരം ഹസ്തേ ഗൃഹീത്വാ) ഏഹി വച്ഛ! ജേട്ഠമാദരം അഭിവന്ദേഹി. (ഏഹി വത്സ! ജേഷ്ഠമാതരമഭിവന്ദസ്വ.)

(കുമാരഃ പ്രതിഷ്ഠതേ.)

നാരദഃ: തിഷ്ഠ സമമേഷ തത്രഭവത്യാഃ സമീപം യാസ്യാമസ്താവത്.

**ആയുഷോ യൗവരാജ്യശ്രീഃ സ്മാരയത്യാത്മജസ്യതേ**
**അഭിഷിക്തം മഹാസേനം സൈനാപത്യേ മരുത്വതാ.** 23

രാജാ: ഏവമനുഗൃഹീതോ ഭവതാ കഥം ന യോഗ്യോ ഭവിഷ്യതി?

നാരദഃ: ഭോ രാജൻ! കിം തേ ഭുയഃ പ്രിയമുപകരോതു പാകശാസനഃ

(അണിയറയിൽ വൈതാളികർ)

''യുവരാജാവു സർവ്വോത്കർഷേണ വർത്തിച്ചാലും!''

ഒന്നാമൻ: **വിധിയുടെ സുതനായോരത്രിയെപ്പോലെയത്രി–**
**ക്കധികകൃതി ശശാങ്കൻപോലെ ചന്ദ്രന്നിവണ്ണം**
**ബുധനതുവിധമങ്ങോർക്കെളനെപ്പോലെ വാഴ്ക–**
**ങ്ങധിഗുണമണിവംശേ തീർന്നിതാശിസ്സശേഷം** 21

രണ്ടാമൻ: **വലിയ ഗുണമെഴും നിൻ താതനില്ലണ്ടിരുന്നു**
**നിലയൊടു ദൃഢധൈര്യം പൂണ്ടൊരങ്ങയ്ക്കൊതുങ്ങി**
**പലഗുണമൊടുമിന്നീ മന്നവശ്രീയു മഞ്ഞാം**
**മലയൊടുമലയോടും ചേർന്നീടും ഗംഗപോലെ.** 22

അപ്സരസ്സുകൾ: (ഉർവ്വശിയുടെ അടുത്തുചെന്നിട്ട്) ഭാഗ്യത്താൽ കുമാരന്റെ യൗവരാജ്യശ്രീകൊണ്ടും ഭർത്താവിന്റെ അവിരഹം കൊണ്ടും നീ വർദ്ധിക്കുന്നു.

ഉർവ്വശി: സാധരണമായുള്ളതാണല്ലോ ഈ അഭ്യുദയം.

രംഭ: (കുമാരന്റെ കൈ പിടിച്ചിട്ട് ) വരൂ ഉണ്ണി, അമ്മയെ അഭിനന്ദിക്കൂ

നാരദൻ: നില്ക്കൂ. സമയത്തിൽ തത്രഭവതിയുടെ അടുക്കൽ പോവാമല്ലോ. അല്ലേ മഹാരാജാവേ

**തവായുസ്സിൻ യൗവരാജ്യനവശ്രീയോർമ്മതന്നു മേ**
**ദേവേന്ദ്രൻ യുവരാജാവായ്മേവിച്ചോരു കുമാരനെ.** 23

രാജാവ്: ഇങ്ങനെ ഭവാൻ അനുഗ്രഹിച്ച ഇവൻ എങ്ങനെ അയോഗ്യനായി ഭവിക്കും?

നാരദൻ: ഇനിയും പാകശാസനൻ അങ്ങയ്ക്കെന്തിഷ്ടമാണു ചെയ്യേണ്ടത്?

രാജാ: യദി മേ മഘവാ പ്രസന്നഃ കിമതഃ പരമിച്ഛാമി? തഥാപീദമസ്തു.

(ഭരതവാക്യം)

**പരസ്പരവിരോധിന്യോരേകസംശ്രയദുർലഭം**
**സംഗതം ശ്രീസരസ്വത്യോർഭൂതയേƒസ്തു സദാ സതാം 24**

അപി ച

**സർവ്വസ്തരതു ദുർഗ്ഗാണി സർവ്വോ ഭദ്രാണി പശ്യതു**
സർവ്വഃ കാമാനവാപ്നോതു സർവ്വഃ സർവ്വത്ര നന്ദതു 25

(ഇതി നിഷ്ക്രാന്താഃ സർവ്വേ)

**(ഇതി പഞ്ചമോƒങ്കഃ)**

**(സമാപ്തമിദം വിക്രമോർവ്വശീയം നാമ നാടകം).**

രാജാവ്: ഭഗവാൻ പ്രസാദിച്ചിരിക്കുന്നു എങ്കിൽ ഇനി ഞാനെന്താണിച്ഛിക്കേണ്ടത്? എന്നാലും ഇതിരിക്കട്ടെ.

(ഭരതവാക്യം)

**തമ്മിലൊന്നിലിണങ്ങാത്ത രമ്യശ്രീവാണിമാർ സദാ**
**നന്മയുള്ളോർക്കു ഭൂതിക്കായ് ചെമ്മേ ചേർന്നു വരേണമേ.** 24

(എല്ലാവരും പോകുന്നു)

**(അഞ്ചാമങ്കം കഴിഞ്ഞു,)**

**(വിക്രമോർവ്വശീയം നാടകം സമാപ്തം)**